## ഒന്ന്

> ഭൂമിയിലെ സകല വംശങ്ങളിൽവെച്ച് ഞാൻ നിങ്ങളെ മാത്രം തെരഞ്ഞെടുത്തിരിക്കുന്നു; അതുകൊണ്ട് ഞാൻ നിങ്ങളുടെ അകൃത്യങ്ങളൊക്കെയും നിങ്ങളിൽ സന്ദർശിക്കും. ആമോസ് 3 : 2

ആമോസ് പ്രവാചകൻ ദൈവത്തിന്റെ ന്യായവിധിയെക്കുറിച്ച് പ്രവചിച്ച പ്രവചനങ്ങളാണ് ആമോസിന്റെ പുസ്തകം. പാപത്തിന്റെ മേലുള്ള ദൈവീക ന്യായവിധി - അതാണ് ആമോസ് പ്രവാചകന്റെ പ്രവചനത്തിന്റെ കേന്ദ്രവിഷയം.

B. C. 8-ാം നൂറ്റാണ്ടിലാണ് ആമോസ് പ്രവാചകൻ പ്രവചിക്കുന്നത്. ആമോസ് പ്രവാചകൻ സ്വന്തം ജീവിതത്തിന്റെ അനുഭവം തുറന്നു പറയുന്ന ഒരു ഭാഗമുണ്ട്. പ്രവാചകൻ പറയുകയാണ്.

> “ഞാൻ പ്രവാചകനല്ല, പ്രവാചക ശിഷ്യനുമല്ല. ഇടയനും കാട്ടത്തിപ്പഴം പെറുക്കുന്നവനും അത്രേ. ഞാൻ ആടുകളെ നോക്കിക്കൊണ്ടിരിക്കുമ്പോൾ യഹോവ എന്നെ പിടിച്ചു. നീ ചെന്നു എന്റെ ജനമായ യിസ്രായേലിനോട് പ്രവചിക്ക എന്ന് യഹോവ എന്നോട് കല്പിച്ചു എന്ന് ഉത്തരം പറഞ്ഞു.” ആമോസ് 7 : 14-5

ഒരു ആട്ടിടയനായിരുന്നു ആമോസ്. പ്രവാചക സ്കൂളിൽ പഠിച്ചിട്ടുള്ള പരിചയമോ പാരമ്പര്യമോ ആത്മീയമായ പാരമ്പര്യത്തിന്റെ മികവോ തികവോ ഒന്നും ആമോസിന് ഉണ്ടായിരുന്നില്ല. പ്രവാചകനല്ല, പ്രവാചക ശിഷ്യനുമല്ല. കേവലം ഒരു ആട്ടിടയൻ. കാട്ടത്തിപ്പഴം പെറുക്കിക്കൊണ്ട്, ആടുകളെ നോക്കിക്കൊണ്ട് നടന്ന ഒരു സാധുവായ ആട്ടിടയ യുവാവ്.

എന്നാൽ ആമോസിനുണ്ടായ മേന്മ, ദൈവം ആമോസിനെ പിടിച്ചു. ദൈവം ആമോസിനെ ഉണർത്തി, ദൈവം ആമോസിനെ തന്റെ വേലയ്ക്കായി നിയോഗിച്ചു എന്നതാണ്.

> "ഞാൻ ആടുകളെ നോക്കിക്കൊണ്ടിരിക്കുമ്പോൾ യഹോവ എന്നെ പിടിച്ചു നീ ചെന്ന് എന്റെ ജനമായ യിസ്രായേലിനോട് പ്രവചിക്ക എന്ന് യഹോവ എന്നോട് കല്പിച്ചു" എന്ന് ആമോസ് പറഞ്ഞു.

പ്രിയ സ്നേഹിതരെ, ദൈവത്തിന്റെ വേലചെയ്യുന്നതിനുള്ളതായ ഏറ്റവും വലിയ യോഗ്യത ദൈവം തന്റെ വേല ഭരമേല്പിക്കുന്നു എന്നുള്ളതാണ്. ഒരാളെ ദൈവം തന്റെ വേല ഭരമേല്പിക്കുന്നു എങ്കിൽ ദൈവത്തിന്റെ വേല ചെയ്യുവാനുള്ള യോഗ്യത ലഭിക്കുകയാണ്.

> "യഹോവയായ കർത്താവ് എന്നെ പിടിച്ചു നീ ചെന്ന് എന്റെ ജനമായ യിസ്രായേലിനോട് പ്രവചിക്ക എന്ന് ദൈവം കല്പിച്ചു."

ആമോസിനു കിട്ടിയ മേന്മ ആത്മീകമായ പാരമ്പര്യമല്ലായിരുന്നു. ഒരു പ്രവാചകൻ എന്നുള്ളതായ പദവിയോ പ്രൗഢിയോ അല്ലായിരുന്നു. പ്രവാചകനോ പ്രവാചക ശിഷ്യനോ എന്നുള്ള യാതൊരു ബഹുമതിക്കും ആമോസിന് യോഗ്യത ഉണ്ടായിരുന്നില്ല.

എന്നാൽ ദൈവത്തിന്റെ വേലയ്ക്കുവേണ്ടി ദൈവം ആമോസിനെ വിളിക്കുന്നത് ആമോസിന്റെ ഏറ്റവും വലിയ പദവി

ആയിരുന്നു. ആടുകളെ നോക്കി ഒരാട്ടിടയനായി കാട്ടിലൂടെ, മലഞ്ചെരുവിലൂടെ, നടക്കുമ്പോൾ ദൈവം ആമോസിനെ വിളിച്ചു, ദൈവം ആമോസിനെ പിടിച്ചു. നീ ചെന്ന് എന്റെ ജനമായ യിസ്രായേലിനോട് പ്രവചിക്ക എന്ന് ദൈവം കല്പിച്ചു.

പ്രിയപ്പെട്ടവരേ, വേദപുസ്തകം നാം പഠിക്കുമ്പോൾ ആടുകളെ നോക്കിക്കൊണ്ടിരിക്കുന്ന സമയത്ത് തന്നേ പിടിക്കപ്പെട്ട മറ്റുചിലരേയും നമുക്ക് കാണാൻ സാധിക്കും.

മോശ സീനായ് മലയുടെ ചെരുവിലൂടെ യിത്രോവിന്റെ ആടുകളെ മേയിച്ചു നടക്കുമ്പോഴാണ് ദൈവം മോശയെ കടന്ന് പിടിച്ച് തന്റെ വേല ഭരമേല്പിച്ചത്. ഹോരേബിലെ മുൾപ്പടർപ്പിന്റെ മറവിൽ മോശ നിൽക്കുമ്പോൾ ആ മുൾപ്പടർപ്പ് കത്തുന്നതും, മുൾപ്പടർപ്പിൽ കത്തുന്ന തീയുടെ നടുവിൽ നിന്ന് യഹോവ മോശയോട് സംസാരിക്കുന്നതും മോശയ്ക്ക് അത്യത്ഭുതകരമായ ഒരു അനുഭവം ആയിരുന്നു.

ദൈവം മോശയെ വിളിച്ചു. ആടുകളെ നോക്കിക്കൊണ്ടിരിക്കുമ്പോൾ ദൈവം മോശയെ വിളിച്ച്, തന്റെ വേലക്കായി വേർതിരിച്ചു.

ദാവീദ് രാജാവിനെ ദൈവം വിളിക്കുമ്പോൾ ദാവീദ് രാജാവായിരുന്നില്ല. ദാവീദ് ഒരു ഇടയ യുവാവായിരുന്നു. ആടുകളെ നോക്കുകയായിരുന്നു ദാവീദിന്റെയും വേല.

ആടുകളെ നോക്കിക്കൊണ്ട് ബേത്‌ലഹെം മലഞ്ചെരുവിലൂടെ ദാവീദ് നടക്കുമ്പോൾ ദാവീദിനെ ദൈവത്തിന്റെ പ്രവാചകനിൽ കൂടി ദൈവം വിളിച്ചു. ശമൂവേൽ ദൈവത്തിന്റെ അരുളപ്പാട് ദാവീദിനെ അറിയിക്കുകയാണ്.

യിശ്ശായിയുടെ എട്ടുമക്കളിൽ ഏറ്റവും ഇളയവനായ ദാവീദിനെ ദൈവം തന്റെ മഹത്വമേറിയ ശുശ്രൂഷയ്ക്കുവേണ്ടി തിരഞ്ഞെടുത്തു. ദൈവം വിളിച്ചു, തെരഞ്ഞെടുത്തു, ദൈവം നിയോഗിച്ചു. ഭാഗ്യകരമായ ഒരു അനുഭവമാണ് അത്.

ദൈവത്തിന്റെ വിളി, ദൈവത്തിന്റെ തെരഞ്ഞെടുപ്പ്, ദൈവത്തിന്റെ നിയോഗം. ദാവീദിനെ യിസ്രായേലിന്റെ മധുര ഗായകനായിട്ടും ദീർഘദർശിയായിട്ടും, രാജാവായിട്ടും, യോദ്ധാവായിട്ടും നാം തിരുവചനത്തിൽ കാണുന്നുണ്ട്. യുദ്ധവീരനായിട്ടും വീരശൂരപരാക്രമിയായിട്ടും നാം ദാവീദിനെ പരിചയപ്പെടുന്നുണ്ട്. എന്നാൽ ദാവീദിനെ ദൈവം വിളിച്ചു വേർതിരിച്ചത് ദൈവത്തിന്റെ അളവറ്റ സ്നേഹമായിരുന്നു. ദാവീദിനോടുള്ള സൗജന്യ കൃപയായിരുന്നു.

ദാവീദിനോടുള്ള ദൈവത്തിന്റെ കൃപ ദാവീദിനെ ഉണർത്തി, വളർത്തി, ഉയർത്തി. ദൈവം ദാവീദിനെക്കുറിച്ച് പിൽക്കാലത്ത് പറയുന്നത് "എന്റെ ഹൃദയപ്രകാരമുള്ള മനുഷ്യൻ" എന്നാണ് - "A man after my own heart."

എനിക്ക് ബോധിച്ച പുരുഷൻ എന്ന് അപ്പൊസ്തല പ്രവൃത്തികളുടെ പുസ്തകം പന്ത്രണ്ടാം അദ്ധ്യായം വായിക്കുമ്പോൾ നമുക്കു കാണാം. ദൈവം ദാവീദിനെ വിളിക്കുന്നത് എനിക്ക് ബോധിച്ച പുരുഷൻ എന്നാണ്. ദാവീദ് ആടുകളെ നോക്കിക്കൊണ്ടിരിക്കുമ്പോഴാണ് ദൈവത്തിന്റെ വിളി പ്രാപിക്കുന്നത്.

ആമോസ് പ്രവാചകനും ദൈവത്തിന്റെ വിളികേട്ടു. ദൈവത്തിന്റെ തെരഞ്ഞെടുപ്പ്, ദൈവത്തിന്റെ നിയോഗം ആമോസിനും ലഭിച്ചു. ഈ അനുഭവം ആമോസിന് ലഭിച്ചതുകൊണ്ടാണ് ആമോസ് ഇപ്രകാരം പറയുന്നത്.

ദൈവം തെരഞ്ഞെടുക്കുന്നു, ദൈവം വിളിക്കുന്നു, ദൈവം നിയോഗിക്കുന്നു, ആമോസ് മൂന്നിന്റെ രണ്ടിൽ നാം അങ്ങനെയാണ് വായിച്ചത്.

"ഭൂമിയിലെ സകല വംശങ്ങളിലുംവെച്ച് ഞാൻ നിങ്ങളെ മാത്രം തെരഞ്ഞെടുത്തിരിക്കുന്നു; അതുകൊണ്ട് ഞാൻ നിങ്ങളുടെ അകൃത്യങ്ങളൊക്കെയും നിങ്ങളിൽ സന്ദർശിക്കും."

നിങ്ങളെ മാത്രം തെരഞ്ഞെടുത്തിരിക്കുന്നു; ദൈവം തെരഞ്ഞെടുക്കുന്നു, ദൈവം വിളിക്കുന്നു, ദൈവം വേർതിരിക്കുന്നു, ദൈവം തന്റെ വേല ഭരമേൽപ്പിക്കുന്നു.

യിരെമ്യാ പ്രവാചകന്റെ പുസ്തകം ഒന്നാം അദ്ധ്യായം നാലാം വാക്യംമുതൽ നാം വായിക്കുമ്പോൾ അവിടെ നാം കാണുന്നു. യിരെമ്യാവിനെ ദൈവം തെരഞ്ഞെടുക്കുന്നു എന്ന്.

"യഹോവയുടെ അരുളപ്പാട് എനിക്കുണ്ടായതെന്തെന്നാൽ: നിന്നെ ഉദരത്തിൽ ഉരുവാക്കിയതിന്ന് മുമ്പെ ഞാൻ നിന്നെ അറിഞ്ഞു; നീ ഗർഭപാത്രത്തിൽ നിന്ന് പുറത്ത് വന്നതിന് മുമ്പെ ഞാൻ നിന്നെ വിശുദ്ധീകരിച്ചു. ജാതികൾക്ക് പ്രവാചകനായി നിയമിച്ചിരിക്കുന്നു."

ഞാൻ നിന്നെ അറിഞ്ഞു, ഞാൻ നിന്നെ വിശുദ്ധീകരിച്ചു, ഞാൻ നിന്നെ ജാതികൾക്ക് പ്രവാചകനായി നിയമിച്ചിരിക്കുന്നു. അറിയുന്നു; വിശുദ്ധീകരിക്കുന്നു; നിയമിക്കുന്നു.

ദൈവം തെരഞ്ഞെടുക്കുന്നു, ദൈവം നിയമിക്കുന്നു, ദൈവം തന്റെ വേല ഭരമേല്പിക്കുന്നു. ദൈവത്തിന്റെ അളവറ്റതായ വാത്സല്യം, ദൈവത്തിന്റെ അത്ഭുതകരമായ കാരുണ്യം. നിസ്സാരനായ മനുഷ്യനെ തന്റെ വേലയ്ക്കായി തെരഞ്ഞെടുക്കുകയും തന്റെ വേല ഭരമേല്പിക്കുകയും ചെയ്യുന്ന ദൈവത്തിന്റെ അളവറ്റ കാരുണ്യം.

അപ്പൊസ്തലനായ പൗലൊസിനെ ദൈവം തെരഞ്ഞെടുത്തതിനെ കുറിച്ച് അപ്പൊസ്തലൻ പറയും; അപ്പൊസ്തല പ്രവൃത്തികളുടെ പുസ്തകം ഇരുപത്തിരണ്ടാം അദ്ധ്യായം പതിന്നാലാം വാക്യത്തിൽ നാം കാണുന്നത് :

"നമ്മുടെ പിതാക്കന്മാരുടെ ദൈവം നിന്നെ തന്റെ ഇഷ്ടം അറിവാനും നീതിമാനായവനെ കാണ്മാനും അവന്റെ വായിൽ നിന്ന് വചനം കേൾപ്പാനും നിയമിച്ചിരിക്കുന്നു. നീ കാൺകയും കേൾക്കയും ചെയ്തതിന്ന് സകലമനു

ഷ്യർക്കും നീ അവന്റെ സാക്ഷിയായിത്തീരും."

"നമ്മുടെ പിതാക്കന്മാരുടെ ദൈവം നിന്നെ തന്റെ ഇഷ്ടം അറിവാൻ നിയമിച്ചിരിക്കുന്നു. നമ്മുടെ പിതാക്കന്മാരുടെ ദൈവം നീതിമാനായവനെ കാണ്മാൻ നിന്നെ നിയമിച്ചിരിക്കുന്നു. നമ്മുടെ പിതാക്കന്മാരുടെ ദൈവം നിന്നെ ദൈവത്തിന്റെ വായിൽ നിന്ന് വചനം കേൾപ്പാൻ നിയമിച്ചിരിക്കുന്നു. നമ്മുടെ പിതാക്കന്മാരുടെ ദൈവം നീ കാൺകയും കേൾക്കുകയും ചെയ്തതിന്ന് സകല മനുഷ്യർക്കും അവന്റെ സാക്ഷിയായി തീരുവാൻ നിന്നെ നിയമിച്ചിരിക്കുന്നു."

ദൈവം വിളിക്കുന്നു, ദൈവം തെരഞ്ഞെടുക്കുന്നു, ദൈവം നിയമിക്കുന്നു, Appoint ചെയ്യുന്നു, ദൈവത്തിന്റെ അത്ഭുത കാരുണ്യം.

ഇവിടെ ആമോസ് പറയുകയാണ് : "ഭൂമിയിലെ സകല വംശങ്ങളിലും വെച്ച് ഞാൻ നിങ്ങളെ മാത്രം തെരഞ്ഞെടുത്തിരിക്കുന്നു. അതുകൊണ്ട് ഞാൻ നിങ്ങളുടെ അകൃത്യങ്ങളൊക്കെയും നിങ്ങളിൽ സന്ദർശിക്കും."

ദൈവജനമേ, ദൈവം നമ്മെ വിളിക്കുന്നു. ദൈവം നമ്മെ തെരഞ്ഞെടുക്കുന്നു. ദൈവം നമ്മെ സ്നേഹിക്കുന്നു. ദൈവം നമ്മെ തന്റെ വേലയ്ക്കായി നിയമിക്കുന്നു. ദൈവം നമ്മെ വിശുദ്ധീകരിക്കുന്നു. എന്തൊരു ഭാഗ്യകരമായ പദവിയാണത്! നിത്യനായ ദൈവത്തിന്റെ വിളി ലഭിക്കുക. ദൈവത്തിന്റെ തെരഞ്ഞെടുപ്പ് ലഭിക്കുക. ദൈവത്തിന്റെ നിയോഗം ലഭിക്കുക. ദൈവത്തിന്റെ നിയമനം ലഭിക്കുക. ദൈവം തരുന്ന വിശുദ്ധീകരണം അനുഭവിക്കുക. എന്തൊരു പദവി! ദൈവം ആമോസിനെ നിയമിച്ചു. ദൈവം ആമോസിനെ തെരഞ്ഞെടുത്തു. ദൈവം ആമോസിനെ ജാതികൾക്കു പ്രവാചകനായി നിയമിച്ചു.

ആടുകളെ നോക്കിക്കൊണ്ടിരിക്കുന്ന വേലയിൽ നിന്ന് ദൈവം വിളിച്ചു വേർതിരിച്ചു.

പ്രിയ സ്നേഹിതരേ, ഓരോരോ ജോലിയിൽ നിരതരായിരിക്കുന്നവരെ ദൈവം വിളിക്കുകയാണ്. Full time ministry - ക്ക് വേണ്ടി അല്ല ദൈവം ആമോസിനെ വിളിച്ചത്. മുഴുവൻ സമയം വേലയ്ക്കുവേണ്ടിയല്ല ദൈവം ആമോസിനെ വിളിച്ചത്. ആമോസിന് ആടുനോക്കുന്ന വേലകൂടിയുണ്ട്, കാട്ടത്തിപ്പഴം പെറുക്കുന്ന ജോലികൂടിയുണ്ട്, അതിന്റെകൂടെ ഒരു Part time ministry യ്ക്കുവേണ്ടി വിളിക്കപ്പെട്ടവനാണ് ആമോസ്.

നമുക്ക് ദൈവത്തിന്റെ വിളി ലഭിക്കുന്നതും നാം ദൈവത്തിന്റെ വേലചെയ്യുന്നതും ദൈവത്തിന്റെ ഭൃത്യനായി നിയമിക്കപ്പെടുന്നതും ഭാഗ്യമാണെന്ന് അറിഞ്ഞ് Full time ആകട്ടെ, Part time ആകട്ടെ, കർത്താവിന് വേണ്ടി വേല ചെയ്യാനാകുന്നത് വലിയ ഒരു കൃപയാണ്, വലിയ ഒരു സൗജന്യ ദാനമാണ്.

ഇന്ന്, പ്രിയപ്പെട്ടവരേ, നിങ്ങളുടെ ജീവിതത്തിൽ നിങ്ങൾക്ക് ആ വിളി ലഭിച്ചിട്ടുണ്ടോ? ആ തെരഞ്ഞെടുപ്പിന് നിങ്ങൾക്ക് അർഹത കിട്ടിയിട്ടുണ്ടോ? ദൈവത്തിന്റെ നിയമനം ലഭിച്ചിട്ടുണ്ടോ? ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ സ്പർശനം കിട്ടിയിട്ടുണ്ടോ? ദൈവം എന്നെ പിടിച്ചു എന്ന ഉറപ്പ് നിങ്ങൾക്കുണ്ടോ? എങ്കിൽ നിങ്ങൾ ഭാഗ്യശാലികൾ. ക്രിസ്തുവിന്റെ കരങ്ങളിലേയ്ക്ക് നിങ്ങളെ കൊടുക്കൂ, പുതിയ ഉടമ്പടികൾ ചെയ്യൂ, പുതിയ തീരുമാനങ്ങളെടുക്കൂ, പുതിയ വിശുദ്ധ ജീവിതം തുടങ്ങൂ, ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

## രണ്ട്

ഭൂമിയിലെ സകല വംശങ്ങളിലുംവെച്ച് ഞാൻ നിങ്ങളെ മാത്രം തെരഞ്ഞെടുത്തിരിക്കുന്നു; അതു കൊണ്ട് ഞാൻ നിങ്ങളുടെ അകൃത്യങ്ങളൊക്കെയും നിങ്ങളിൽ സന്ദർശിക്കും. ആമോസ് 3 : 2

ദൈവം ആമോസിനെ പിടിച്ചു, തെരഞ്ഞെടുത്തു. ദൈവം ദാവീദിനെ വിളിച്ചു, തെരഞ്ഞെടുത്തു. ദൈവം അപ്പൊസ്തലനായ പൗലോസിനെ വിളിച്ചു, തെരഞ്ഞെടുത്തു. ദൈവം മോശയെ വിളിച്ചു, തെരഞ്ഞെടുത്തു.

നീലനദിയിലെ പെരുവെള്ളത്തിൽ മുങ്ങിപ്പോകേണ്ടതായിരുന്നു, മോശ മൂന്നുമാസം പ്രായമുള്ളപ്പോൾ തന്നെ. മൂന്ന് മാസം പ്രായമുള്ളപ്പോൾ ശിശുവായിരുന്ന മോശയെ നീലനദിയിൽ ഞാങ്ങണപ്പെട്ടിയിൽ തള്ളിവിട്ടതാണ്. എന്നാൽ നിത്യനായ ദൈവം മോശയെ വിളിച്ചതായിരുന്നു. നിത്യനായ ദൈവം മോശയെ തന്റെ വേലയ്ക്കുവേണ്ടി തെരഞ്ഞെടുത്തതായിരുന്നു. നിത്യനായ ദൈവം മോശയെ തന്റെ വേലയ്ക്കുവേണ്ടി നിയമിച്ചതായിരുന്നു.

ദൈവം വിളിക്കുകയും തെരഞ്ഞെടുക്കുകയും ചെയ്യുന്നത് ഭാഗ്യമാണ്.

“തന്റെ പ്രാകാരങ്ങളിൽ പാർക്കേണ്ടതിന്ന് താൻ

തെരഞ്ഞെടുത്ത് അടുപ്പിക്കുന്ന മനുഷ്യൻ ഭാഗ്യവാനെന്ന് " ദാവീദ് പിൽക്കാലത്ത് പാടുന്നുണ്ട്.

സങ്കീ. 65 : 4

ദൈവത്തിന്റെ ആലയത്തിൽ വസിക്കുക. ദൈവത്തിന്റെ പ്രാകാരങ്ങളിൽ പാർക്കുക. അതൊരു വലിയ തെരഞ്ഞെടുപ്പാണ്. ദൈവത്തിന്റെ വേല ചെയ്യുക. അത് വലിയ ഭാഗ്യ പദവിയാണ്. ദൈവത്തിന്റെ നാമം ഉച്ചരിക്കുക, അതൊരു അസുലഭഭാഗ്യമാണ്.

ജീവനുള്ള ദൈവത്തിന്റെ വേലക്കാരനായിത്തീരുക. ആമോസ് യിസ്രായേൽ ജനത്തോട് പറഞ്ഞു :

"ഭൂമിയിലെ സകല വംശങ്ങളിലുംവെച്ച് ഞാൻ നിങ്ങളെ മാത്രം തെരഞ്ഞെടുത്തിരിക്കുന്നു; അതുകൊണ്ട് ഞാൻ നിങ്ങളുടെ അകൃത്യങ്ങളൊക്കെയും നിങ്ങളിൽ സന്ദർശിക്കും."

അകൃത്യങ്ങളൊക്കെയും നിങ്ങളിൽ സന്ദർശിക്കും എന്നത്രേ ദൈവം അരുളിച്ചെയ്യുന്നത്. കാരണം ഞാൻ നിങ്ങളെ തെരഞ്ഞെടുത്തതാണ്. എങ്ങനെയാണ് തെരഞ്ഞെടുത്തത്? പത്രോസിന്റെ ഒന്നാമത്തെ ലേഖനം രണ്ടാം അദ്ധ്യായത്തിന്റെ ഒമ്പതാം വാക്യം മുതൽ വായിക്കുമ്പോൾ കാണാം.

"നിങ്ങളോ അന്ധകാരത്തിൽ നിന്ന് തന്റെ അത്ഭുത പ്രകാശത്തിലേക്ക് നിങ്ങളെ വിളിച്ചവന്റെ സൽഗുണങ്ങളെ ഘോഷിപ്പാന്തക്കവണ്ണം തെരഞ്ഞെടുക്കപ്പെട്ട ഒരു ജാതിയും രാജകീയ പുരോഹിത വർഗ്ഗവും വിശുദ്ധ വംശവും സ്വന്ത ജനവും ആകുന്നു. മുമ്പെ നിങ്ങൾ ജനമല്ലാത്തവർ, ഇപ്പോഴോ ദൈവത്തിന്റെ ജനം, കരുണ ലഭിക്കാത്തവർ, ഇപ്പോഴോ കരുണ ലഭിച്ചവർ തന്നേ."

അന്ധകാരത്തിൽ നിന്ന് വിളിച്ച് തെരഞ്ഞെടുക്കപ്പെട്ടു. അന്ധകാരത്തിൽ നിന്ന് അത്ഭുത പ്രകാശത്തിലേക്ക് തെര

ഞ്ഞെടുക്കപ്പെട്ടു. അന്ധകാരത്തിൽ നിന്ന് തന്റെ അത്ഭുത പ്രകാശത്തിലേക്ക് വിളിച്ചവന്റെ സൽഗുണങ്ങളെ ഘോഷിപ്പാൻ തക്കവണ്ണം തെരഞ്ഞെടുക്കപ്പെട്ടു.

നിങ്ങൾ ദൈവജനമാണ്, ദൈവത്തിന്റെ ജാതിയാണ്, വിശുദ്ധ വംശമാണ്, സ്വന്തം ജനമാണ്, നിങ്ങൾ രാജകീയ പുരോഹിത വർഗ്ഗമാണ് - Royal Priesthood. ദൈവം വലിയ പദവിയാണ് മനുഷ്യന് തരുന്നത്.

അന്ധകാരത്തിൽ നിന്ന് അത്ഭുത പ്രകാശത്തിലേയ്ക്ക് നിങ്ങളെ വിളിച്ചു. അനേകരെ ഈ നിത്യപ്രകാശമായ ക്രിസ്തുവിനെ പരിചയപ്പെടുത്തിക്കൊടുക്കുവാനും അനേകർക്ക് ക്രിസ്തുവിന്റെ സത്യവെളിച്ചം പ്രദാനം ചെയ്യുവാനുമായി നിങ്ങളെ വിളിച്ചു, വേർതിരിച്ചു, തെരഞ്ഞെടുത്തിരിക്കുന്നു. ഇതാണ് തന്റെ ജനത്തോടുള്ള ദൈവത്തിന്റെ അരുളപ്പാട്.

ആവർത്തന പുസ്തകം ഏഴാം അദ്ധ്യായം ആറാം വാക്യം മുതൽ നാം ഇങ്ങനെ വായിക്കുന്നു.

“നിന്റെ ദൈവമായ യഹോവയ്ക്കു നീ ഒരു വിശുദ്ധ ജനം ആകുന്നു; ഭൂതലത്തിലുള്ള സകല ജാതികളിലും വെച്ചു നിന്നെ തനിക്ക് സ്വന്തജനമായിരിക്കേണ്ടതിന് നിന്റെ ദൈവമായ യഹോവ തെരഞ്ഞെടുത്തിരിക്കുന്നു. നിങ്ങൾ സംഖ്യയിൽ സകലജാതികളെക്കാളും പെരുപ്പമുള്ള വരാകകൊണ്ടല്ല യഹോവ നിങ്ങളെ പ്രിയപ്പെട്ടു തെരഞ്ഞെടുത്തത്; നിങ്ങൾ സകല ജാതികളെക്കാളും കുറഞ്ഞവരല്ലോ ആയിരുന്നത്.”

ദൈവത്തിന്റെ കരുണ ! ദൈവം കല്പിക്കുകയാണ്, നിന്റെ ദൈവമായ യഹോവയ്ക്ക് നീ ഒരു വിശുദ്ധജനം ആകുന്നു. മോശയിൽകൂടി ദൈവം ജനത്തിന് അരുളപ്പാട് കൊടുക്കുകയാണ്. നിങ്ങൾ ആരാണ്? നിങ്ങൾ വിശുദ്ധ ജനമാണ്.

> "ഭൂതലത്തിലുള്ള സകല ജാതികളിലുംവെച്ചു നിന്നെ തനിക്ക് സ്വന്തജനമായിരിക്കേണ്ടതിന് നിന്റെ ദൈവമായ യഹോവ തെരഞ്ഞെടുത്തിരിക്കുന്നു. നിങ്ങൾ സംഖ്യയിൽ സകലജാതികളെക്കാളും പെരുപ്പമുള്ളവരാകകൊണ്ടല്ല യഹോവ നിങ്ങളെ പ്രിയപ്പെട്ടു തിരഞ്ഞെടുത്തത്. നിങ്ങൾ സകല ജാതികളെക്കാളും കുറഞ്ഞവരല്ലോ ആയിരുന്നത്."
> ആവ. 7 : 6-7

അപ്പൊസ്തലനായ പൗലോസ് ഇതുതന്നെ പറയും, അപ്പൊസ്തലനായ പൗലോസ് കൊരിന്ത്യർക്ക് എഴുതിയ ഒന്നാമത്തെ ലേഖനത്തിൽ ഇക്കാര്യം പറയുന്നത് വളരെ ശ്രദ്ധേയമായ ചിലവാക്കുകളാണ്.

> "സഹോദരന്മാരേ, നിങ്ങളുടെ വിളിയെ നോക്കുവിൻ, ലോകാഭിപ്രായപ്രകാരം ജ്ഞാനികൾ ഏറെയില്ല, ബലവാൻമാർ ഏറെയില്ല, കുലീനന്മാരും ഏറെയില്ല. ജ്ഞാനികളെ ലജ്ജിപ്പിപ്പാൻ ദൈവം ലോകത്തിൽ ഭോഷത്വമായത് തെരഞ്ഞെടുത്തു, ബലമുള്ളതിനെ ലജ്ജിപ്പിപ്പാൻ ദൈവം ലോകത്തിൽ ബലഹീനമായത് തെരഞ്ഞെടുത്തു. ഉള്ളതിനെ ഇല്ലായ്മയാക്കുവാൻ ദൈവം ലോകത്തിൽ കുലഹീനവും നികൃഷ്ടവുമായതും ഏതുമില്ലാത്തതും തെരഞ്ഞെടുത്തു, ദൈവ സന്നിധിയിൽ ഒരു ജഡവും പ്രശംസിക്കാതിരിക്കേണ്ടതിന്നു തന്നേ."
> 1 കൊരി 1 : 26-29

പ്രിയപ്പെട്ടവരേ, ദൈവം നമ്മെ തെരഞ്ഞെടുത്തത് നമ്മുടെ യോഗ്യതകൊണ്ടല്ല. നമ്മുടെ മഹിമ കണ്ടല്ല, നമ്മുടെ ജീവിതത്തിലെ ഏതെങ്കിലും നന്മ കണ്ടല്ല. ജ്ഞാനികളെ ലജ്ജിപ്പിപ്പാൻ ദൈവം ലോകത്തിൽ ഭോഷത്വമായത് തെരഞ്ഞെടുത്തപ്പോൾ അവൻ നമ്മെ തെരഞ്ഞെടുത്തു.

ബലവാന്മാരെ ലജ്ജിപ്പാൻ ദൈവം ലോകത്തിൽ ബല

ഹീനമായതു തെരഞ്ഞെടുത്തപ്പോൾ അവൻ നമ്മെ തെരഞ്ഞെടുത്തു. ഉള്ളതിനെ ഇല്ലായ്മയാക്കുവാൻ ദൈവം ലോകത്തിൽ കുലഹീനവും നികൃഷ്ടവുമായതും ഏതുമില്ലാത്തതും തെരഞ്ഞെടുത്തപ്പോൾ അവൻ നമ്മെ തിരഞ്ഞെടുത്തു.

"നിങ്ങൾ സംഖ്യയിൽ സകല ജാതികളെക്കാളും പെരുപ്പമുള്ളവരാകകൊണ്ടല്ല യഹോവ നിങ്ങളെ പ്രിയപ്പെട്ടു തെരഞ്ഞെടുത്തത്. നിങ്ങൾ സകല ജാതികളെക്കാളും കുറഞ്ഞവരല്ലോ ആയിരുന്നത്."

> "നിന്റെ പിതാക്കന്മാരോട് മാത്രം യഹോവെയ്ക്കു പ്രീതിതോന്നി അവരെ സ്നേഹിച്ചു, അവരുടെ ശേഷം അവരുടെ സന്തതിയായ നിങ്ങളെ ഇന്നുള്ളതുപോലെ അവൻ സകലജാതികളിലും വെച്ച് തെരഞ്ഞെടുത്തു." ആവർത്തന. 10 : 15

സകല ജാതികളിലും വെച്ചു തെരഞ്ഞെടുത്തു. സകല ജാതികളിലും വെച്ചു നിത്യനായ ദൈവം നമ്മെ തെരഞ്ഞെടുത്തു. ദൈവം സ്നേഹിച്ചു, ദൈവത്തിന് നമ്മോട് കരുണ തോന്നി. ദൈവം നമ്മെ വാത്സല്യത്തോടെ കണ്ടു.

ആവർത്തന പുസ്തകത്തിൽ പതിനാലാം അദ്ധ്യായം രണ്ടാം വാക്യം ഇങ്ങനെ പറയും :

"നിന്റെ ദൈവമായ യഹോവയ്ക്കു നീ വിശുദ്ധ ജനമല്ലോ, ഭൂതലത്തിലുള്ള സകലജാതികളിലും വെച്ചു തനിക്കു സ്വന്തജനമായിരിപ്പാൻ യഹോവ നിന്നെ തെരഞ്ഞെടുത്തിരിക്കുന്നു."

സ്വന്തജനമായിരിപ്പാൻ ദൈവം നമ്മെ തെരഞ്ഞെടുത്തു. സകലജാതികളിലും വെച്ചു സ്വന്തജനമായി നാം നിൽപ്പാൻ കാരുണ്യവാനായ ദൈവം നമ്മെ തെരഞ്ഞെടുത്തു.

> "ഭൂമിയിലെ സകല വംശങ്ങളിലും വെച്ചു ഞാൻ നിങ്ങളെ മാത്രം തെരഞ്ഞെടുത്തിരിക്കുന്നു. അതു

കൊണ്ട് ഞാൻ നിങ്ങളുടെ ആകൃത്യങ്ങളൊക്കെയും നിങ്ങളിൽ സന്ദർശിക്കും.”

ആമോസ് 3 : 2

പ്രിയപ്പെട്ടവരെ, നമ്മെ തെരഞ്ഞെടുക്കുവാൻ ദൈവത്തിന് പ്രസാദം തോന്നി. അതിനെക്കുറിച്ച് നമ്മുടെ കരുണയുള്ള കർത്താവ് പറയുന്നു.

“പിതാവേ, സ്വർഗ്ഗത്തിനും ഭൂമിക്കും കർത്താവായുള്ളോവേ, നീ ഇവ ജ്ഞാനികൾക്കും വിവേകികൾക്കും മറെച്ചു ശിശുക്കൾക്ക് വെളിപ്പെടുത്തിയതുകൊണ്ട് ഞാൻ നിന്നെ വാഴ്ത്തുന്നു. അതേ പിതാവേ, ഇങ്ങനെ നിനക്ക് പ്രസാദം തോന്നിയല്ലോ.”

ലൂക്കോസ് 10 : 21

പാവപ്പെട്ടവരെ തെരഞ്ഞെടുക്കുന്ന ദൈവസ്നേഹം, നിസ്സാരനെ ഉയർത്തുന്ന ദൈവ സ്നേഹം, അഗതിയെ കടാക്ഷിക്കുന്ന ദൈവസ്നേഹം, നിസ്സാരനെ പരിഗണിക്കുന്ന ദൈവസ്നേഹം, വിലകെട്ടവനെ വിലയുള്ളവനാക്കി തീർക്കുന്ന ദൈവസ്നേഹം. എന്തൊരത്ഭുതം! അതാണ് ദൈവകൃപ.

കന്യകമാതാവ് പാടുന്നുണ്ട്, ഇങ്ങനെയാണ് പാടുന്നത്. ലൂക്കോസിന്റെ സുവിശേഷം ഒന്നാം അദ്ധ്യായം അൻപത്തിമൂന്നാം വാക്യം.

“വിശന്നിരിക്കുന്നവരെ നന്മകളാൽ നിറെച്ചു, സമ്പന്നന്മാരെ വെറുതെ അയച്ചുകളഞ്ഞിരിക്കുന്നു.”

കന്യകമാതാവ് പാടുകയാണ് :

“എന്റെ ഉള്ളം കർത്താവിനെ മഹിമപ്പെടുത്തുന്നു, എന്റെ ആത്മാവ് എന്റെ രക്ഷിതാവായ ദൈവത്തിൽ ഉല്ലസിക്കുന്നു. അവൻ തന്റെ ദാസിയുടെ താഴ്ച കടാക്ഷിച്ചിരിക്കുന്നല്ലോ; ഇന്നു മുതൽ എല്ലാ

> തലമുറകളും എന്നെ ഭാഗ്യവതി എന്നു വാഴ്ത്തും. ശക്തനായവൻ എനിക്ക് വലിയവ ചെയ്തിരിക്കുന്നു; അവന്റെ നാമം പരിശുദ്ധം തന്നെ.”
>
> ലൂക്കോസ് 1 : 46-49

അൻപത്തി രണ്ടാം വാക്യം.

“പ്രഭുക്കന്മാരെ സിംഹാസനങ്ങളിൽ നിന്ന് ഇറക്കി താണവരെ ഉയർത്തിയിരിക്കുന്നു.”

ദൈവത്തിന്റെ അഗാധമായ സ്നേഹം, ദൈവം നമ്മെ കാണുന്നു. ദൈവം നമ്മെ സ്നേഹിക്കുന്നു. ദൈവം നമ്മെ തെരഞ്ഞെടുത്തിരിക്കുന്നു. ക്രൂശിലെ പരമയാഗത്താൽ ദൈവം നമ്മെ തെരഞ്ഞെടുത്തു. ക്രൂശിലെ നിത്യസ്നേഹത്താൽ ദൈവം നമ്മെ തെരഞ്ഞെടുത്തു. ക്രൂശിൽ തന്റെ ഏകജാതനായ അരുമകുമാരനെ, നമുക്കുവേണ്ടി യാഗമർപ്പിക്കുവാൻ തിരുമനസ്സായതിനാൽ ദൈവം നമ്മെ തെരഞ്ഞെടുത്തു.

“ഇച്ഛിക്കുന്നവനാലല്ല, ഓടുന്നവനാലുമല്ല, കരുണതോന്നുന്ന ദൈവത്താലത്രേ സകലവും സാധിക്കുന്നത്.”

പ്രിയപ്പെട്ടവരേ, ദൈവത്തിന് നമ്മോട് കരുണതോന്നി, ദൈവം നമ്മെ സ്നേഹിച്ചു, ദൈവം തന്റെ പുത്രനെ നമുക്കുവേണ്ടി പരമബലിയായി അർപ്പിക്കുവാൻ തിരുമനസ്സായി. തന്റെ ഏകജാതനായ തിരുക്കുമാരന്റെ കുറ്റമറ്റ രക്തം നമുക്കുവേണ്ടി ചിന്തുവാൻ നിത്യനായ പിതാവിന് നമ്മോട് വാത്സല്യംതോന്നി.

> “തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിനു ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു.”
>
> യോഹ 3 : 16

നിത്യനായ ദൈവം നമ്മെ സ്നേഹിച്ചു, തന്റെ പുത്രനെ

നമുക്കുവേണ്ടി തന്നു. തന്റെ പുത്രനെ ക്രൂശിൽ അർപ്പിക്കുവാൻ തിരുമനസ്സായി. തന്റെ പുത്രനെ, മദ്ധ്യപ്രായത്തിൽ, മുപ്പത്തി മൂന്നരവയസ്സുള്ള ആ നല്ല പ്രായത്തിൽ, ക്രൂശിൽ അർപ്പിപ്പാൻ നിത്യപിതാവിന് തിരുമനസ്സായി. തിരുഹിതം തോന്നി. അത് നമ്മോടുള്ള അവന്റെ സ്നേഹമത്രേ. ആ സ്നേഹത്തെയാണ് നാം കുരിശിൽ കാണുന്നത്.

സകലജാതികളിലും വച്ച് ഞാൻ നിന്നെ തെരഞ്ഞെടുത്തിരിക്കുന്നു എന്ന് പറയുന്ന ആമോസിന്റെ ആ അത്ഭുത സ്നേഹത്തിന്റെ വചനം നാം വായിക്കുമ്പോൾ നമ്മുടെ ഹൃദയത്തിൽ തെളിഞ്ഞുവരേണ്ടത്, എന്റെ ദൈവമേ, നീ എന്നെ തെരഞ്ഞെടുത്തല്ലോ എന്നാണ്.

എന്നോട് നിനക്ക് കരുണ തോന്നിയല്ലോ, പാപിയായ എന്നെ നീ സ്നേഹിച്ചല്ലോ, എന്റെ പാപങ്ങൾ നീ പൊറുത്തല്ലോ, എന്റെ അകൃത്യങ്ങളെ നീ വഹിച്ചല്ലോ, ഞാൻ ഏൽക്കേണ്ട ശിക്ഷ നീ ഏറ്റല്ലോ, ഞാൻ ഏൽക്കേണ്ടതായ എല്ലാ ശിക്ഷയും നീ ക്രൂശിൽ വഹിച്ചുകൊണ്ട് എന്നെ ശിക്ഷയിൽ നിന്ന് ഒഴിവാക്കിയല്ലോ. നാഥാ, ഇന്നു മുതൽ ഞാൻ നിന്റെ വക. എന്നെ നീ ക്രൂശിൽ ഓർത്ത്, എന്നെ ക്രൂശിൽ നീ വഹിച്ച്, എന്റെ പാപത്തിന്റെ ശിക്ഷ നീ വഹിച്ചതിനാൽ ഇന്നുമുതൽ യേശുവേ, ഞാൻ നിന്റെ വക. ഇന്ന് മുതൽ ഞാൻ ഒരു പുതിയ സൃഷ്ടിയായി ജീവിക്കും. ദൈവത്തിന് വാക്കുകൊടുക്കുവിൻ. ദൈവത്തോട് ഉടമ്പടി ചെയ്യുവിൻ. ദൈവനാമം മഹത്വപ്പെടട്ടെ.

## മൂന്ന്

ഭൂമിയിലെ സകല വംശങ്ങളിലും വെച്ച് ഞാൻ നിങ്ങളെ മാത്രം തെരഞ്ഞെടുത്തിരിക്കുന്നു; അതുകൊണ്ട് ഞാൻ നിങ്ങളുടെ അകൃത്യങ്ങളൊക്കെയും നിങ്ങളിൽ സന്ദർശിക്കും. ആമോസ് 3 : 2

ജീവനുള്ള ദൈവം നമ്മെ തെരഞ്ഞെടുത്തു. നമ്മെ തന്റെ പ്രിയജനമായി തെരഞ്ഞെടുത്തു. നമ്മെ തന്റെ വിശുദ്ധ വംശമായി തെരഞ്ഞെടുത്തു. നമ്മെ രാജകീയ പുരോഹിത വർഗ്ഗമായി തെരഞ്ഞെടുത്തു. നമ്മെ സ്വന്തം പ്രിയപ്പെട്ട മക്കളായി തെരഞ്ഞെടുത്തു. നമ്മെ തന്റെ വേലയ്ക്കുവേണ്ടി തെരഞ്ഞെടുത്തു. നമ്മെ തന്റെ വേല ഭരമേൽപ്പിക്കുവാൻ തെരഞ്ഞെടുത്തു. ദൈവത്തിന്റെ കരം നമ്മെ പിടിച്ചു.

ദൈവം നമ്മെ ആകർഷിച്ചു, ദൈവസ്നേഹം നമ്മെ വശീകരിച്ചു. ദൈവത്തിന്റെ ആർദ്ര കരുണ നമ്മെ സന്ദർശിച്ചു. ദൈവം നമ്മെ തെരഞ്ഞെടുത്തു.

അപ്പൊസ്തലനായ പൗലോസ് എഫെസ്യർക്ക് ലേഖനം എഴുതുമ്പോൾ ഇതിനെക്കുറിച്ച് വളരെ വിശദീകരിച്ച് സംസാരിക്കുന്നുണ്ട്. എഫെസ്യലേഖനം ഒന്നാം അദ്ധ്യായം നാലാം വാക്യം മുതൽ നാം ഇങ്ങനെയാണ് വായിക്കുന്നത്.

"നാം തന്റെ സന്നിധിയിൽ വിശുദ്ധരും നിഷ്കളങ്കരും ആകേണ്ടതിന് അവൻ ലോകസ്ഥാപനത്തിനു മുമ്പെ നമ്മെ അവനിൽ തെരഞ്ഞെടുക്കുകയും തിരുഹിതത്തിന്റെ പ്രസാദപ്രകാരം യേശുക്രിസ്തു മുഖാന്തരം നമ്മെ ദത്തെടുക്കേണ്ടതിന് അവൻ പ്രിയനായവനിൽ നമുക്ക് സൗജന്യമായി നൽകിയ തന്റെ കൃപാമഹത്വത്തിന്റെ പുകഴ്ചക്കായി സ്നേഹത്തിൽ നമ്മെ മുന്നിയമിക്കയും ചെയ്തുവല്ലോ."

നിത്യനായ ദൈവം നമ്മെ ക്രിസ്തുയേശുവിൽ തെരഞ്ഞെടുത്തു. എന്നാണ് തെരഞ്ഞെടുത്തത്? ലോകസ്ഥാപത്തിനു മുമ്പേ നമ്മെ തെരഞ്ഞെടുത്തു. എന്തിനാണ് തെരഞ്ഞെടുത്തത്? നാം തന്റെ സന്നിധിയിൽ വിശുദ്ധരും നിഷ്കളങ്കരും ആകേണ്ടതിനു തെരഞ്ഞെടുത്തു.

ജീവനുള്ള ദൈവം നമ്മെ തെരഞ്ഞെടുക്കുക മാത്രമല്ല തിരുഹിതത്തിന്റെ പ്രസാദപ്രകാരം യേശുക്രിസ്തു മുഖാന്തരം നമ്മെ ദത്തെടുത്തു. എന്തിനാണ് ദത്തെടുക്കുന്നത്? മക്കളില്ലാത്തവരാണ് ദത്തെടുക്കുന്നത്. സ്വന്തമായി മക്കളില്ലാത്തവർ അന്യന്റെ മക്കളെ ദത്തെടുത്തു സ്വന്തം മക്കളെപ്പോലെ വളർത്തും.

നിത്യനായ ദൈവം തന്റെ പ്രിയമക്കളായി നമ്മെ ദത്തെടുത്തു. നാം പിശാചിന്റെ മക്കളായിരുന്നു. സാത്താൻ എന്ന പിതാവിന്റെ മക്കളായിരുന്നു.

> "നിങ്ങൾ പിശാച് എന്ന പിതാവിന്റെ മക്കൾ" എന്ന് യോഹന്നാന്റെ സുവിശേഷം എട്ടാം അദ്ധ്യായത്തിൽ ദൈവം തമ്പുരാൻ അരുളിചെയ്യുന്നുണ്ട്.
> യോഹ. 8 : 44

എന്നാൽ നിത്യനായ ദൈവം കരുണതോന്നി തന്റെ പുത്രനായ യേശുക്രിസ്തുവിന്റെ തിരുരക്തത്താൽ നമ്മെ ഓരോരുത്തരേയും ദത്തെടുത്തു ചേർത്തു. ഇരുളിന്റെ വഴിയിൽ ജീവിച്ചിരുന്ന നമ്മെ, കാടത്തത്തിന്റെ എല്ലാ ഹീനത

യിലും ജീവിച്ചിരുന്ന നമ്മെ, കാട്ടിൽ നിന്ന് പറിച്ചെടുത്തു കൊണ്ടുവന്ന് ജീവനുള്ള ദൈവം നമ്മെ തന്റെ മുന്തിരി ത്തോട്ടത്തിൽ നട്ടു.

ദൈവത്തിന്റെ നടുതലയായി നട്ടു. കാട്ടുമുന്തിരിവള്ളിയെ പറിച്ചുകൊണ്ടുവന്നു തന്റെ മുന്തിരത്തോട്ടത്തിൽ വിശിഷ്ട മുന്തിരിവള്ളിയായി നട്ടു. ശ്രേഷ്ഠമുന്തിരിവള്ളിയായി നമ്മെ നട്ടു. ദൈവം നമ്മെ തെരഞ്ഞെടുത്തു. ദൈവം നമ്മെ ദത്തെടുത്തു.

തീർന്നില്ല അവൻ പ്രിയനായവനിൽ നമുക്ക് സൗജന്യ മായി നൽകിയ തന്റെ കൃപാമഹത്വത്തിന്റെ പുകഴ്ചക്കായി സ്നേഹത്തിൽ നമ്മെ മുന്നിയമിക്കയും ചെയ്തു. മുന്നമെ നിയമിച്ചു – Pre-appointment - ദൈവത്തിന്റെ അഗാധസ്നേഹം, അന്യരായിരുന്ന നമ്മെ സ്വന്തമാക്കി.

യിസ്രായേൽ പൗരതയോട് ബന്ധമില്ലാതിരുന്ന നമ്മെ യിസ്രായേൽ പൗരതയോട് സംബന്ധമുള്ളവരാക്കി തീർത്തു. ദൂരസ്ഥരായിരുന്ന നമ്മെ സമീപസ്ഥരാക്കി. വാഗ്ദത്ത ത്തിന്റെ, നിയമത്തിന് അന്യരും പരദേശികളുമായിരുന്ന നമ്മെ സ്വന്തജനമാക്കി തിരഞ്ഞെടുക്കുകയും ദത്തെടുക്കു കയും മുന്നിയമിക്കുകയും ചെയ്തു.

അതുമാത്രമല്ല, അവൻ നമ്മെ താൻ മുൻ നിർണ്ണയിച്ച തന്റെ പ്രസാദത്തിന് തക്കവണ്ണം തന്റെ ഹിതത്തിന്റെ മർമ്മം നമ്മോട് അറിയിച്ചു.

നമ്മെ സുവിശേഷം എന്ന സത്യവചനം കേൾപ്പിച്ചു. മാത്രമല്ല, അവനിൽ വിശ്വസിച്ചിട്ട് തന്റെ സ്വന്തജനത്തിന്റെ വീണ്ടെടുപ്പിന് വേണ്ടി, തന്റെ മഹത്വത്തിന്റെ പുകഴ്ച്ചക്കാ യിട്ട് നമ്മുടെ അവകാശത്തിന്റെ അച്ചാരമായ വാഗ്ദത്ത ത്തിൻ പരിശുദ്ധാത്മാവിനാൽ നമ്മെ മുദ്രയിട്ടിരിക്കുന്നു.

സുവിശേഷം എന്ന സത്യവചനം നിങ്ങൾ
കേൾക്കയും അവനിൽ വിശ്വസിക്കുകയും ചെയ്തി

ട്ട്, തന്റെ സ്വന്ത ജനത്തിന്റെ വീണ്ടെടുപ്പിനുവേണ്ടി, തന്റെ മഹത്വത്തിന്റെ പുകഴ്ച്ചക്കായിട്ട് നമ്മുടെ അവകാശത്തിന്റെ അച്ചാരമായ വാഗ്ദത്തത്തിൽ പരിശുദ്ധാത്മാവിനാൽ മുദ്രയിട്ടിരിക്കുന്നു.

എഫെസ്യർ 1 : 13-14

ദൈവം നമ്മെ മുദ്രയിട്ടു. തെരഞ്ഞെടുത്തു, ദൈവം നമ്മെ ദത്തെടുത്തു, ദൈവം നമുക്ക് തന്റെ അവകാശം തന്നു. ദൈവം നമ്മെ മുന്നിയമിച്ചു, ദൈവം നമ്മെ സ്നേഹിച്ചു.

ജീവനുള്ള ദൈവം തന്റെ പ്രിയ പുത്രനിൽ നമ്മെ കാണുകയും തന്റെ പ്രിയ പുത്രന്റെ രക്തത്താൽ നമ്മെ വീണ്ടെടുക്കുകയും തന്റെ പ്രിയ പുത്രന്റെ ക്രൂശുമരണത്താൽ നമ്മെ തന്റെ സ്വന്തജനമായി ദത്തെടുത്ത് സ്വന്തഭവനത്തിൽ ചേർത്ത് സ്വന്തം അവകാശികളാക്കി തീർക്കുകയും ചെയ്തു.

അന്യന്റെ സന്തതി ആയവനെ സ്വന്തം ഭവനത്തിലേയ്ക്ക് ദത്തെടുത്തു. സ്വന്തം സ്വത്തിന്റെ അവകാശം നൽകി. അതത്രേ നമുക്ക് ലഭിച്ചത്, അല്ലേ? നാം സാത്താന്റെ ബന്ധനത്തിൽ ആയിരുന്നില്ലേ? നാം സാത്താന്റെ സ്വഭാവമുള്ളവരായിരുന്നില്ലേ?

നിങ്ങൾ പിശാച് എന്ന പിതാവിന്റെ മക്കൾ എന്ന് കർത്താവ് പറയുന്ന പ്രകാരം ദുഷ്ടനായ പൈശാചികന്റെ സകല സ്വഭാവങ്ങളും ഉൾക്കൊണ്ടുകൊണ്ട് നിഷ്ഠൂരവും കിരാതവും കാട്ടാള പ്രകൃതിയുമായ ജീവിതത്തിൽ നാം നശിച്ചുകൊണ്ടിരിക്കുകയായിരുന്നില്ലേ? നാം തിന്മയിലേയ്ക്ക് ഒഴുകുകയായിരുന്നില്ലേ? നിത്യ നാശത്തിലേയ്ക്ക്, നിത്യ അന്ധകാരത്തിലേയ്ക്ക്, നിത്യ നരക ദണ്ഡനത്തിലേയ്ക്ക് പോകുകയായിരുന്നില്ലേ? നമ്മുടെ ഗതി നിത്യ നാശത്തിലേയ്ക്കായിരുന്നില്ലേ?

സഹോദരങ്ങളേ, ആ സ്നേഹവാനായ ദൈവം നമ്മെ

തെരഞ്ഞെടുത്തു. റോമർക്കെഴുതിയ ലേഖനം എട്ടാം അദ്ധ്യായത്തിൽ അപ്പൊസ്തലൻ അതിനെക്കുറിച്ച് പറയുന്നത് ഇങ്ങനെയാണ്.

"അവൻ മുന്നറിഞ്ഞവരെ തന്റെ പുത്രൻ അനേകം സഹോദരന്മാരിൽ ആദ്യജാതൻ ആകേണ്ടതിന് അവന്റെ സ്വരൂപത്തോട് അനുരൂപരാകുവാൻ മുന്നിയമിച്ചുമിരിക്കുന്നു. മുന്നിയമിച്ചവരെ വിളിച്ചും വിളിച്ചവരെ നീതീകരിച്ചും നീതീകരിച്ചവരെ തേജസ്ക്കരിച്ചുമിരിക്കുന്നു."

| | | |
|---|---|---|
| ഒന്ന് | : | ദൈവം മുന്നറിയുന്നു |
| രണ്ട് | : | ദൈവം മുന്നമെ നിയമിക്കുന്നു |
| മൂന്ന് | : | ദൈവം വിളിക്കുന്നു |
| നാല് | : | ദൈവം നീതീകരിക്കുന്നു |
| അഞ്ച് | : | ദൈവം തേജസ്കരിക്കുന്നു |

മുന്നറിഞ്ഞവരെ ദൈവം മുന്നിയമിക്കുന്നു. എന്തിന്, തന്റെ പുത്രനായ ക്രിസ്തുയേശു അനേകം സഹോദരന്മാരിൽ ആദ്യജാതൻ ആകേണ്ടതിന് ക്രിസ്തുയേശുവിന്റെ സ്വരൂപത്തോട് അനുരൂപരാകുവാൻ മുന്നിയമിച്ചുമിരിക്കുന്നു.

അതേസ്വരൂപം, അതേ സാദൃശ്യം, അതേ ഛായ, അതേ പ്രതിമ, അതേ image നാം പ്രാപിക്കുവാനായി നമ്മെ മുന്നമേ നിയമിച്ചു. മുന്നിയമിച്ചവരെ വിളിച്ചും വിളിച്ചവരെ നീതീകരിച്ചും നീതീകരിച്ചവരെ തേജസ്കരിച്ചുമിരിക്കുന്നു. എന്തൊരു കരുണ! നമ്മെ തേജസ്സിന്റെ മക്കളാക്കി ദൈവം മാറ്റി. നമ്മെ വിശുദ്ധിയുടെ സന്തതിയായി ദൈവം തീർത്തു. നമ്മെ സ്വന്തജനമായി ദൈവം ചേർത്തു. ദൈവത്തിന്റെ അത്ഭുത കാരുണ്യം!

ദൈവപൈതലേ, നിന്നെ ദൈവം സ്നേഹിച്ച സ്നേഹം നീ അറിയുന്നുണ്ടോ? ആമോസ് പറഞ്ഞു, ഭൂമിയിലെ സകല വംശങ്ങളിലും വെച്ച് നിങ്ങളെ മാത്രം തെരഞ്ഞെടുത്തിരിക്കുന്നു. അതുകൊണ്ട് ഞാൻ നിങ്ങളുടെ അകൃത്യങ്ങളൊ

ക്കെയും നിങ്ങളിൽ സന്ദർശിക്കും.

നമ്മെ തെരഞ്ഞെടുക്കുന്ന സ്നേഹം. ഈ നിസ്തുല സ്നേഹം ഇപ്പോൾ നമ്മുടെ മുന്നിൽ നിന്ന് വാദിക്കുകയാണ്. ആണിപ്പാടുള്ള കരം നമ്മുടെ നേരെ നീട്ടിക്കൊണ്ട്, നമ്മുടെ ഹൃദയങ്ങളിൽ മുട്ടിക്കൊണ്ട് നിൽക്കുകയാണ്.

"ഞാൻ ഇതാ വാതിൽക്കൽ നിന്ന് മുട്ടുന്നു. ആരെങ്കിലും എന്റെ ശബ്ദംകേട്ടു വാതിൽ തുറന്നാൽ ഞാൻ അവന്റെ അടുക്കൽ ചെന്ന് അവനോടും അവൻ എന്നോടും കൂടെ അത്താഴം കഴിക്കു"മെന്നത്രേ ക്രിസ്തു പറയുന്നത്.

ഇത്രയും കാലം പിശാചിന്റെ സ്വഭാവത്തോടെ, കാട്ടാള മനോഭാവത്തോടെ, നിഷ്ഠൂര പ്രകൃതിയോടെ, ക്രൂരവും കുത്സിതവുമായ വഴികളിലൂടെ, താന്താങ്ങൾക്ക് തോന്നിയതുപോലെ നടന്നിരുന്നവരായ നമ്മെ, ഈ ലോകത്തിന്റെ കാലഗതിക്കൊത്തതുപോലെ ഒഴുകിയിരുന്ന നമ്മെ, ലോകത്തിനും പിശാചിനും ജഡത്തിനും അടിമപ്പെട്ടു ജീവിച്ചിരുന്ന നമ്മെ ദൈവം തന്റെ പുത്രനിൽ കൂടെ തിരഞ്ഞെടുത്തു, നമ്മെ ദത്തെടുത്തു ചേർത്തു, നമ്മെ തന്റെ പ്രിയ മക്കളാക്കി അവിടുന്ന് മാറോടണച്ചു. തന്റെ സ്വർഗ്ഗീയ കുടുംബത്തോട് ചേർത്തു. സ്വർഗ്ഗീയ കുടുംബത്തിന്റെ അവകാശികളാക്കി തീർത്തു.

ഈ അത്ഭുത കാരുണ്യം നാം തിരിച്ചറിഞ്ഞാൽ ഈ യേശുവിന് നമ്മുടെ ഹൃദയത്തിൽ നാം ഇടംകൊടുക്കും. ക്രിസ്തു ഇനിയും പുറത്ത് നിന്ന് മുട്ടുവാനല്ല, നാഥാ, നീ എന്റെ ഹൃദയത്തിലേക്ക് എഴുന്നെള്ളിവരണമേ, എന്റെ ജീവിതത്തിന്റെ നിയന്ത്രണം ഏറ്റെടുക്കണമേ, എന്റെ ഭരണം നീ ഏറ്റെടുക്കണമേ, എന്നിൽ നീ വാഴണമേ, എന്നിൽ നീ വസിക്കണമേ, ഇന്നുമുതൽ ഞാൻ ഒരു പുതിയ സൃഷ്ടിയായി ജീവിക്കും, എന്നിങ്ങനെ നാം ദൈവത്തോട് വാക്കു പറയും. നമ്മുടെ ഹൃദയം ക്രിസ്തുവിനുവേണ്ടി തുറന്നു

കൊടുക്കും.

ക്രിസ്തു ഇതാ, തന്റെ ആണിപ്പാടുള്ള കരംകൊണ്ട് നമ്മുടെ ഹൃദയത്തിന്റെ വാതിൽക്കൽ തെരുതെരെ മുട്ടിക്കൊണ്ട് നിൽക്കുന്നു. അവനെ കൈക്കൊള്ളുവിൻ, അവനെ സ്വീകരിപ്പിൻ.

Holman Hunt എന്നുപറയുന്ന ഒരു ചിത്രകാരൻ ഒരു നല്ല പടംവരച്ചു. ക്രിസ്തു പുറത്തുനിന്ന് വാതിൽക്കൽ മുട്ടിക്കൊണ്ടു നിൽക്കുന്ന ചിത്രമാണ് വരച്ചത്. ആ ചിത്രം കണ്ടിട്ട് ഒരാൾ പറഞ്ഞു. ഈ ചിത്രത്തിന് ഒരു ന്യൂനത ഉണ്ട്. എന്താണതിന്റെ കുറവ്? അതിന്നു പുറമേ നിന്ന് ഒരു പിടികാണുന്നില്ല. പുറമേ നിന്ന് അത് തുറക്കുന്നതിന്, പിടിക്കുവാൻ ഒരു handle കാണുന്നില്ല; എന്ന് പറഞ്ഞു.

ഉടനെ Holman Hunt പറഞ്ഞു; അതിന്റെ പിടി അതിന് പുറത്ത് നിന്ന് വയ്ക്കാത്തതിനു കാരണമുണ്ട്. അത് പുറത്തു നിന്നല്ല തുറക്കേണ്ടത്, അകത്ത് നിന്നാണ് തുറക്കേണ്ടത്. അകത്ത് അതിന് കുറ്റിയുണ്ട്. അകത്ത് കൊളുത്തുണ്ട്. അകത്തെ കുറ്റിയും കൊളുത്തും അകത്തുള്ള ആള് തുറന്നു കൊടുത്താലേ പുറത്തു നിൽക്കുന്ന ആൾക്ക് അകത്തേയ്ക്ക് കടക്കാൻ ഒക്കൂ.

മനുഷ്യ ഹൃദയത്തിന്റെ ചിത്രം അങ്ങനെയാണ്. പുറത്തു നിന്ന് തള്ളിത്തുറക്കുകയില്ല. പുറത്തു നിന്ന് ബലം പിടിച്ച് തുറക്കുകയില്ല. ആർക്കുവേണമെങ്കിലും തങ്ങളുടെ ഹൃദയം ക്രിസ്തുവിനുവേണ്ടി തുറന്നു കൊടുക്കാം. അകത്താണ് കുറ്റിയും കൊളുത്തും. അകത്താണ് പിടി ഇരിക്കുന്നത്. അകത്താണ് തുറക്കുവാനുള്ള മാർഗ്ഗം ഇരിക്കുന്നത്. കുറ്റിമാറ്റുക, കൊളുത്ത് മാറ്റുക, സാക്ഷ മാറ്റുക.

പ്രിയപ്പെട്ടവരേ, ക്രിസ്തുവിന് നാം സ്വമേധയാ തുറന്നു കൊടുക്കുക. ക്രിസ്തു ആരേയും നിർബന്ധിക്കുന്നില്ല. ഓരോ

രുത്തന്റേയും ഹൃദയത്തിന്റെ വാതില്ക്കൽ നിന്നുകൊണ്ട് മുട്ടുകയാണ്.

മകനേ, നിന്റെ ഹൃദയം എനിക്കു തരിക, എന്റെ മകളേ, നിന്റെ ഹൃദയം എനിക്കു തരിക. സദൃശ വാക്യങ്ങളുടെ പുസ്തകത്തിൽ നാം അങ്ങനെയാണ് വായിക്കുന്നത്.

"മകനേ നിന്റെ ഹൃദയം എനിക്കു തരിക."

23 : 26

ക്രിസ്തുവിനുവേണ്ടി ഹൃദയം തുറന്നു കൊടുക്കൂ, ക്രിസ്തുവിനോട് വാക്കുപറയൂ, നാഥാ, ഇന്നുമുതൽ ഞാൻ നിന്റെ വക, എന്റെ യേശുവേ ഇന്നുമുതൽ ഞാൻ നിന്റെ അടിമ. എന്റെ കരുണയുള്ള കർത്താവേ എനിക്കുവേണ്ടി ക്രൂശിൽ മരിച്ച യേശുവേ, ഇന്ന് മുതൽ ഞാൻ നിന്റെ വക.

ദൈവത്തിനായി സമർപ്പിപ്പിൻ, ദൈവത്തോട് വാക്കുപറയുവിൻ, പുതിയ ജീവിതം തുടങ്ങുവിൻ. ദൈവനാമം മഹത്വപ്പെടുമാറാകട്ടെ.

## നാല്

"ഭൂമിയിലെ സകലവംശങ്ങളിലും വെച്ച് ഞാൻ നിങ്ങളെ മാത്രം തെരഞ്ഞെടുത്തിരിക്കുന്നു; അതു കൊണ്ട് ഞാൻ നിങ്ങളുടെ അകൃത്യങ്ങളൊക്കെയും നിങ്ങളിൽ സന്ദർശിക്കും." ആമോസ് 3 : 2

നമ്മെ തെരഞ്ഞെടുത്ത ദൈവം നമ്മെ വിശുദ്ധീകരിപ്പാൻ ആഗ്രഹിക്കുന്നു. ദൈവം നമ്മെ തേജസ്കരിക്കാൻ ആഗ്രഹിക്കുന്നു, ദൈവം നമ്മെ പ്രയോജനമുള്ളവരാക്കുവാൻ ആഗ്രഹിക്കുന്നു. ദൈവം നമ്മെ തന്റെ കരങ്ങളിൽ എടുത്തു ഉപയോഗിപ്പാൻ ആഗ്രഹിക്കുന്നു. അതുകൊണ്ട് ദൈവം നമ്മുടെ അകൃത്യങ്ങളൊക്കെയും നമ്മിൽ സന്ദർശിക്കുന്നു. അതാണ് ആമോസ് പ്രവാചകന്റെ പുസ്തകത്തിന്റെ പ്രധാന പ്രമേയം.

ആമോസ് പ്രവാചകന്റെ പുസ്തകം പ്രഖ്യാപിക്കുന്നത് പാപത്തിന് ന്യായവിധി ഉണ്ട് എന്നാണ്. ആമോസിന്റെ പ്രവചനത്തിന്റെ കേന്ദ്ര വിഷയം തന്നെ പാപത്തിന്റെ മേലുള്ള ന്യായവിധി എന്നതാണ്. ആമോസ് പ്രവാചകന്റെ പുസ്തകത്തിൽ ആദ്യത്തെ രണ്ട് അദ്ധ്യായങ്ങളിലായി നാം കാണുന്ന ഒരു പദപ്രയോഗമുണ്ട്. ഒന്നാം അദ്ധ്യായം മൂന്നാം വാക്യത്തിൽ ഇപ്രകാരം കാണുന്നു.

"യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു, ദമ്മേശെക്കിന്റെ

മൂന്നോ നാലോ അതിക്രമം നിമിത്തം, അവർ ഗിലെയാദിനെ ഇരിമ്പു മെതിവണ്ടികൊണ്ടു മെതിച്ചിരിക്കയാൽ തന്നേ, ഞാൻ ശിക്ഷ മടക്കിക്കളകയില്ല.

"യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു. ഗസ്സയുടെ മൂന്നോ നാലോ അതിക്രമം നിമിത്തം, അവർ ഏദോമിന്നു ഏൽപ്പിക്കേണ്ടതിന്ന് ബദ്ധന്മാരെ ആസകലം കൊണ്ടുപോയിരിക്കയാൽ, ഞാൻ ശിക്ഷ മടക്കിക്കളകയില്ല."

വീണ്ടും ഒൻപതാം വാക്യം പറയുന്നു.

"സോരിന്റെ മൂന്നോ നാലോ അതിക്രമം നിമിത്തം, അവർ സഹോദരസഖ്യത ഓർക്കാതെ ബദ്ധന്മാരെ ആസകലം ഏദോമിന്നു ഏൽപ്പിച്ചുകളഞ്ഞിരിക്കയാൽ, ഞാൻ ശിക്ഷ മടക്കികളകയില്ല."

വീണ്ടും നാലാമതായി കാണുന്നു, പതിനൊന്നാം വാക്യം :

"യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു : ഏദോമിന്റെ മൂന്നോ നാലോ അതിക്രമം നിമിത്തം, അവൻ തന്റെ സഹോദരനെ വാളോടുകൂടെ പിന്തുടർന്ന്, തന്റെ കോപം സദാകാലം കടിച്ചു കീറുവാൻ തക്കവണ്ണം സഹതാപം വിട്ടുകളകയും ദ്വേഷ്യം സദാകാലം വെച്ചുകൊൾകയും ചെയ്തിരിക്കയാൽ, ഞാൻ ശിക്ഷ മടക്കിക്കളകയില്ല."

പതിമൂന്നാം വാക്യം :

"യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു. അമ്മോന്യരുടെ മൂന്നോ നാലോ അതിക്രമം നിമിത്തം, അവർ തങ്ങളുടെ അതിർ വിസ്താരമാക്കേണ്ടതിന്ന് ഗിലെയാദിലെ ഗർഭിണികളെ പിളർന്നു കളഞ്ഞിരിക്കയാൽ, ഞാൻ ശിക്ഷ മടക്കിക്കളകയില്ല."

വീണ്ടും ആറാമതായി, രണ്ടാം അദ്ധ്യായം ഒന്നാം വാക്യം :

"യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു, മോവാബിന്റെ മൂന്നോ നാലോ അതിക്രമം നിമിത്തം അവൻ ഏദോം രാജാവിന്റെ അസ്ഥികളെ ചുട്ടു കുമ്മായമാക്കി കളഞ്ഞിരിക്കയാൽ തന്നേ, ഞാൻ ശിക്ഷ മടക്കിക്കളകയില്ല."

നാലാം വാക്യം :

യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു, യെഹൂദയുടെ മൂന്നോ നാലോ അതിക്രമം നിമിത്തം, അവർ യഹോവയുടെ ന്യായപ്രമാണത്തെ നിരസിക്കയും അവന്റെ ചട്ടങ്ങളെ പ്രമാണിക്കാതെയിരിക്കയും അവരുടെ പിതാക്കന്മാർ പിന്തുടർന്നുപോന്ന അവരുടെ വ്യാജമൂർത്തികൾ അവരെ തെറ്റിനടക്കുമാറാക്കുകയും ചെയ്തിരിക്കയാൽ തന്നേ, ഞാൻ ശിക്ഷമടക്കിക്കളകയില്ല."

ആറാം വാക്യം :

"യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു, യിസ്രായേലിന്റെ മൂന്നോ നാലോ അതിക്രമം നിമിത്തം, അവർ നീതിമാനെ പണത്തിനും ദരിദ്രനെ ഒരുകൂട്ടു ചെരിപ്പിനും വിറ്റുകളഞ്ഞിരിക്കയാൽ തന്നേ, ഞാൻ ശിക്ഷ മടക്കിക്കളകയില്ല."

വീണ്ടും ദൈവം കല്പിക്കുകയാണ് : "ഭൂമിയിലെ സകല വംശങ്ങളിലും വച്ച് ഞാൻ നിങ്ങളെമാത്രം തിരഞ്ഞെടുത്തിരിക്കുന്നു, അതുകൊണ്ട് ഞാൻ നിങ്ങളുടെ അകൃത്യങ്ങളൊക്കെയും നിങ്ങളിൽ സന്ദർശിക്കും."

എട്ടു ഭാഗങ്ങളിലായി ആദ്യത്തെ രണ്ടദ്ധ്യായത്തിൽ ദൈവം കല്പിക്കുന്നു. ഞാൻ ശിക്ഷ മടക്കിക്കളകയില്ല. മൂന്നോ നാലോ അതിക്രമം നിമിത്തം. ആരുടെയെല്ലാം? ആദ്യം ദമ്മേശെക്കിന്റെ, ദമസ്ക്കോസിന്റെ അതിക്രമം. രണ്ടാമതായി ഗസ്സയുടെ അതിക്രമം, മൂന്നാമതായി സോരിന്റെ അതിക്രമം, നാലാമതായി ഏദോമിന്റെ അതിക്രമം, അഞ്ചാമതായി അമ്മോന്യരുടെ അതിക്രമം, ആറാമതായി മോവാബിന്റെ അതിക്രമം, ഏഴാമതായി യഹൂദയുടെ അതിക്രമം,

എട്ടാമതായി യിസ്രായേലിന്റെ മൂന്നോ നാലോ അതിക്രമം നിമിത്തം ഞാൻ ശിക്ഷമടക്കിക്കളകയില്ല.

“ഭൂമിയിലെ സകല വംശങ്ങളിലും വെച്ച് ഞാൻ നിങ്ങളെ മാത്രം തെരഞ്ഞെടുത്തിരിക്കുന്നു. അതുകൊണ്ട് ഞാൻ നിങ്ങളുടെ അകൃത്യങ്ങളൊക്കെയും നിങ്ങളിൽ സന്ദർശിക്കും.”

ദൈവം തെരഞ്ഞെടുത്തതുകൊണ്ട് ദൈവം ശിക്ഷ മട ക്കിക്കളയില്ല. ദൈവം സ്നേഹിക്കുന്നത്കൊണ്ട് ദൈവം ശിക്ഷിക്കുന്നു.

എന്താണ് ഇതിന്റെ അർത്ഥം. ദൈവം സ്നേഹിക്കുന്ന തുകൊണ്ട് ശിക്ഷ വരുമെന്ന് പറഞ്ഞത് എന്താണ്?

ജീവനുള്ള ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ടവരാണ് നാം ഓരോരുത്തരും. അതുകൊണ്ട് തന്നെ ശിക്ഷ നമുക്ക് ഒഴി വായി കിട്ടുകയില്ല. ദൈവം തെരഞ്ഞെടുത്തു, ദൈവം അധികമായി സ്നേഹിച്ചു, ദൈവത്തിന്റെ കൃപ നമ്മുടെ മേൽപകർന്നു. നമ്മുടെ മേൽ തന്റെ അനുഗ്രഹങ്ങൾ പകർന്നു. നമുക്ക് ധാരാളം അവസരങ്ങൾ തന്നു. നമുക്ക് തിരിയുവാൻ സമയങ്ങൾ തന്നു. ദൈവം തന്റെ വചനം നമ്മുടെ നേരെ അയച്ചു. നമുക്ക് അനുഗ്രഹങ്ങളും കൃപ കളും സമൃദ്ധിയായി പകർന്നു തന്നു. ദൈവസ്നേഹം നമ്മുടെ മേൽ ഒഴുക്കിതന്നു.

എന്നാൽ ദൈവം പറയുന്നു ഇത് നിന്റെ ജീവിതത്തിൽ നീ പാഠമാക്കിക്കൊള്ളു, ‘ശിക്ഷ ഞാൻ മടക്കിക്കളകയില്ല’ എന്താണിതിന്റെ അർത്ഥം? ദൈവം നമുക്ക് അവസരങ്ങൾ തരുമ്പോൾ നമ്മുടെ ഉത്തരവാദിത്വം വർദ്ധിച്ചു. ദൈവം നമുക്ക് അനുഗ്രഹങ്ങൾ തരുമ്പോൾ നമ്മുടെ ഉത്തരവാ ദിത്വം വർദ്ധിച്ചു.

ദൈവത്തോട് നാം കടപ്പെട്ടവരായി നിൽക്കേണ്ടതാണ്. നമുക്ക് ലഭിച്ചതിന് ഒത്തപോലെ നാം നില്ക്കേണ്ടതാണ്.

തന്നകൃപയ്ക്ക് ഒത്തതുപോലെ നാം ജീവിക്കേണ്ടതാണ്. വിളിച്ച വിളിക്ക് യോഗ്യരായി നാം നടക്കേണ്ടതാണ്. നമ്മിൽ ആശവച്ചതിനൊത്തതുപോലെ നാം ജീവിക്കേണ്ടതാണ്.

വിളിച്ച വിളിയ്ക്ക് യോഗ്യരായി നടക്കുക. അപ്പൊസ്തലനായ പൗലോസ് എഫെസ്യ ലേഖനത്തിൽ അങ്ങനെ പറയുന്നുണ്ട്. വിളിച്ച വിളിക്ക് യോഗ്യരായി നടക്കണമെന്ന്. ദൈവം നമ്മെ വിളിച്ച വിളിക്ക് യോഗ്യരായി നാം നടക്കണം.

ഇങ്ങനെയാണ് പറയുന്നത്, എഫെസ്യ ലേഖനം നാലാം അദ്ധ്യായം ഒന്നാം വാക്യം .

> "കർത്തൃ സേവ നിമിത്തം ബദ്ധനായിരിക്കുന്ന ഞാൻ പ്രബോധിപ്പിക്കുന്നത്, നിങ്ങളെ വിളിച്ചിരിക്കുന്ന വിളിക്കുയോഗ്യമാം വണ്ണം പൂർണ്ണവിനയത്തോടും സൗമ്യതയോടും ദീർഘക്ഷമയോടും കൂടെനടക്കയും സ്നേഹത്തിൽ അന്യോന്യം പൊറുക്കയും ആത്മാവിന്റെ ഐക്യത സമാധാന ബന്ധത്തിൽ കാപ്പാൻ ശ്രമിക്കയും ചെയ്വിൻ."
>
> എഫെസ്യർ 4 : 1

നിങ്ങളെ വിളിച്ചിരിക്കുന്ന വിളിക്ക് യോഗ്യമായി നടപ്പിൻ.

നമ്മെ ദൈവം വിളിച്ചിരിക്കുന്നത് ഉന്നതമായ വിളിയാണ്. നമ്മെ ദൈവം തെരഞ്ഞെടുത്തിരിക്കുന്നത് നിത്യസ്നേഹത്തിന്റെ തെരഞ്ഞെടുപ്പാണ്. ദൈവത്തിന്റെ അനന്തസ്നേഹത്തിന്റെ തെരഞ്ഞെടുപ്പാണ്. നാം അതുകൊണ്ട് വിളിച്ച വിളിക്ക് യോഗ്യരായി നടക്കണം. ഇല്ലെങ്കിൽ അധികം ലഭിച്ചവനോട് അധികം ചോദിക്കും. അധികം ഏറ്റുവാങ്ങിയവനോട് അധികം ആവശ്യപ്പെടും. നാം മറക്കരുത്.

നാം ഭയത്തോടും വിറയലോടും കൂടി ദൈവസേവ ചെയ്യേ

ണ്ടതാണ്. നാം ഭയത്തോടും വിറയലോടുംകൂടി നിൽക്കേണ്ട താണ്. യഹോവയുടെ വചനം കേട്ട് നാം വിറയൽപൂണ്ടു വ രേണ്ടതാണ്. അതിക്രമങ്ങൾ നമ്മുടെ ജീവിതത്തിൽ നിന്ന് മാറ്റേണ്ടതാണ്. തിന്മയ്ക്ക് നാം ഇടംകൊടുക്കാതെ നമ്മെത്തന്നെ സൂക്ഷിക്കേണ്ടതാണ്. അഴുക്കിനും അശുദ്ധിക്കും നമ്മുടെ ജീവിതത്തിൽ ഇടം കൊടുക്കരുത്.

ജീവിതത്തിൽ തെറ്റുകൾ പറ്റിയാൽ ദൈവം നമ്മെ തെര ഞ്ഞെടുത്തിരിക്കുന്ന മഹാസ്നേഹം നിമിത്തം ദൈവത്തിന്റെ കരുണ നമ്മെ തെരഞ്ഞെടുത്തതു കൊണ്ട് ദൈവം നമ്മുടെ അകൃത്യങ്ങളൊക്കെയും നമ്മോട് ചോദിക്കും. ദൈവം നമ്മുടെ അകൃത്യങ്ങളൊക്കെയും നമ്മോട് സന്ദർശിക്കു മെന്ന് തിരുവചനം പറയുന്നു.

“ഭൂമിയിലെ സകല വംശങ്ങളിലുംവെച്ച് ഞാൻ നിങ്ങളെ മാത്രം തെരഞ്ഞെടുത്തിരിക്കുന്നു. അതുകൊണ്ട് ഞാൻ നിങ്ങളുടെ അകൃത്യങ്ങളൊക്കെയും നിങ്ങളിൽ സന്ദർശി ക്കും.”

ജീവനുള്ള ദൈവത്തിന്റെ സ്നേഹം അവസരങ്ങൾ തന്ന് നമ്മെ അനുഗ്രഹിക്കുകയാണ്. ഉത്തരവാദിത്വങ്ങൾ തരു ന്നു. നമുക്ക് ചുമതലകൾ തരുന്നു. നമുക്ക് കടപ്പാടുകൾ തരുന്നു. അതിനൊത്തതുപോലെ നാം നിന്നില്ലെങ്കിൽ സ്വയ മേവ നാം ശിക്ഷയ്ക്കു പാത്രീഭൂതരാകുവാൻ കാരണമായി തീരുന്നു.

ദൈവം നമ്മെ തള്ളിക്കളയുകയല്ല, നാം സ്വയം തള്ള പ്പെടുകയാണ് ചെയ്യുന്നത്. ദൈവം നമ്മെ ഇടിച്ചു കളയു കയല്ല, നാം സ്വയം നശിക്കുകയാണ് ചെയ്യുന്നത്. ദൈവ ത്തിന്റെ കരുണയും ദൈവത്തിന്റെ കൃപയും നാം അന്യാ ധീനപ്പെടുത്തി കളയരുത്. ദൈവമോ സ്നേഹവാൻ തന്നെ, ദൈവമോ കാരുണ്യം തന്നേ.

ധൂർത്ത പുത്രന്റെ ഉപമയിൽ നമ്മുടെ കരുണയുള്ള

കർത്താവ് ആ മുടിയൻ പുത്രൻ തിരിച്ചു വന്നതിനെക്കുറിച്ച് പറയുന്ന ഭാഗത്ത് ഇങ്ങനെ പറയും. ആ അപ്പന്റെ മൂത്ത മകൻ കോപിച്ചു എന്ന്. മൂത്തമകൻ ഗേറ്റിന് പുറത്തു നിന്നു എന്ന്. “ഇത് എന്ത്? എന്നു ചോദ്യം ചെയ്തുകൊണ്ട് അവൻ പുറത്തു നിൽക്കുകയാണ്.

ഞാൻ അറിയാതെ ഈ വീട്ടിൽ ഒരു വിരുന്നോ? ഞാൻ അറിയാതെ ഈ വീട്ടിൽ ഒരു സന്തോഷമോ? ഞാൻ അറിയാതെ ഈ വീട്ടിൽ ഒരു ആഹ്ളാദമോ? ഞാൻ അറിയാതെ ഈ വീട്ടിൽ ഒരു ആരവാരമോ? ഇതെന്ത്? എന്തൊരു ശബ്ദമാണ് ഈ വീട്ടിൽ കേൾക്കുന്നത്? എന്താണിത്?

വേലക്കാർ പറഞ്ഞു : നിന്റെ സഹോദരൻ തിരിച്ചുവന്നു. ആരോഗ്യത്തോടെ തിരിച്ചുവന്നു, സമാധാനത്തോടെ തിരിച്ചുവന്നു, അവൻ ജീവനോടെ തിരിച്ചുവന്നു, അതുകൊണ്ട് നിന്റെ അപ്പൻ സന്തോഷിക്കുകയാണ്.

അപ്പന്റെ സന്തോഷത്തിൽ പങ്കുചേരുകയല്ലേ മകൻ ചെയ്യേണ്ടത്? വാസ്തവത്തിൽ ആ മകൻ അപ്പന്റെ സന്തോഷത്തിൽ കൂട്ടുചേർന്ന് സന്തോഷിക്കുകയല്ലേ ചെയ്യേണ്ടത്? പക്ഷേ അവൻ കോപിച്ച് പുറത്തു നിൽക്കുകയാണ്. അപ്പനോ കാരുണ്യവാനാണ്. അപ്പൻ അവനെ എന്നും തന്റെ വേലയിൽ നിറുത്തിയതാണ്. അവനെ തന്റെ വയലിൽ കാത്തതാണ്. അവനെ തന്റെ വീട്ടിൽ പാർപ്പിച്ചതാണ്. അവസരങ്ങൾ അവസരങ്ങൾ, അവന് കൊടുത്തതാണ്. പക്ഷേ അവന് കിട്ടിയ നന്മയുടെ വില അവനറിഞ്ഞില്ല. അവന് സ്വയം അഹന്തവന്നു. അവന് സ്വയം അഭിമാനം തോന്നി. അവന് ചില അവകാശവാദങ്ങൾ വന്നു.

“ഞാൻ ഇതുവരേയും നിന്റെ കല്പനകൾ ലംഘിച്ചിട്ടില്ല. ഇത്രകാലമായി ഞാൻ നിന്നെ സേവിക്കുന്നു.” എല്ലാം അവകാശവാദങ്ങളാണ്. ലൂക്കോസിന്റെ സുവിശേഷം പതിനഞ്ചാം അദ്ധ്യായത്തിന്റെ ഒടുവിലത്തെ ഖണ്ഡിക വായിക്കുമ്പോൾ

നാം കാണും. ഈ മൂത്തമകൻ വയലിൽ നിന്ന് വരികയാണ്. അപ്പന്റെ വയലിൽ വേലചെയ്തിട്ടാണ് വരുന്നത്.

നല്ല സ്വഭാവം എന്നുതോന്നാം. വയലിൽ വേലയിൽ നിഷ്ഠയോടെ നിൽക്കുന്നവനാണ്. അവൻ വയലിൽ നിന്ന് തിരികെ വരികയാണ്. അപ്പോൾ അവൻ നിന്ന് പറയുകയാണ്, ഞാൻ ഇത്രകാലമായി നിന്നെ സേവിക്കുന്നു. നിന്റെ കല്പന ഒരിക്കലും ഞാൻ ലംഘിച്ചിട്ടില്ല. ശരിയാണ് അവൻ പറഞ്ഞത്. പക്ഷേ അവന് അതിൽ അവകാശവാദമുണ്ട്.

അപ്പൻ തന്ന മഹാഭാഗ്യം. അപ്പന്റെ വയലിൽ നിൽക്കുവാൻ തന്ന മഹാഭാഗ്യം. അനുജന് ആ ഭാഗ്യം കിട്ടാതെ പോയി. എനിക്കു കിട്ടിയ ഒരു വലിയ പദവിയാണ്. അത് മനസ്സിലാക്കാനുള്ള വിനയം അവന് ഉണ്ടായില്ല. അവൻ നിന്ന് വാദിക്കുകയാണ്.

ചങ്ങാതിമാരോടുകൂടെ, വേശ്യമാരോടുകൂടെ മുതൽ തിന്നു കളഞ്ഞ നിന്റെ ഈ മകൻ വന്നപ്പോഴേക്കോ നീ തടിപ്പിച്ച കാളക്കുട്ടിയെ അറുത്തുവല്ലോ. എന്റെ ചങ്ങാതിമാരോടു കൂടെ സന്തോഷിച്ചാനന്ദിക്കുവാൻ എനിക്ക് ഒരു ആട്ടിൻ കുട്ടിയെപ്പോലും തരുവാൻ നിനക്ക് തോന്നിയില്ലല്ലോ. അവൻ അപ്പനോട് വാദിക്കുകയാണ്. അപ്പനോട് തർക്കിക്കുകയാണ്, അപ്പനെ കുറ്റപ്പെടുത്തുകയാണ്, അപ്പനോട് കോപിക്കുകയാണ്.

അപ്പൻ പുറത്ത് നിന്ന് മകനോട് കെഞ്ചുകയാണ് : മകനേ നീ എന്നും എന്റെ കൂടെ അല്ലേ? എന്റേത് എല്ലാം നിന്റേതല്ലേ? നീ എന്തിനാണ് മത്സരിച്ചു നിൽക്കുന്നത്? നിന്റെ അനുജൻ, അവൻ സന്തോഷത്തോടെ വന്നതല്ലേ? അവനെ സ്വീകരിക്കേണ്ടതല്ലേ? അവൻ മരിച്ചവനല്ലായിരുന്നോ? അവൻ ഇപ്പോൾ ജീവൻ പ്രാപിച്ചിരിക്കയല്ലേ? നീ സന്തോഷിപ്പിൻ. നീയും അകത്തേക്കു വരുവിൻ.

ഉപമ അവസാനിക്കുമ്പോൾ മൂത്തമകൻ പുറത്ത്, ഇളയ

മകൻ അകത്ത്. വേശ്യമാരോടുകൂടെ ജീവിച്ചവനും ദുർന്നട പ്പുകാരനായി ജീവിച്ച് മുതലെല്ലാം മുടിച്ചു കളഞ്ഞവനുമായ ഇളയമകൻ മാനസാന്തരപ്പെട്ട് അനുതപിച്ചു തിരിച്ചുവന്നപ്പോൾ അവൻ അപ്പന്റെ വിരുന്നുമേശയിൽ.

അവൻ ആഘോഷത്തിന്റെ നടുവിൽ, അവൻ ആഹ്ളാദ ത്തിന്റെ തിരത്തല്ലലിൽ, ആനന്ദം തുടങ്ങി, ആഘോഷം തുടങ്ങി ആ ഭവനത്തിൽ, എന്നാൽ മൂത്തമകനോ?

അതുവരെ വയലിലായിരുന്ന മൂത്തമകൻ കാലങ്ങളായി അപ്പന്റെ വയലിൽ വേല ചെയ്ത മൂത്തമകൻ, അപ്പന്റെ കല്പന ഒരിക്കലും ലംഘിച്ചിട്ടില്ലാത്ത മൂത്തമകൻ, അപ്പോൾ പുറത്ത് നിൽക്കുകയാണ്. ഈ കെടുതി നമുക്ക് വരരുത്. നമുക്ക് ലഭിച്ചിരിക്കുന്ന നല്ല അവസരങ്ങൾ ഉപയോഗപ്പെ ടുത്തി ദൈവത്തിങ്കലേയ്ക്ക് തിരിയുവിൻ. പാപത്തോട് യാത്ര പറയുവിൻ. വിശുദ്ധ ജീവിതം ആരംഭിപ്പിൻ, ദൈവത്തിന് മഹത്വം കൊടുപ്പിൻ, പുതിയ ജീവിതം ആരംഭിക്കുവിൻ. ദൈവനാമം മഹത്വപ്പെടട്ടെ.

## അഞ്ച്

"ഭൂമിയിലെ സകല വംശങ്ങളിലുംവെച്ച് ഞാൻ നിങ്ങളെ മാത്രം തെരഞ്ഞെടുത്തിരിക്കുന്നു; അതു കൊണ്ട് ഞാൻ നിങ്ങളുടെ അകൃത്യങ്ങളൊക്കെയും നിങ്ങളിൽ സന്ദർശിക്കും." ആമോസ് 3 : 2

ദൈവം തെരഞ്ഞെടുക്കുന്ന ജനം, എങ്കിലും അവരുടെ അകൃത്യം ദൈവം സന്ദർശിക്കും എന്നാണ് പറയുന്നത്. ദൈവം തെരഞ്ഞെടുത്തു, ദൈവം ദത്തെടുത്തു, ദൈവം കരുണ കാണിച്ചു. ദൈവം വിശുദ്ധീകരിച്ചു, ദൈവം നിയമിച്ചു, ദൈവം മുന്നറിഞ്ഞു, ദൈവം മുന്നമെ നിയമിച്ചു. ദൈവം വിളിച്ചു, ദൈവം വേർതിരിച്ചു, ദൈവം തേജസ്കരിച്ചുമിരിക്കുന്നു.

"അതുകൊണ്ട് ഞാൻ നിങ്ങളുടെ അകൃത്യങ്ങളൊക്കെയും നിങ്ങളിൽ സന്ദർശിക്കും."

എന്തെല്ലാമായിരുന്നു യിസ്രായേലിന്റെ അതിക്രമങ്ങൾ?

ഒന്ന് : രണ്ടാം അദ്ധ്യായം ആറാം വാക്യം.

"അവർ നീതിമാനെ പണത്തിനും ദരിദ്രനെ ഒരു കൂട്ട് ചെരിപ്പിനും വിറ്റുകളഞ്ഞിരിക്കയാൽ തന്നേ, ഞാൻ ശിക്ഷ മടക്കിക്കളകയില്ല."

നീതിമാനെ പണത്തിന് വിറ്റുകളഞ്ഞു. ദരിദ്രനെ ഒരുകൂട്ട് ചെരുപ്പിനും വിറ്റുകളഞ്ഞു. അതുകൊണ്ട് ശിക്ഷ മടക്കിക്ക ളകയില്ല. Economic Exploitation, സാമ്പത്തികമായ ചൂഷണം. അഴിമതി, കൈക്കൂലി എന്നിവ.

അഞ്ചാം അദ്ധ്യായത്തിന്റെ പതിനൊന്നാം വാക്യത്തിൽ അതുതന്നെയാണ് കാണുന്നത്.

“അങ്ങനെ നിങ്ങൾ എളിയവനെ ചവിട്ടിക്കളകയും അവ നോട് കോഴയായി ധാന്യം വാങ്ങുകയും ചെയ്യുന്നതിനാൽ നിങ്ങൾ വെട്ടുകല്ലുകൊണ്ട് വീടുപണിയും. അതിൽ പാർക്ക യില്ല താനും, നിങ്ങൾ മനോഹരമായ മുന്തിരിത്തോട്ടങ്ങൾ ഉണ്ടാക്കും, അവയിലെ വീഞ്ഞ് കുടിക്കയില്ല താനും.”

നിങ്ങൾ എളിയവനെ ചവിട്ടിക്കളയുന്നു. അവനോട് കോഴ യായി ധാന്യം വാങ്ങുന്നു. അതുകൊണ്ട് നിങ്ങൾക്ക് ശിക്ഷ ഉണ്ടാകും എന്നത്രേ ദൈവം പറയുന്നത്. എന്താണ് ശിക്ഷ?

നിങ്ങൾ വെട്ടുകല്ലുകൊണ്ട് വീടുപണിയും, അതിൽ പാർക്കയില്ല. നിങ്ങൾ മനോഹരമായ മുന്തിരിത്തോട്ടങ്ങൾ ഉണ്ടാക്കും, അവയിലെ വീഞ്ഞ് കുടിക്കയില്ല.

നീതിമാനെ ക്ലേശിപ്പിച്ച് കൈക്കൂലി വാങ്ങുകയും ഗോപു രത്തിങ്കൽ ദരിദ്രന്മാരുടെ ന്യായം മറിച്ചുകളകയും ചെയ്യു ന്നവരേ നിങ്ങളുടെ അതിക്രമങ്ങൾ അനവധിയും നിങ്ങളുടെ പാപങ്ങൾ കഠിനവും എന്നു ഞാൻ അറിയുന്നു.

നീതിമാനെ ക്ലേശിപ്പിച്ച് കൈക്കൂലി വാങ്ങുന്നു. മാത്രമല്ല ഗോപുരത്തിങ്കൽ ദരിദ്രന്മാരുടെ ന്യായം മറിച്ചു കളയുന്നു. അതിക്രമങ്ങൾ അനവധിയാണ് നിങ്ങളുടേത്. നിങ്ങളുടെ പാപങ്ങൾ കഠിനം എന്ന് ഞാൻ അറിയുന്നു.

അഴിമതിയും കൈക്കൂലിയും കൊള്ളലാഭവും കൊള്ളരു തായ്മയും വർദ്ധിച്ചു വരുന്നു. ഇന്ന് സമൂഹത്തിൽ അതെ ല്ലാമല്ലേ നടക്കുന്നത് ?

ഈ വാക്കുകളെ വായിക്കുന്ന നിങ്ങൾ ആരെങ്കിലും അഴിമതിക്കു കൂട്ടു നിൽക്കുന്നുണ്ടോ? കൊള്ളലാഭത്തിന് കൂട്ടു നിൽക്കുന്നുണ്ടോ? അശുദ്ധിക്കും തിന്മയ്ക്കും കൂട്ടു നിൽക്കുന്നുണ്ടോ? കൈക്കൂലി വാങ്ങി ന്യായം മറച്ചു കള യുന്നുണ്ടോ? നീതി കിട്ടേണ്ടവന് നീതി കൊടുക്കാതെ കൈക്കൂലിയും സ്വജനപക്ഷപാതവും കൊണ്ട് നിങ്ങൾ പാവ പ്പെട്ടവനെ വേദനിപ്പിക്കുകയും ദുഃഖിപ്പിക്കുകയും വലയ്ക്കു കയും ക്ഷീണിപ്പിക്കുകയും തളർത്തുകയും ചെയ്യുന്നുണ്ടോ?

ദൈവപൈതലേ, ഓർക്കൂ, ഇതിന് ശിക്ഷയുണ്ട്, ദൈവം ശിക്ഷ മടക്കിക്കളകയില്ല എന്നത്രേ നിത്യനായ ദൈവം അരുളിച്ചെയ്യുന്നത്. നീതിമാനെ പണത്തിനും ദരിദ്രനെ ഒരു കൂട്ടു ചെരിപ്പിനും വിറ്റുകളയുന്നു.

മാത്രമല്ല. വേറൊന്ന് - Moral Degradation- ധാർമ്മിക അധഃ പതനം, സാന്മാർഗ്ഗികമായ അപചയം, സാന്മാർഗിക ക്ഷയം. എന്താണത്? രണ്ടാം അദ്ധ്യായം ഏഴാം വാക്യം :

> "അവർ എളിയവരുടെ തലയിൽ മൺപൊടി കാണ്മാൻ കാംക്ഷിക്കുകയും സാധുക്കളുടെ വഴി മറച്ചുകളകയും ചെയ്യുന്നു, എന്റെ വിശുദ്ധ നാമത്തെ അശുദ്ധമാക്കുവാൻ തക്കവണ്ണം ഒരു പുരുഷനും അവന്റെ അപ്പനും ഒരേ യുവതിയുടെ അടുക്കൽ ചെല്ലുന്നു." ആമോസ് 2 : 7

വ്യഭിചാരാസക്തി പൂണ്ട ജനം, കൊള്ളരുതായ്മയ്ക്ക്, അസാന്മാർഗ്ഗീകതയ്ക്ക് ഇടം കൊടുക്കുന്ന ജനം. തിന്മയും അഴുക്കും അശുദ്ധിയും മ്ലേച്ഛതയും നടമാടുന്ന സമൂഹം. ഒരു പുരുഷനും അവന്റെ അപ്പനും ഒരേ യുവതിയുടെ അടുക്കൽ ചെല്ലുന്നു.

> മാത്രമല്ല, എത്രഹീനമാണ് പണയം. "ഏതു ബലി പീഠത്തിന്നരികത്തും പണയം വാങ്ങിയ വസ്ത്രം വിരിച്ചു കിടന്നുറങ്ങുകയും പിഴ അടച്ചവരുടെ

വീഞ്ഞ് തങ്ങളുടെ ദൈവത്തിന്റെ ആലയത്തിൽ വച്ച് കുടിക്കുകയും ചെയ്യുന്നു.

ആമോസ് 2 : 8

സ്വന്തമല്ലാത്ത വസ്തുവകകൾ അനുഭവിക്കുന്നു. ആലയത്തിൽ വച്ച് വീഞ്ഞ് കുടിക്കുന്നു. ലഹരി പിടിപ്പിക്കുന്നതായ മദ്യം തൊടാൻ പാടില്ലാത്തതാണ്. മദ്യം പിശാചാണ്, മദ്യം വിഷമാണ്, എന്നാലോ അത് കുടിക്കുന്നു എന്ന പാപം മാത്രമല്ല, അതിവിശുദ്ധ സ്ഥലത്തുവച്ചുപോലും അത് കുടിക്കാൻ മടിക്കുന്നില്ല.

മദ്യം അത്യന്തം വിശുദ്ധമായ ആരാധനാലയങ്ങളിൽപോലും കുടിക്കുകയും വിളമ്പുകയും അതിന് പ്രോത്സാഹനം കൊടുക്കുകയും ചെയ്യുന്നു. എത്രയോ ഹീനമായ കാര്യം! ശിക്ഷ ഞാൻ മടക്കിക്കളകയില്ല.

നിങ്ങൾ തിരഞ്ഞെടുക്കപ്പെട്ട ജനമാണ്, ശരി. പക്ഷേ നിങ്ങളുടെ പാപം ഭയാനകം. അതുകൊണ്ട് ഞാൻ ശിക്ഷ മടക്കിക്കളകയില്ല.

മാത്രമല്ല നാലാം അദ്ധ്യായം ഒന്നാം വാക്യം മുതൽ :

“എളിയവരെ പീഡിപ്പിക്കയും ദരിദ്രന്മാരെ തകർക്കുകയും തങ്ങളുടെ ഭർത്താക്കന്മാരോട് : കൊണ്ടുവരുവിൻ, ഞങ്ങൾ കുടിക്കട്ടെ എന്ന് പറകയും ചെയ്യുന്ന ശമര്യാപർവ്വതത്തിലെ ബാശാന്യപശുക്കളേ, ഈ വചനം കേൾപ്പിൻ, ഞാൻ നിങ്ങളെ കൊളുത്തുകൊണ്ടും നിങ്ങളുടെ സന്തതിയെ ചൂണ്ടൽകൊണ്ടും പിടിച്ചുകൊണ്ടുപോകുന്ന കാലം നിങ്ങൾക്ക് വരും എന്ന് യഹോവയായ കർത്താവ് തന്റെ വിശുദ്ധിയെ ചൊല്ലി സത്യം ചെയ്തിരിക്കുന്നു.”

മദ്യപാനം, ലോകമോഹം, മാത്രമല്ല, അവിടെ എന്താണ് കാണുന്നത്? നാലാം അദ്ധ്യായം നാലാം വാക്യത്തിൽ പറയുന്നു.

“ബേഥേലിൽ ചെന്ന് അതിക്രമം ചെയ്‌വിൻ; ഗിൽഗാലിലിൽ ചെന്ന് അതിക്രമം വർദ്ധിപ്പിപ്പിൻ; രാവിലെ തോറും നിങ്ങളുടെ ഹനനയാഗങ്ങളെയും മൂന്നാം നാൾ തോറും നിങ്ങളുടെ ദശാംശങ്ങളെയും കൊണ്ടു ചെല്ലുവിൻ.”

എന്താണ് പറയുന്നത്? ഗില്ഗാലിലും ബേഥേലിലും അതിക്രമവും അകൃത്യവും വർദ്ധിപ്പിപ്പിൻ എന്ന് ദൈവം അവരുടെ അകൃത്യ ജീവിതത്തെ നോക്കിക്കൊണ്ട് വേദനയോടെ പറയുകയാണ്.

അകൃത്യം വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്നു. മാത്രമല്ല, യോസേഫിന്റെ കേടിനെക്കുറിച്ച് നിങ്ങൾ വ്യസനിക്കുന്നില്ല. ആറാം അദ്ധ്യായം അഞ്ചാം വാക്യം :

“നിങ്ങൾ വീണാനാദത്തോടെ വ്യർത്ഥ സംഗീതം ചെയ്തു ദാവീദ് എന്നപോലെ വാദിത്രങ്ങളെ ഉണ്ടാക്കുന്നു. നിങ്ങൾ കലശങ്ങളിൽ വീഞ്ഞ് കുടിക്കയും വിശേഷതൈലം പൂശുകയും ചെയ്യുന്നു; യോസേഫിന്റെ കേടിനെക്കുറിച്ച് വ്യസനിക്കുന്നില്ല താനും.”

നിങ്ങൾക്ക് കേടുവന്നു എന്ന് നിങ്ങൾ അറിയുന്നില്ല. അതിനെ ഓർത്ത് വ്യസനിക്കുന്നില്ല. നിങ്ങൾ വീണാനാദത്തോടെ വ്യർത്ഥഗീതം ചെയ്യുന്നു. നിങ്ങൾ വാദിത്രങ്ങളെ ഉണ്ടാക്കുന്നു. നിങ്ങൾ സുന്ദരമായ മധുര ഗാനങ്ങൾ പാടുന്നു. നല്ല ഗാനങ്ങളും നല്ല സംഗീതങ്ങളും നല്ല ഗീതങ്ങളും ആലപിക്കുന്നു. അർത്ഥം അറിയുന്നില്ലെങ്കിൽ പോലും, അർത്ഥം അറിയാൻ ശ്രമിക്കുന്നില്ലെങ്കിൽ പോലും നല്ല അർത്ഥവത്തായ ഗീതങ്ങൾ നിങ്ങൾ ചൊല്ലിതികയ്ക്കുന്നു, ചൊല്ലിക്കൂട്ടുന്നു.

നല്ല സുന്ദരമായ പ്രാർത്ഥനകൾ, നല്ല മനോഹരമായ പ്രമിയോനുകൾ, നല്ല സെദറാകൾ, നല്ല സുന്ദരമായ ഗീതങ്ങൾ, നല്ല ഗാനങ്ങൾ, നല്ല ഈണങ്ങൾ, നല്ല നിറങ്ങൾ, നല്ല വർണ്ണങ്ങൾ എല്ലാമെല്ലാമുണ്ട്. പക്ഷേ നിർഭാഗ്യം, പാപം

ജീവിതത്തിൽ നിന്ന് മാറ്റുന്നില്ല. യോസേഫിന്റെ കേടിനെക്കുറിച്ച് വ്യസനിക്കുന്നില്ല, എന്നത്രേ പ്രവാചകൻ പറയുന്നത്.

മാത്രമല്ല ആ ജീവിതത്തെക്കുറിച്ച് വളരെ വളരെ വേദനയോടെ ദൈവം തമ്പുരാൻ കല്പിക്കുന്നു.

"ഗോപുരത്തിങ്കൽ ന്യായം വിധിക്കുന്നവനെ അവർ ദ്വേഷിക്കയും പരമാർത്ഥം സംസാരിക്കുന്നവനെ വെറുക്കുകയും ചെയ്യുന്നു." എന്ന് അഞ്ചാം അദ്ധ്യായം പത്താം വാക്യത്തിൽ പറയുന്നു.

ദൈവഭയമില്ല, ദൈവ ബോധമില്ല, ദൈവ ഭക്തിയില്ല, ഗോപുരത്തിങ്കൽ ന്യായം വിധിക്കുന്നവനെ അവർ ദ്വേഷിക്കുകയും പരമാർത്ഥം സംസാരിക്കുന്നവനെ വെറുക്കുകയും ചെയ്യുന്നു. മാത്രമല്ല, പിന്നേയും പറയുന്നു.

> "നിങ്ങളുടെ മത്സരങ്ങളെ ഞാൻ ദ്വേഷിച്ചു നിരസിക്കുന്നു, നിങ്ങളുടെ സഭായോഗങ്ങളിൽ എനിക്കു പ്രസാദമില്ല. നിങ്ങൾ എനിക്ക് ഹോമയാഗങ്ങളും ഭോജന യോഗങ്ങളും അർപ്പിച്ചാലും ഞാൻ പ്രസാദിക്കയില്ല; തടിച്ച മൃഗങ്ങൾ കൊണ്ടുള്ള നിങ്ങളുടെ സമാധാന യാഗങ്ങളെ ഞാൻ കടാക്ഷിക്കയില്ല. നിന്റെ പാട്ടുകളുടെ സ്വരം എന്റെ മുമ്പിൽ നിന്നു നീക്കുക, നിന്റെ വീണാനാദം ഞാൻ കേൾക്കയില്ല"
> ആമോസ് 5 : 21-23

വീണാനാദമുണ്ട്, സുന്ദരമായ നല്ല choir set ന്റെ ഗാനാലാപമുണ്ട്. മനോഹരമായ സുന്ദരമായ സംഗീത ധ്വനികളുണ്ട്. മധുര മോഹനമായ നല്ല ഹൃദയം കവരുന്ന ഗാനനിർഝരിയുണ്ട്, എല്ലാമുണ്ട്. കൈകൊട്ടുണ്ട്; മനോഹരമായി പാടുന്നുണ്ട്. നല്ല വാദിത്രങ്ങളുണ്ട്, നല്ല വീണകളുണ്ട്, നല്ല organs ഉണ്ട്, നല്ല പാട്ടും, മേളവും, കൊഴുപ്പും ഉണ്ട്. നല്ല നിറങ്ങളും നല്ല രാഗഭേദങ്ങളുമുണ്ട്. നല്ല rhythm ഉണ്ട്. നല്ല താളമുണ്ട് എല്ലാമുണ്ട്. പക്ഷേ നിങ്ങളുടെ പാപം നിങ്ങൾ

മാറ്റുന്നില്ല.

നിങ്ങളുടെ മത്സരങ്ങളെ ഞാൻ ദ്വേഷിച്ച് നിരസിക്കുന്നു. നിങ്ങളുടെ സഭായോഗങ്ങളിൽ എനിക്ക് പ്രസാദമില്ല. നിങ്ങൾ എനിക്ക് ഹോമയാഗങ്ങളും ഭോജനയാഗങ്ങളും അർപ്പിച്ചാലും ഞാൻ പ്രസാദിക്കുകയില്ല. തടിച്ച മൃഗങ്ങൾ കൊണ്ടുള്ള നിങ്ങളുടെ സമാധാന യാഗങ്ങളെ ഞാൻ കടാക്ഷിക്കയില്ല. നിന്റെ പാട്ടുകളുടെ സ്വരം എന്റെ മുൻപിൽ നിന്ന് നീക്കുക. നിന്റെ വീണാ നാദം ഞാൻ കേൾക്കയില്ല എന്നാണ് നിത്യനായ ദൈവം അരുളിച്ചെയ്യുന്നത്.

പ്രിയപ്പെട്ടവരേ, വീണ്ടും ദൈവം വേദനയോടെ പറയുന്നു, ആറാം അദ്ധ്യായം പന്ത്രണ്ടാം വാക്യം മുതൽ :

"നിങ്ങൾ ന്യായത്തെ നഞ്ചായും നീതിഫലത്തെ കാഞ്ഞിരമായും മാറ്റിയിരിക്കുന്നു. നിങ്ങൾ മിത്ഥ്യാവസ്തുവിൽ സന്തോഷിച്ചുംകൊണ്ടു : സ്വന്തശക്തിയാൽ ഞങ്ങൾ പ്രാബല്യം പ്രാപിച്ചിട്ടില്ലയോ എന്നു പറയുന്നു."

ഞങ്ങൾക്ക് സ്വന്തശക്തിയുണ്ട്, ഞങ്ങൾ പ്രാബല്യം പ്രാപിക്കുന്നു. സുഖലോലുപരായി കഴിയുന്നു. സന്തോഷ സമൃദ്ധിയിൽ രസിക്കുന്നു. ഈ ലോകത്തിന്റെ ആനന്ദങ്ങളിൽ പുളച്ചു മദിക്കുന്നു, മേളിക്കുന്നു, കൊഴുപ്പുകൂട്ടുന്നു. ആനന്ദത്തിൽ ആറാടുന്നു. അങ്ങനെ ലോകമോദങ്ങളിലും പാപഇമ്പങ്ങളിലും രസിച്ച് സുഖ ഭോഗങ്ങളിൽ മുഴുകി നിങ്ങൾ ദൈവഭയമില്ലാതെ ജീവിക്കുന്നു. ഞാൻ ശിക്ഷ മടക്കിക്കളകയില്ല എന്ന് ജീവനുള്ള ദൈവം വേദനയോടെ അറിയിക്കുന്നു.

ദൈവം പാപത്തിന് ശിക്ഷാവിധിയുണ്ട് എന്ന് വ്യക്തമായി ദൈവം കല്പിക്കുന്നു. അതാണ് ആമോസ് മൂന്നിന്റെ രണ്ടിൽ നാം കാണുന്നത്.

"ഭൂമിയിലെ സകല വംശങ്ങളിലുംവെച്ച് ഞാൻ നിങ്ങളെ മാത്രം തെരഞ്ഞെടുത്തിരിക്കുന്നു; അതുകൊണ്ട് ഞാൻ നിങ്ങ

ളുടെ അകൃത്യങ്ങളൊക്കെയും നിങ്ങളിൽ സന്ദർശിക്കും."

പ്രിയപ്പെട്ടവരേ, ജീവനുള്ള ദൈവത്തിന്റെ വേദനകണ്ട് ദൈവത്തിങ്കലേയ്ക്ക് മനം തിരിയുമോ? വരാൻ പോകുന്ന ഭീകരമായ ശിക്ഷാവിധി കാരുണ്യവാനായ ദൈവം ചൂണ്ടിക്കാണിക്കുന്നത് മനസ്സിലാക്കിക്കൊണ്ട് വേഗം ശിക്ഷാവിധിയിൽ നിന്ന് ഒഴിവുള്ളവരാകുമോ? നിത്യനരകത്തിന്റെ ഭീകരമായ തീപ്പൊയ്കയിലേയ്ക്ക് പോകുന്നതിന് മുമ്പ്, നിത്യദണ്ഡനം നിങ്ങളുടെ തലമേൽ വരുന്നതിന് മുമ്പ്, നിത്യശാപത്തിലേയ്ക്ക് നീങ്ങുന്നതിന് മുൻപ് അതിവേഗം ഗോഗുൽത്തായിലെ കുരിശിൽ മരിച്ചരക്ഷകന്റെ പാദം തേടുമോ? ക്രൂശിൽ മരിച്ച ക്രിസ്തുവിനെ വിളിച്ചപേക്ഷിക്കുമോ?

കർത്താവേ എനിക്കു മോചനം തരണമേ നാഥാ എന്നെ വിടുവിക്കണമേ. എന്റെ ദൈവമേ എന്റെ പാപത്തിന്റെ ഭീകരമായ കെടുതികളിൽ നിന്നെനിക്കു മോചനം തരണമേ പാപത്തിന്റെ എല്ലാ അഴുക്കുകളും എന്നിൽ നിന്ന് കഴുകിമാറ്റണമേ, നിന്റെ തിരുരക്തത്തിന്റെ മുദ്ര എനിക്ക് തരണമേ.

ഇന്ന് മുതൽ ഞാൻ ഒരു പുതിയ സൃഷ്ടിയായി ജീവിക്കും എന്ന് ഞാൻ ഇതാ നിന്നോട് വാക്കു പറയുന്നു. എന്നെ നീ കഴുകണമെ കർത്താവേ എന്റെ പാപം പോക്കണമെ. ശിക്ഷ എന്റെ മേൽ വന്ന് വീഴുന്നതിന് മുമ്പ്, ശിക്ഷാവിധി എന്റെ ശിരസ്സിൽ വന്ന് പതിക്കുന്നതിന് മുമ്പ് നാഥാ എനിക്ക് നീ മോചനം തരണമെ. എന്റെ പാപക്കറകൾ തിരുരക്തത്താൽ കഴുകണമെ.

ദൈവ പൈതലേ, പ്രാർത്ഥിക്കുമോ? മകനേ ദൈവത്തോട് കരയുമോ? ദൈവസന്നിധിയിൽ അനുതപിക്കുമോ? ദൈവകൃപയ്ക്കായി യാചിക്കുമോ? ദൈവത്തിന്റെ കൃപയ്ക്കായി യാചിച്ചുകൊണ്ട് പുതിയ തീരുമാനം എടുക്കുമോ? പുതിയ സമർപ്പണം എടുക്കുമോ?

## 55

ജീവിതം ക്രിസ്തുവിന് കൊടുക്കുവിൻ. ദൈവനാമം മാത്രം മഹത്വപ്പെടട്ടെ.

## ആറ്

“നിന്റെ ദൈവത്തെ എതിരേൽപ്പാൻ ഒരുങ്ങി ക്കൊൾക” ആമോസ് 4 : 2

ആമോസ് നൽകുന്ന ദൈവിക പ്രബോധനമാണ് ഈ വാക്യം. പാപം ചെയ്തു തഴമ്പിച്ചുപോയ ജനത്തെ നോക്കി ആമോസ് പ്രവാചകനിൽ കൂടി ദൈവത്തിന്റെ സ്നേഹമുള്ള ആത്മാവ് വരാൻ പോകുന്ന ശിക്ഷാവിധിയുടെ മുന്നറിയിപ്പ് നൽകിക്കൊണ്ട് അരുളിച്ചെയ്യുകയാണ്.

“നിന്റെ ദൈവത്തെ എതിരേൽപ്പാൻ ഒരുങ്ങി ക്കൊൾക.”

കാരണം, ദൈവം പറയുന്നു, “നിങ്ങൾ കത്തുന്ന തീയിൽ നിന്ന് വലിച്ചെടുക്കപ്പെട്ട ഒരു കൊള്ളിപോലെ ആയിരുന്നു”

കത്തുന്ന തീയിൽ നശിച്ചുകൊണ്ടിരിക്കുകയായിരുന്നു. കത്തി അമരുകയായിരുന്നു, കത്തിത്തീരുകയായിരുന്നു, കത്തി ദഹിച്ചുകൊണ്ടിരിക്കുകയായിരുന്നു. എന്നാൽ കത്തി ക്കൊണ്ടിരുന്ന തീയിൽ നിന്ന്, അനേകം കൊള്ളികൾ കത്തി ക്കൊണ്ടിരുന്നതിൽ നിന്ന്, നിങ്ങളെ ഒരു കൊള്ളിയെ മാത്രം എടുത്തു മാറ്റിയിട്ടു, തീ കെടുത്തിത്തന്നു.

“നിങ്ങൾ കത്തുന്ന തീയിൽ നിന്ന് വലിച്ചെടു ക്കപ്പെട്ട ഒരു കൊള്ളിപോലെ ആയിരുന്നു.” 4 : 11

ദൈവത്തിന്റെ അത്ഭുത സ്നേഹം! എത്രയോ പേർ ദൈവത്തെ അറിയാതെ ജീവിക്കുന്നു. നിങ്ങൾക്കോ വചനം കിട്ടി. നിങ്ങൾക്കോ ദൈവിക വഴികൾ മനസ്സിലായി. എത്രയോ പേർ സ്വർഗ്ഗത്തെക്കുറിച്ച് അറിവില്ലാതെ ജീവിക്കുന്നു, നിങ്ങൾക്കോ ഒരു സ്വർഗ്ഗമുണ്ടെന്ന് മനസ്സിലായി. എത്രയോ പേർ നരകാഗ്നിയെക്കുറിച്ച് തെല്ലും ബോധമില്ലാതെ, ചിന്തയില്ലാതെ, ഓർമ്മകെട്ടവരെപ്പോലെ ജീവിക്കുന്നു! നിങ്ങൾക്കോ ഒരു നരകമുണ്ടെന്ന് മനസ്സിലായി. എത്രയോ പേർ ന്യായാധിപതിയുണ്ടെന്നോ, ന്യായാവിധി ഉണ്ടെന്നോ അറിയാതെ നിത്യ അന്ധകാരത്തിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുന്നു, ഒഴുകിക്കൊണ്ടിരിക്കുന്നു. നിങ്ങൾക്കോ മരണത്തിനു ശേഷം ഒരു ന്യായവിധിയുണ്ടെന്ന് മനസ്സിലായി.

പക്ഷേ ദൈവപൈതലേ നീ കത്തുന്ന തീയിൽ നിന്ന് വലിച്ചെടുക്കപ്പെട്ട ഒരു തീക്കൊള്ളി ആണെങ്കിലും ഇതുവരേയും നീ ദൈവത്തിങ്കലേയ്ക്ക് തിരിഞ്ഞില്ല. നന്ദികെട്ടവനായിപ്പോയി, മകളേ, നീ നന്ദികെട്ടവളായിപ്പോയി.

ദൈവം നിന്നെ കത്തിയമരുന്ന നരകത്തിന്റെ ഭീകരമായ അഗ്നിയിൽ നിന്ന് വലിച്ചെടുത്തു രക്ഷിച്ചതായിരുന്നു. നിനക്ക് ദൈവകൃപ തന്നതായിരുന്നു. ദൈവം നിനക്ക് സൗജന്യദാനം തന്നതായിരുന്നു. ദൈവം നിന്റെ മേൽ കരുണ പകർന്നതായിരുന്നു.

എന്നാലോ നീ ദൈവത്തോട് നന്ദികേട് കാണിച്ചു നീ നന്ദിയില്ലാത്തവനായി, നന്ദിയില്ലാത്തവളായി നിന്റെ നല്ല നല്ല കാലങ്ങൾ പാഴാക്കിക്കളഞ്ഞു എന്ന് ദൈവം വേദനയോടെ നിന്നെ അറിയിക്കുകയാണ്.

നീ കത്തുന്ന തീയിൽ നിന്ന് വലിച്ചെടുക്കപ്പെട്ട ഒരു കൊള്ളിപോലെ ആയിരുന്നു. എന്നാൽ നിനക്ക് ഞാൻ ശിക്ഷണം തന്നു. ദൈവം കല്പിക്കുകയാണ്. നിനക്ക് പല കേടുകളും വരുവാൻ ഞാൻ അനുവദിച്ചു. സാത്താൻ നിന്നെ പലപ്പോഴും ഉപദ്രവിക്കുവാൻ ഞാൻ വിട്ടുകൊടുക്കേണ്ടി

വന്നു. നിനക്ക് ദോഷങ്ങളും, കെടുതികളും, നഷ്ടങ്ങളും, കഷ്ടങ്ങളും വരുവാൻ ഞാൻ അനുവദിക്കേണ്ടിവന്നു. എന്നിട്ടും നീ എങ്കലേയ്ക്കു തിരിഞ്ഞില്ല. ഭാരങ്ങളും ശിക്ഷ ണങ്ങളും ലഭിച്ചപ്പോൾ, പ്രശ്നങ്ങളും പ്രതിസന്ധികളും നിനക്ക് വന്നപ്പോൾ, അപ്പോഴെങ്കിലും നീ എങ്കലേയ്ക്കു തിരിയും എന്ന് ഞാൻ കരുതി. പക്ഷേ നീ എങ്കലേയ്ക്കു തിരിഞ്ഞില്ല.

നാലാം അദ്ധ്യായത്തിന്റെ ആറാം വാക്യം അങ്ങനെയാണ് പറയുന്നത്.

“നിങ്ങളുടെ എല്ലാ പട്ടണങ്ങളിലും ഞാൻ നിങ്ങൾക്ക് പല്ലിന്റെ വെടിപ്പും എല്ലായിടങ്ങളിലും അപ്പത്തിന്റെ കുറവും വരുത്തീട്ടും നിങ്ങൾ എങ്കലേക്കു തിരിഞ്ഞില്ല എന്നു യഹോ വയുടെ അരുളപ്പാട്. കൊയ്ത്തിനു ഇനി മൂന്ന് മാസമുള്ള പ്പോൾ ഞാൻ നിങ്ങൾക്ക് മഴ മുടക്കിക്കളഞ്ഞു, ഞാൻ ഒരു പട്ടണത്തിൽ മഴ പെയ്യിക്കയും മറ്റെ പട്ടണത്തിൽ മഴ പെയ്യിക്കാതിരിക്കയും ചെയ്തു; ഒരു കണ്ടത്തിൽ മഴ പെയ്തു, മഴ പെയ്യാത്ത മറ്റേക്കണ്ടം വരണ്ടുപോയി. രണ്ടു മൂന്നു പട്ടണം വെള്ളം കുടിപ്പാൻ ഒരു പട്ടണത്തിലേയ്ക്കു ഉഴന്നുചെന്നു. ദാഹം തീർന്നില്ലതാനും, എന്നിട്ടും നിങ്ങൾ എങ്കലേയ്ക്കു തിരിഞ്ഞില്ല എന്നു യഹോവയുടെ അരുള പ്പാട്.”

ദൈവപൈതലേ, അവസരങ്ങൾ നിനക്ക് തന്നു, ദൈവം ശിക്ഷണങ്ങൾ തന്നു, എന്നിട്ടും നീ ദൈവത്തിങ്കലേയ്ക്കു തിരിഞ്ഞില്ല. എട്ടാം വാക്യം.

“എന്നിട്ടും നിങ്ങൾ എങ്കലേയ്ക്കു തിരിഞ്ഞില്ല എന്ന് യഹോവയുടെ അരുളപ്പാട്.”

ഒൻപതാം വാക്യം, “ഞാൻ നിങ്ങളെ വെൺകതിർകൊണ്ടും വിഷമഞ്ഞുകൊണ്ടും ശിക്ഷിച്ചു. നിങ്ങളുടെ തോട്ടങ്ങളെയും മുന്തിരിപ്പറമ്പുകളെയും അത്തിവൃക്ഷങ്ങളെയും ഒലിവുമര

ങ്ങളെയും  പലപ്പോഴും തുള്ളൻ തിന്നുകളഞ്ഞു. എന്നിട്ടും നിങ്ങൾ എങ്കലേയ്ക്കു തിരിഞ്ഞില്ല എന്ന് യഹോവയുടെ അരുളപ്പാട്."

ശിക്ഷണങ്ങൾ ധാരാളം ലഭിച്ചു, എന്നിട്ടും നിങ്ങൾ ദൈവത്തിങ്കലേയ്ക്കു തിരിഞ്ഞില്ല. വീണ്ടും ദൈവം പറയുന്നു.

> "മിസ്രയീമിൽ എന്നപോലെ ഞാൻ മഹാമാരി നിങ്ങളുടെ ഇടയിൽ അയച്ചു; നിങ്ങളുടെ യൗവ്വനക്കാരെ വാൾകൊണ്ടു കൊന്നു; നിങ്ങളുടെ കുതിരകളെ പിടിച്ചുകൊണ്ടുപോയി, നിങ്ങളുടെ പാളയങ്ങളിലെ നാറ്റം ഞാൻ നിങ്ങളുടെ മൂക്കിൽ കയറ്റുമാറാക്കി; എന്നിട്ടും നിങ്ങൾ എങ്കലേയ്ക്കു തിരിഞ്ഞില്ല എന്ന് യഹോവയുടെ അരുളപ്പാട്." 4 : 10

ദൈവപൈതലേ നിനക്ക് അനേകമനേകം കഷ്ടങ്ങളും നഷ്ടങ്ങളും വന്നു. പല ശിക്ഷണങ്ങൾ നിനക്ക് ലഭിച്ചു. അപ്പോഴെങ്കിലും നിനക്ക് മനം തിരിയാമായിരുന്നു, ദൈവത്തെ അന്വേഷിക്കാമായിരുന്നു. ദൈവത്തിങ്കലേയ്ക്കു തിരിയാമായിരുന്നു. ദൈവത്തെ എതിരേൽപ്പാൻ ഒരുങ്ങാമായിരുന്നു. ദൈവത്തെ തന്റെ ഹൃദയത്തിലേയ്ക്ക് സ്വീകരിച്ച് എതിരേറ്റ് കൈക്കൊള്ളാമായിരുന്നു. ഇല്ല, മകനേ, നീ, അതിന് തയ്യാറായില്ല.

നിന്റെ ഹൃദയം നീ തഴമ്പിപ്പിച്ചു, നിന്റെ ഹൃദയം തഴമ്പിക്കുവാൻ നീ വിട്ടുകൊടുത്തു. നിന്റെ ഹൃദയം മരവിച്ചു, നീ മടുപ്പോടെ മത്സരത്തോടെ നിന്നു. നീ എതിർപ്പോടും ദൈവത്തോടുള്ള സ്നേഹമില്ലായ്മയിലും നീ ജീവിച്ചു. ഫലമോ ദൈവത്തിന്റെ ശിക്ഷ നിന്റെമേൽ നിന്നു മടക്കിക്കളയാൻ വയ്യാത്ത വിധത്തിൽ ഭയാനകമായ ശിക്ഷകൾ നിന്നെ പിൻതുടരുകയായിരുന്നു.

ഭയങ്കരമായ ശിക്ഷാവിധി ദൈവപൈതലേ, നിന്നെ വേട്ടയാടുകയാണ്. വീണ്ടും പറയുന്നു, പതിനൊന്നാം വാക്യം.

“ദൈവം സൊദോമിനെയും ഗൊമോരയെയും ഉന്മൂലനാശം ചെയ്തതുപോലെ ഞാൻ നിങ്ങളുടെ ഇടയിൽ ഒരു ഉന്മൂല നാശം വരുത്തി. നിങ്ങൾ കത്തുന്ന തീയിൽ നിന്ന് വലിച്ചെടുക്കപ്പെട്ട ഒരു കൊള്ളിപോലെ ആയിരുന്നു. എന്നിട്ടും നിങ്ങൾ എങ്കലേയ്ക്കു തിരിഞ്ഞില്ല എന്നു യഹോവയുടെ അരുളപ്പാട്.”

അഞ്ചു സ്ഥലങ്ങളിൽ അങ്ങനെ ദൈവം കല്പിക്കുന്നു, നാലാം അദ്ധ്യായത്തിൽ തന്നെ. “എന്നിട്ടും നിങ്ങൾ എങ്കലേയ്ക്കു തിരിഞ്ഞില്ല എന്ന് യഹോവയുടെ അരുളപ്പാട്.”

അഞ്ച് വാക്യങ്ങളിൽ ജീവനുള്ള ദൈവം അതുതന്നെ ആവർത്തിച്ചു ആവർത്തിച്ചു പ്രഖ്യാപിക്കുന്നു. അവസരങ്ങൾ തന്നു, ശിക്ഷണങ്ങൾ തന്നു, ദൈവ സന്നിധിയിലേയ്ക്ക് തിരിയുവാനുള്ള പ്രബോധനം തന്നു. അതിനുള്ളതായ വചനം തന്നു “എങ്കിലും നിങ്ങൾ എങ്കലേയ്ക്കു തിരിഞ്ഞില്ല എന്ന് യഹോവയുടെ അരുളപ്പാട്.”

എന്നാൽ ഇപ്പോഴെങ്കിലും നിങ്ങൾ തകർന്ന ഹൃദയത്തോടെ തിരിയുവിൻ. ഇപ്പോഴെങ്കിലും നിങ്ങൾ മനസ്താപത്തോടെ തിരിയുവിൻ, ഇപ്പോഴെങ്കിലും നിങ്ങൾ അനുതാപത്തോടെ തിരിയുവിൻ എന്ന് ജീവനുള്ള ദൈവം അരുളിച്ചെയ്യുകയാണ്.

ഇപ്പോഴെങ്കിലും തകർന്ന ഹൃദയത്തോടെ, വസ്ത്രങ്ങളെയല്ല ഹൃദയങ്ങളെ തന്നേ കീറിക്കൊണ്ട് ദൈവത്തിങ്കലേയ്ക്ക് തിരിയുവിൻ എന്ന് ജീവനുള്ള ദൈവം അരുളിച്ചെയ്യുന്നു.

> “വസ്ത്രങ്ങളെയല്ല ഹൃദയങ്ങളെ തന്നെ കീറി നിങ്ങളുടെ ദൈവമായ യഹോവയുടെ അടുക്കലേക്കു തിരിവിൻ, അവൻ കൃപയും കരുണയും ദീർഘക്ഷമയും മഹാദയയുമുള്ളവനല്ലോ, അവൻ അനർത്ഥത്തെക്കുറിച്ച് അനുതപിക്കും.”
>
> യോവേൽ 2 : 13

വസ്ത്രങ്ങളെ കീറിയിട്ട് കാര്യമില്ല. എന്നാൽ നിങ്ങളുടെ ഹൃദയങ്ങളെ കീറുവിൻ. നാം അങ്ങനെയാണ് വായിക്കുന്നത്.

ദൈവപൈതലേ, നിന്റെ ജീവിതത്തിൽ വന്ന കെടുതികൾ കണ്ടു നീ ദൈവത്തിങ്കലേയ്ക്ക് തിരിയുമെങ്കിൽ, നിന്റെ ജീവിതത്തിൽ വന്ന അനർത്ഥങ്ങളെ ഓർത്ത് ദൈവം ദുഃഖിക്കുകയും ദൈവം നിന്നെ വീണ്ടും യഥാസ്ഥാനപ്പെടുത്തുകയും ചെയ്യും.

ദൈവം നിന്നെ വീണ്ടും പുതുക്കിപ്പണിയും, ദൈവം നിനക്ക് വീണ്ടും നല്ല കാലങ്ങൾ തരും, ആനന്ദ ഐശ്വര്യമെഴുന്ന മാസങ്ങളും അബ്ദങ്ങളും ദൈവം നിനക്കു തന്ന് ദൈവം നിന്നെ അനുഗ്രഹിക്കും.

ദൈവപൈതലേ, ദൈവത്തിന്റെ വചനം വീണ്ടും ആമോസ് അഞ്ചാം അദ്ധ്യായം നാലം വാക്യത്തിൽ പറയുന്നു.

"യഹോവ യിസ്രായേൽ ഗൃഹത്തോടു ഇപ്രകാരം അരുളിച്ചെയ്യുന്നു. നിങ്ങൾ ജീവിച്ചിരിക്കേണ്ടതിന് എന്നെ അന്വേഷിപ്പിൻ."

ഇനിയെങ്കിലും നിങ്ങൾ ബുദ്ധിപഠിപ്പിൻ. നിങ്ങൾ ജീവിച്ചിരിക്കേണ്ടതിനു എന്നെ അന്വേഷിപ്പിൻ, ആറാം വാക്യത്തിൽ പറയുന്നു.

"നിങ്ങൾ ജീവിച്ചിരിക്കേണ്ടതിന് യഹോവയെ അന്വേഷിപ്പിൻ."

ജീവൻ വേണമോ? എങ്കിൽ ദൈവത്തെ അന്വേഷിപ്പിൻ. എങ്കിൽ ദൈവത്തിങ്കലേയ്ക്കു തിരിയുവിൻ, നന്മ അന്വേഷിപ്പിൻ, തിന്മ വിട്ടുകളയുവിൻ.

വീണ്ടും ദൈവപൈതലെ, ജീവനുള്ള ദൈവം അവസരം തന്നുകൊണ്ടു പറയുന്നു.

"ന്യായം വെള്ളംപോലെയും നീതി വറ്റാത്ത തോടുപോലെയും കവിഞ്ഞൊഴുകട്ടെ"
ആമോസ് 5 : 24

ന്യായം വെള്ളംപോലെ ഒഴുകട്ടെ, നീതി വറ്റാത്ത തോടുപോലെ ഒഴുകട്ടെ. പുതിയ ജീവിതം തുടങ്ങട്ടെ എന്നാണ് ദൈവം പറയുന്നത്. അപ്പോൾ നിനക്ക് വീണ്ടും നല്ലകാലങ്ങൾ വരും. അപ്പോൾ ദൈവത്തെ എതിരേൽപ്പാൻ നിനക്ക് കഴിയും എന്ന് ദൈവത്തിന്റെ ആത്മാവ് പറയുന്നു. യോവേൽ പ്രവാചകനും ഇതേകാര്യം തന്നെയാണ് പറയുന്നത്.

"തുള്ളൻ ശേഷിപ്പിച്ചത് വെട്ടുക്കിളി തിന്നു, വെട്ടുക്കിളി ശേഷിപ്പിച്ചത് വിട്ടിൽ തിന്നു, വിട്ടിൽ ശേഷിപ്പിച്ചത് പച്ചപ്പുഴു തിന്നു." യോവേൽ 1 : 4

കുറെയെല്ലാം മദ്യപാനം കൊണ്ടുനശിച്ചു. കുറെയെല്ലാം വേശ്യാവൃത്തികൊണ്ടു നശിച്ചു, കുറെയെല്ലാം സിനിമാക്കമ്പംകൊണ്ടും ദുശ്ശീലങ്ങൾകൊണ്ടും നശിച്ചു, കുറെയെല്ലാം വൃത്തികെട്ട ബന്ധങ്ങൾകൊണ്ടും നശിച്ചു, കുറെയെല്ലാം കള്ളക്കച്ചവടംകൊണ്ടുള്ള ലാഭംകൊണ്ടും കൈക്കൂലികൊണ്ടും നശിച്ചു. കുറെയെല്ലാം വഴക്കും പിണക്കവും വൈരാഗ്യവും വ്യവഹാരവുമായി നശിച്ചു.

തുള്ളൻ ശേഷിപ്പിച്ചത് വെട്ടുക്കിളി തിന്നു, വെട്ടുക്കിളി ശേഷിപ്പിച്ചത് വിട്ടിൽ തിന്നു, വിട്ടിൽ ശേഷിപ്പിച്ചത് പച്ചപ്പുഴു തിന്നു. എല്ലാം ദുഷ്ട ജീവികളാണ്. എല്ലാം ക്ഷുദ്രപ്രാണികളാണ്. തുള്ളനും വെട്ടുക്കിളിയും വിട്ടിലും പച്ചപ്പുഴുവും.

സഹോദരങ്ങളെ, എന്താണിതിന്റെ അർത്ഥം. നല്ലോരു വയൽ, നല്ല മനോരമായ ഒരു വയൽ. ആ വയലിൽ അതിന്റെ ഉടമസ്ഥൻ നോക്കുമ്പോൾ നല്ലപോലെ തഴച്ചു വളരുന്ന നെല്ല്, നല്ല പോലെ തഴച്ചു വളരുന്ന ഗോതമ്പ്. നല്ല

തഴപ്പും നല്ല പുഷ്ടിയും നല്ല ഓജസ്സും നല്ല ഊർജ്ജ സ്വല തയുമുള്ള കൃഷി.

യജനമാനൻ സന്തോഷിച്ചു, നല്ലത്, നല്ല കൃഷി. പക്ഷേ അടുത്ത പ്രാവശ്യം വന്നപ്പോൾ തുള്ളൻ എന്നു പറയുന്ന ഒരു ദുഷ്ടജീവി കുറേയേറെ നശിപ്പിച്ചുകളഞ്ഞിരിക്കുന്നു. സങ്കടം തോന്നി. വളരെ ദുഃഖം തോന്നി. സാരമില്ല, അതിന്റെ ഇലകളല്ലേ പോയുള്ളു. അതിന്റെ നാമ്പുകളല്ലേ കരിഞ്ഞു പോയുള്ളൂ. സാരമില്ലെന്ന് ഓർത്തു.

എന്നാൽ അടുത്ത പ്രാവശ്യം വന്നപ്പോഴുണ്ട് തുള്ളൻ ശേഷിപ്പിച്ചത് വെട്ടുക്കിളി തിന്നു. വെട്ടുക്കിളി കൂട്ടം കൂട്ട മായി വന്ന് പച്ചയായതെല്ലാം നശിപ്പിച്ചു കളഞ്ഞു. സാരമി ല്ല, ഇനിയും പുതിയ നാമ്പുകൾ വരുമല്ലോ, നല്ല വിളവ് കിട്ടുമല്ലോ, പ്രതീക്ഷയോടെ മടങ്ങിപ്പോയി.

മൂന്നാം പ്രാവശ്യം വന്നപ്പോൾ വെട്ടുക്കിളി ശേഷിപ്പി ച്ചത് വിട്ടിൽ തിന്നു. വിട്ടിൽ എന്നുപറയുന്ന ക്ഷുദ്രപ്രാണി വന്ന് എല്ലാം, പച്ചയായത് മാത്രമല്ല തണ്ടും കൂടെ എല്ലാം അത് നശിപ്പിച്ചു കളഞ്ഞു. എല്ലാം തകർത്തു കളഞ്ഞു. എല്ലാം ഒടിച്ചു ഞെരിച്ചിട്ടു.

എങ്കിലും സാരമില്ല പുതിയ നറുനാമ്പുകൾ പൊട്ടും അതിൽ നിന്ന് വിള കിട്ടും എന്ന് പ്രതീക്ഷിച്ചു.

ഇല്ല വെട്ടുക്കിളി ശേഷിപ്പിച്ചത് വിട്ടിൽ തിന്നു, വിട്ടിൽ ശേഷിപ്പിച്ചത് പച്ചപ്പുഴു തിന്നു. പച്ചയായത് ഒന്നുമില്ല. സങ്ക ടപ്പെട്ടു. എല്ലാം തകർന്നുപോയല്ലോ

എന്നാൽ പ്രിയപ്പെട്ടവരേ, അങ്ങനെയെല്ലാം തകർന്നുപോ യവർ, മദ്യപാനം കൊണ്ടും വേശ്യാവൃത്തികൊണ്ടും, കൊള്ള രുതായ്മകൊണ്ടും, അഴുക്കു ജീവിതം കൊണ്ടും, നശിപ്പിച്ചു കളഞ്ഞവർ, അവർ ഒരു വചനം കേൾക്കു.

"......എന്റെ മഹാസൈന്യമായ വെട്ടുക്കിളിയും

വിട്ടിലും തുള്ളനും പച്ചപ്പുഴുവും തിന്നുകളഞ്ഞ സംവത്സരങ്ങൾക്കു വേണ്ടി ഞാൻ നിങ്ങൾക്ക് പകരം നൽകും. ” യോവേൽ 2 : 25

പകരം തരുന്ന ഒരു ദൈവമുണ്ട്. മകനേ, നിന്റെ ദൈവത്തെ എതിരേൽപ്പാൻ ഒരുങ്ങിക്കൊൾക, എല്ലാറ്റിനും പകരം ദൈവം തരും. നഷ്ടപ്പെട്ടുപോയതെല്ലാം തിരികെത്തരും, നഷ്ടപ്പെട്ടുപോയ സൗഭാഗ്യങ്ങളെ നിനക്കിനിയും മടക്കിക്കിട്ടും. അനുഗ്രഹ സമൃദ്ധി നിനക്ക് കിട്ടും.

ദൈവപൈതലേ, ഭയപ്പെടേണ്ട, ദൈവപൈതലേ, നിരാശപ്പെടേണ്ട, ഹൃദയം തഴമ്പിക്കേണ്ട, ഒന്ന് ഉറയ്ക്കുവിൻ ധൈര്യപ്പെടുവിൻ, പ്രത്യാശയുള്ളവനാകുവിൻ.

നീ മനം തിരിഞ്ഞാൽ നിനക്ക് രക്ഷയുണ്ട്. നിന്റെ ദൈവത്തെ എതിരേല്പാൻ ഒരുങ്ങിക്കൊൾക. ദൈവത്തെ അന്വേഷിപ്പാൻ തുടങ്ങുക. ദൈവത്തിങ്കലേയ്ക്കു തിരിയുക. പുതിയ ജീവിതം ആരംഭിക്കുക.

തുള്ളനും വെട്ടുക്കിളിയും വിട്ടിലും പച്ചപ്പുഴുവും തിന്നുകളഞ്ഞ സംവത്സരങ്ങൾക്കുവേണ്ടി ഞാൻ നിങ്ങൾക്കു പകരം നൽകുമെന്ന് സൈന്യങ്ങളുടെ ദൈവമായ യഹോവയുടെ അരുളപ്പാട്.

ദൈവപൈതലേ, തിരിയുവിൻ, ദൈവപൈതലേ മനം തിരിയുവിൻ, ദൈവപൈതലേ അനുതപിപ്പിൻ. ഒരു പുതിയ തീരുമാനം എടുക്കൂ. യേശുവേ ഇന്നുമുതൽ ഞാൻ നിന്റെ വക. നിന്റെ രക്തത്തിന്റെ അർത്ഥം അറിഞ്ഞും അനുഭവിച്ചും ഞാൻ നിൽക്കും. ദൈവമേ എന്നെ അനുഗ്രഹിക്കണമേ.

# ഏഴ്

"ഞാൻ പ്രവാചകനല്ല, പ്രവചക ശിഷ്യനുമല്ല, ഇടയനും കാട്ടത്തിപ്പഴം പെറുക്കുന്നവനും അത്രേ. ഞാൻ ആടുകളെ നോക്കിക്കൊണ്ടിരിക്കുമ്പോൾ യഹോവ എന്നെ പിടിച്ചു. നീ ചെന്ന് എന്റെ ജനമായ യിസ്രായേലിനോട് പ്രവചിക്ക എന്ന് യഹോവ എന്നോട് കല്പിച്ചു. എന്ന് ഉത്തരം പറഞ്ഞു. ആമോസ് 7 : 14-15

ആമോസ് പ്രവാചകന്റെ പുസ്തകം minor പ്രവാചകന്മാരുടെ പുസ്തകങ്ങളിൽ ഒന്നാണ്. അത് വ്യക്തമായും ദൈവിക ന്യായവിധിയെക്കുറിച്ച് പ്രസ്താവിക്കുന്ന പുസ്തകമാണ്.

Judgement on Sin - പാപത്തിന്റെ മേലുള്ള ന്യായവിധി എന്നതാണ് ആമോസ് പ്രവാചകന്റെ പ്രവചന ഗ്രന്ഥത്തിന്റെ ഉള്ളടക്കം. യിസ്രായേൽ രാജവംശം അധഃപതിക്കുന്നതിനും വീഴുന്നതിനും ഇരുപത്തഞ്ചോളം വർഷം മുമ്പാണ് ആമോസ് പ്രവാചകൻ പ്രവചിക്കുന്നത്. അന്ന് യൊരോബെയാം രണ്ടാമൻ എന്ന യിസ്രായേൽ രാജാവ് വാഴുന്ന കാലമായിരുന്നു.

ബേഥേൽ നഗരത്തിൽ, യഹോവയുടെ ആലയത്തിൽ അന്ന് ഔദ്യോഗിക പ്രവാചകനും പുരോഹിതനുമായി അമ

സ്യാവിനെ യൊരോബയാം രാജാവ് നിയമിച്ചിരുന്നു. അമസ്യാവ് രാജാവിന്റെ ശമ്പളം പറ്റിക്കൊണ്ട്, രാജാവിന്റെ ഹിതപ്രകാരം രാജാവിന്റെ സ്തുതിപാഠകനായി പ്രവചനം പറയുന്ന പ്രവാചകനായിരുന്നു. അന്ന് യിസ്രായേൽ രാഷ്ട്രം സമാധാനവും ഉത്കർഷവും അനുഭവിക്കുന്ന കാലമായിരുന്നു. വളരെ ധാരാളിത്വത്തിൽ, വളരെ സുഖഭോഗങ്ങളിൽ മുഴുകി യിസ്രായേൽ ജനത കഴിഞ്ഞു വരികയായിരിരുന്നു.

നിത്യനായ ദൈവത്തെ ഓർക്കുകയോ ദൈവത്തിന്റെ സ്നേഹത്തേയോ വിശുദ്ധിയേയോ സാക്ഷിക്കുകയോ അനുഭവിക്കുകയോ ചെയ്യാതെ ദൈവ നിഷേധികളായി, ദൈവവിരോധികളായി, പാപത്തിന്റെ അടിമകളായി, യിസ്രായേൽ ജനം കഴിയുകയായിരുന്നു. അപ്പോഴാണ് ഒരു പ്രവചകന്റെ ശബ്ദം ദേവാലയത്തിനു പുറത്ത് മുഴങ്ങിയത്.

ദേവാലയത്തിന് അകത്ത് അമസ്യാവ് എന്ന പുരോഹിതൻ, അമസ്യാവ് എന്ന ഔദ്യോഗിക പ്രവാചകൻ ജനത്തിന് ഉൽക്കർഷം പ്രവചിച്ചുകൊണ്ടിരിക്കുന്ന കാലം. എന്നാൽ ദേവാലയത്തിനു പുറത്ത് ഇതാ സീയോനു നാശം വരുന്നു, അപകടം പതിയിരിക്കുന്നു, ന്യായവിധി വരാൻപോകുന്നു, സീയോനിൽ സ്വൈരികളായി നിർഭയവാസം ചെയ്യുന്ന ജനതതിയുടെമേൽ ദൈവിക ശിക്ഷ വരുന്നു എന്ന് ഒരു ശബ്ദം മുഴങ്ങിക്കേട്ടു.

ആരുടേതായിരുന്നു ആ ശബ്ദം? അത് ആമോസ് പ്രവാചകന്റേതായിരുന്നു. “ദുഷ്ടത പ്രവർത്തിക്കുന്ന ദേശത്തിനു നേരെ യഹോവയുടെ കോപം ഉദിക്കും” എന്ന് ആമോസ് പ്രവചിച്ചു, പ്രസ്താവിച്ചു.

ദേവാലയത്തിനു പുറത്തേയ്ക്ക് ജനം അത്ഭുതത്തോടും അതിശയത്തോടും അമ്പരപ്പോടും കൂടെ ഇറങ്ങി നോക്കുമ്പോൾ ഇതാ ക്ഷീണിതനായി, ശരീരം വരണ്ട് ഉണങ്ങിയവനായി, കുഗ്രാമത്തിലെ ഒരു സാധുവായ അപരിഷ്കൃത മനുഷ്യനായി, ഒരാൾ നിന്നുകൊണ്ടുപറയുന്നു : യിസ്രായേൽ

ജനമെ യഹോവയുടെ കോപം നിങ്ങളുടെമേൽ വന്ന്, യഹോ വയുടെ ശിക്ഷ നിങ്ങളുടെ മേൽ പതിക്കാൻ പോകുന്നു എന്ന്.

ആമോസ് പറഞ്ഞു : ഞാൻ പ്രവാചകനല്ല, പ്രവാചക ശിഷ്യനുമല്ല, എനിക്ക് പാരമ്പര്യമില്ല, എന്റെ അപ്പൻ പ്രവാ ചകനായിരുന്നില്ല, പുരോഹിതനുമായിരുന്നില്ല. തെക്കോവ യിലെ ഒരു ഇടയൻ ആയിരുന്നു എന്റെ അപ്പൻ. പ്രവാ ചക പാരമ്പര്യം എനിക്കില്ല. പൗരോഹിത്യ ശുശ്രൂഷയുടെ പാരമ്പര്യവും എനിക്കു പറയാനില്ല. എനിക്ക് അഭിമാനിക്കാ നോ, എനിക്ക് അവകാശം പറയാനോ വകയൊന്നുമില്ല. ഞാൻ പ്രവാചകനല്ല, ഞാൻ പ്രവാചക ശിഷ്യനുമല്ല. ഞാൻ വേദശാസ്ത്ര അദ്ധ്യയനശാലയിൽ പഠിച്ചിട്ടില്ല. ഞാൻ ശാസ്ത്രിമാരുടെ കൂടെ ഇരുന്ന് ശിഷ്യത്വം നേടിയിട്ടില്ല. ഞാൻ ഒരു ഇടയനാണ്, ഞാൻ കാട്ടത്തിപ്പഴം പെറുക്കുന്ന വനാണ്.

ഞാൻ ആടുകളെ നോക്കിക്കൊണ്ട് കാട്ടിലൂടെ നടക്കുന്ന ഒരു സാധു ഇടയനാണ്. എന്റെ തൊഴിൽ ഇടയജോലി യോടൊപ്പം കാട്ടിലെ അത്തിപ്പഴങ്ങൾ പെറുക്കി എടുത്ത് വിൽക്കുക, അങ്ങനെ ഉപജീവനം കഴിക്കുക, അതിനുള്ള മാർഗ്ഗം നോക്കുക ഇതാണ് എന്റെ ആകെയുള്ള ജോലി.

എങ്കിലും ഞാൻ ആടുകളെ നോക്കിക്കൊണ്ടിരിക്കുമ്പോൾ യഹോവയായ കർത്താവ് എന്നെ പിടിച്ചു. നീ ചെന്ന് എന്റെ ജനമായ യിസ്രായേലിനോട് പ്രവചിക്ക എന്ന് ദൈവം എന്നോട് കല്പിച്ചു. അതുകൊണ്ട് എനിക്ക് ഭൗതീക രാജാ വിന്റെ കല്പനയില്ലെങ്കിലും ഭൗതീകമായ ഔദ്യോഗിക അംഗീകാരം ഇല്ലെങ്കിലും നിത്യനായ ദൈവത്തിന്റെ സ്വർഗ്ഗീയമായ വിളി, സ്വർഗ്ഗീയമായ Appoinment എന്റെ മേൽ നിൽക്കുന്നതുകൊണ്ട് ഞാൻ ഈ ശുശ്രൂഷ ചെയ്യു ന്നു. അപകടം പതിയിരിക്കുന്നു. ന്യായവിധി വരാൻ പോകു ന്നു എന്ന് പ്രസ്താവിക്കുന്നു.

"സീയോനിൽ സ്വൈരികളായി നിർഭയം വസി
ക്കുന്ന എല്ലാവരുമായുള്ളോരെ നിങ്ങൾ കേൾപ്പി
ൻ, നിങ്ങൾ അറിയുവിൻ, ന്യായവിധി ഇതാവരു
ന്നു."
ആമോസ് 6 : 1-6

ദൈവത്തിന്റെ പുരുഷൻ ദൈവത്തിൽ നിന്ന് സ്വർഗ്ഗീയ ദൂത് ഏറ്റെടുത്ത്, വരാൻ പോകുന്ന ന്യായവിധിയെക്കുറിച്ചുള്ള Warning - താക്കീത്, മുന്നറിയിപ്പ്, ജനത്തിന് കൊടുക്കുകയാണ്.

ആമോസ് പ്രവാചകന്റെ പുസ്തകത്തിൽ കുറഞ്ഞത് നാലു പ്രാവശ്യം നാട്ടിലുള്ളവരും നാടുമുഴുവനും പ്രവാസത്തിലേയ്ക്ക് പോകേണ്ടിവരും എന്നുള്ള താക്കീത് കാണുന്നുണ്ട്. അഞ്ചാം അദ്ധ്യായം അഞ്ചാം വാക്യത്തിലും അഞ്ചാം അദ്ധ്യായം ഇരുപത്തിയേഴാം വാക്യത്തിലും ആറാം അദ്ധ്യായം ഏഴാം വാക്യത്തിലും ഏഴാം അദ്ധ്യായം പതിനേഴാം വാക്യത്തിലും അതാണ് നാം കാണുന്നത്.

അഞ്ചാം അദ്ധ്യായം അഞ്ചാം വാക്യം.

"ബേഥേലിനെ അന്വേഷിക്കരുത്; ഗില്ഗാലിലേക്കു ചെല്ലരുത്; ബേർ-ശേബയിലേക്ക് കടക്കയുമരുത്. ഗില്ഗാൽ പ്രവാസത്തിലേയ്ക്ക് പോകേണ്ടിവരും, ബേഥേൽ നാസ്തിയായി ഭവിക്കും."

വീണ്ടും അഞ്ചാം അദ്ധ്യായം ഇരുപത്തിയേഴാം വാക്യത്തിൽ പ്രവാചകൻ പറയുന്നു.

"ഞാൻ നിങ്ങളെ ദമ്മേശെക്കിന്നു അപ്പുറം പ്രവാസത്തിലേയ്ക്ക് പോകുമാറാക്കും എന്ന് യഹോവ അരുളിച്ചെയ്യുന്നു., സൈന്യങ്ങളുടെ ദൈവം എന്നാകുന്നു അവന്റെ നാമം."

ആറാം അദ്ധ്യായം ഏഴാം വാക്യത്തിലും യിസ്രായേൽ ജനം പ്രവാസത്തിലേയ്ക്ക്, അടിമത്വത്തിലേയ്ക്ക് - Captivity പോകേണ്ടിവരും എന്നുള്ള സൂചന ലഭിക്കുന്നു. "അതു

കൊണ്ട് അവർ ഇപ്പോൾ പ്രവാസികളിൽ മുമ്പരായി പ്രവാസത്തിലേയ്ക്ക്പോകും. നിവിർന്നു കിടക്കുന്നവരുടെ മദ്യപാനഘോഷം തീർന്നുപോകും." എന്ന് പ്രവാചകൻ ദൈവത്തിന്റെ അരുളപ്പാട് പ്രസ്താവിക്കുന്നു.

ഏഴാം അദ്ധ്യായം പതിനേഴാം വാക്യത്തിലും ഇതുതന്നെയാണ് പ്രവാചകൻ പറയുന്നത്.

"യിസ്രായേൽ സ്വദേശം വിട്ടു പ്രവാസത്തിലേയ്ക്ക് പോകേണ്ടിവരും."

ഈ ഭാഗങ്ങളിലെല്ലാം യിസ്രായേൽ ജനതതിക്കു വരുന്ന അടിമത്തത്തെക്കുറിച്ചും വിദേശത്തേയ്ക്ക് അവരെ പിടിച്ചു കൊണ്ടുപോകുന്നതിനെ കുറിച്ചും വരാൻ പോകുന്ന ഭീകരമായ ന്യായവിധിയെക്കുറിച്ചും പ്രവാചകൻ മുന്നറിയിപ്പ് നൽകുകയാണ്.

ഒന്നും രണ്ടും അദ്ധ്യായങ്ങളിൽ പ്രവാചകൻ ചുറ്റുപാടും നിരീക്ഷിക്കുന്നു. He looks around - ചുറ്റും നടക്കുന്ന കാര്യങ്ങളെ നിരീക്ഷിച്ചുകൊണ്ട് പ്രവാചകൻ പറയുന്നു. യിസ്രായേൽ ജാതിയുടെയും യിസ്രായേൽ രാഷ്ട്രത്തിന്റെയും ചുറ്റും കിടക്കുന്ന വിവിധ രാജ്യങ്ങളെക്കുറിച്ച് പ്രവാചകൻ അവർക്ക് വരുന്ന ശിക്ഷയെക്കുറിച്ച് പറയുന്നു.

"യഹോവ ശിക്ഷ മടക്കിക്കളകയില്ല" എന്ന്.

ആദ്യം - ദമ്മേശെക്കിനെക്കുറിച്ച് പറയുന്നു, ഒന്നാം അദ്ധ്യായം മൂന്നാം വാക്യം.

"ദമ്മേശെക്കിന്റെ മൂന്നോ നാലോ അതിക്രമം നിമിത്തം ഞാൻ ശിക്ഷ മടക്കിക്കളകയില്ല."

രണ്ടാമത് - ഗസ്സയെക്കുറിച്ച് പറയുന്നു. "ഗസ്സയുടെ മൂന്നോ നാലോ അതിക്രമം നിമിത്തം ഞാൻ ശിക്ഷ മടക്കിക്കളകയില്ല." ഒന്നാം അദ്ധ്യായം ആറാം വാക്യം.

മൂന്നാമത് - സമീപദേശമായ സോരിനെക്കുറിച്ച് പറയു

ന്നു, "സോരിന്റെ മൂന്നോ നാലോ അതിക്രമം നിമിത്തം ഞാൻ ശിക്ഷ മടക്കിക്കളകയില്ല, ഒന്നാം അദ്ധ്യായം ഒൻപതാം വാക്യം.

വീണ്ടും പതിനൊന്നാം വാക്യത്തിൽ, നാലാമത് - ഏദോമിനെ കുറിച്ച് പറയുന്നു : ഏദോമിന്റെ മൂന്നോ നാലോ അതിക്രമം നിമിത്തം ഞാൻ ശിക്ഷ മടക്കിക്കളകയില്ല.

അഞ്ചാമതായി, പതിമൂന്നാം വാക്യത്തിൽ പറയുന്നു : അമ്മോന്യരുടെ മൂന്നോ നാലോ അതിക്രമം നിമിത്തം ഞാൻ ശിക്ഷ മടക്കിക്കളകയില്ല.

ആറാമതായി, രണ്ടാം അദ്ധ്യായം ഒന്നാം വാക്യത്തിൽ പറയുന്നു : മോവാബിന്റെ മൂന്നോ നാലോ അതിക്രമം നിമിത്തം ഞാൻ ശിക്ഷ മടക്കിക്കളകയില്ല.

ഏഴാമതായി, രണ്ടാം അദ്ധ്യായം നാലാം വാക്യത്തിൽ പറയുന്നു : "യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു. യെഹൂദയുടെ മൂന്നോ നാലോ അതിക്രമം നിമിത്തം അവർ യഹോവയുടെ ന്യായപ്രമാണത്തെ നിരസിക്കുകയും അവന്റെ ചട്ടങ്ങളെ പ്രമാണിക്കാതിരിക്കയും, അവരുടെ പിതാക്കന്മാർ പിന്തുടർന്നുപോന്ന അവരുടെ വ്യാജമൂർത്തികൾ അവരെ തെറ്റിനടക്കുമാറാക്കുകയും ചെയ്തിരിക്കയാൽ തന്നേ, ഞാൻ ശിക്ഷ മടക്കിക്കളകയില്ല.

ഇത്രയും കേൾക്കുമ്പോൾ അത് യിസ്രായേൽ രാഷ്ട്രത്തിന് സന്തോഷകരമായ വാർത്തകളാണ്. ചുറ്റും ഉള്ളവരെക്കുറിച്ചുള്ള ദൈവീകന്യായവിധി. മറ്റുള്ളവർക്കു വരുന്ന ദൈവ ന്യായവിധിയെക്കുറിച്ച് കേൾക്കുന്നതിൽ യിസ്രായേലിന് പരിഭ്രമിക്കാൻ ഒന്നുമില്ല. അവർ അതിൽ സന്തുഷ്ടരാണ്. ചുറ്റും ഉള്ള രാഷ്ട്രങ്ങളെല്ലാം തകരുന്നതിനെക്കുറിച്ചും അവർക്ക് ദൈവത്തിന്റെ കോപത്തിന്റെ ശിക്ഷ വരുന്നതിനെക്കുറിച്ചും കേട്ട് അവർ ആനന്ദിച്ചു നിൽക്കുമ്പോൾ പ്രവചകൻ നിർത്തുകയല്ല, പ്രവചകൻ ഇതാ മർമ്മ സ്പർശിയായി, മർമ്മഭേദകമായി കരുത്തുറ്റ വചനം പറയുന്നു :

"യിസ്രായേലിന്റെ മൂന്നോ നാലോ അതിക്രമം നിമിത്തം..... ഞാൻ ശിക്ഷ മടക്കിക്കളകയില്ല" : രണ്ടാം അദ്ധ്യായം ആറാംവാക്യം. അത് യിസ്രായേലിനെ ഞെട്ടിച്ചു.

ദൈവജനത്തിന്റെ മേൽ വരുന്ന ശിക്ഷയെക്കുറിച്ച് പ്രവാചകൻ മുന്നറിയിപ്പ് നൽകുന്നത്, ദൈവം ശപിക്കുന്നതല്ല, ദൈവം ശിക്ഷിക്കുന്നതല്ല, ശിക്ഷ ഒഴിവാക്കാനുള്ള ദൈവത്തിന്റെ യത്നമാണ്.

ഇന്ന് ഈ വാക്കുകളെ വായിക്കുന്ന ബഹുമാന്യ സഹോദരങ്ങളേ, ദൈവത്തിന്റെ ശിക്ഷ നമ്മുടെ മേൽ വരാതിരിക്കുവാൻ പാപത്തെ വിട്ടുതിരിയുവിൻ, പാപത്തോട് യാത്ര പറയുവിൻ. ക്രിസ്തുവിന്റെ തിരുരക്തത്താലുള്ള വീണ്ടെടുപ്പ് അനുഭവിപ്പിൻ.

ആമോസ് പ്രവാചകനിൽകൂടി നൂറ്റാണ്ടുകൾക്ക് മുമ്പ് പറഞ്ഞവചനം നമ്മുടെ ജീവിതത്തിൽ അനുഭവിക്കേണ്ടതിനായി, ദൈവത്തിന്റെ കോപത്തിന്റെ ശിക്ഷാവിധി നമ്മുടെ മേൽ നിന്നും മാറിക്കിട്ടേണ്ടതിനായി, ഓരോരുത്തരും തങ്ങളെത്തന്നെ ദൈവകരങ്ങളിലേയ്ക്ക് ഏൽപ്പിക്കുവിൻ. പാപമില്ലാത്ത പുതിയ ജീവിതം തുടങ്ങുവിൻ, ദൈവത്തോട് പുതിയ വാക്കുപറയുവിൻ.

നാഥാ, എന്റെ അതിക്രമങ്ങൾ ക്ഷമിക്കണമെ, എന്റെ പാപങ്ങൾ പൊറുക്കണമെ, ഇന്നുമുതൽ ഞാൻ ഒരു പുതിയ മനുഷ്യനായി ജീവിക്കും. കർത്താവേ, മനസ്സലിയണമേ, തിരുരക്തത്താൽ എന്നെ വീണ്ടെടുക്കണമെ, തിരുരക്തത്താൽ എന്നെ കഴുകണമെ, ഇന്നുമുതൽ ഞാൻ ഒരു പുതിയ സൃഷ്ടി. ദൈവത്തിന്റെ വലിയനാമം മഹത്വപ്പെടുമാറാകട്ടെ.

## എട്ട്

"യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു : യിസ്രായേലിന്റെ മൂന്നോ നാലോ അതിക്രമം നിമിത്തം, അവർ നീതിമാനെ പണത്തിനും ദരിദ്രനെ ഒരു കൂട്ടുചെരിപ്പിനും വിറ്റുകളഞ്ഞിരിക്കയാൽ തന്നേ, ഞാൻ ശിക്ഷ മടക്കിക്കളയില്ല." ആമോസ് 2 : 6

വരാൻ പോകുന്ന ന്യായവിധിയെക്കുറിച്ച് ദൈവത്തിന്റെ മുന്നറിയിപ്പ് പ്രവാചകനിൽ കൂടി ജനത്തിന് ലഭിക്കുകയാണ്. വലിയ ശിക്ഷാവിധി വരാൻ പോകുന്നു. വലിയ അനർത്ഥം വരാൻപോകുന്നു, ദൈവം ജനത്തെ ഓർമ്മപ്പെടുത്തുകയാണ്.

യിസ്രായേൽ രാഷ്ട്രത്തെ ദൈവത്തിന്റെ പരിശുദ്ധാത്മാവ് ശക്തിയായ താക്കീതോടെ പ്രബോധിപ്പിക്കുകയാണ്, ശിക്ഷ ഞാൻ മടക്കിക്കളകയില്ല എന്ന്. എന്തെല്ലാമാണ് അവരുടെ പാപങ്ങൾ എന്ന് പ്രവാചകൻ ഈ രണ്ടാം അദ്ധ്യായത്തിൽ തുടർന്ന് പറയുന്നുണ്ട്.

"അവർ നീതിമാനെ പണത്തിനും ദരിദ്രനെ ഒരു കൂട്ടുചെരിപ്പിനും വിറ്റുകളഞ്ഞിരിക്കയാൽ തന്നേ, ഞാൻ ശിക്ഷ മടക്കിക്കളകയില്ല."

കൈക്കൂലി അവരുടെ ജീവിതത്തിൽ മാറാത്ത ഒരു

പാപമായി നിൽക്കുന്നു. അഴിമതിയും സ്വജനപക്ഷപാതവും അവരെ നശിപ്പിച്ചു കൊണ്ടിരിക്കുന്നു. അത്യാഗ്രഹവും ദുരാഗ്രഹവും അവരെ പിൻതുടരുന്നു. അവർ വിട്ടുമാറാതെ പാപം അവരെ ഗ്രസിച്ചിരിക്കുന്നു.

വ്യഭിചാരവും പരസംഗവും അവരുടെ ജീവിത്തിൽ ഭീകരമായ വിനാശം വരുത്തുന്നു. അതാണ് രണ്ടാം അദ്ധ്യായം ഏഴാം വാക്യത്തിൽ കാണുന്നത്.

"അവർ എളിയവരുടെ തലയിൽ മണൽപൊടി കാണ്മാൻ കാംക്ഷിക്കുകയും സാധുക്കളുടെ വഴി മറിച്ചുകളകയും ചെയ്യുന്നു, എന്റെ വിശുദ്ധനാമത്തെ അശുദ്ധമാക്കുവാൻ തക്കവണ്ണം ഒരു പുരുഷനും അവന്റെ അപ്പനും ഒരേ യുവതിയുടെ അടുക്കൽ ചെല്ലുന്നു."

അവരുടെ മദ്യപാനാസക്തിയെക്കുറിച്ചും അവരുടെ ഏറ്റവും അഴുക്കായ ജീവിതത്തിന്റെ മ്ലേച്ഛവശങ്ങളെക്കുറിച്ചും പ്രവാചകൻ അവരെ ഓർമ്മപ്പെടുത്തുന്നു. അവരുടെ സ്വാർത്ഥത, അവരുടെ അസാന്മാർഗ്ഗിക ജീവിതം, അവരുടെ നന്ദികേട്, അവരുടെ മദ്യപാനാസക്തി മുതലായ ഘോര പാപങ്ങൾ ദൈവത്തിന്റെ ആത്മാവ് ചൂണ്ടിക്കാണിക്കുന്നത് പ്രവാചകന്റെ ശബ്ദത്തിലൂടെ യിസ്രായേൽ ദേശത്തും ബേഥേലിലെ ദേവാലയത്തിന്റെ ചുറ്റുപാടും മാറ്റൊലികൊള്ളുകയാണ്.

പ്രവാചകൻ ആ ദേശത്തെ നോക്കിക്കൊണ്ട്, ചുറ്റുപാടും കണ്ടുകൊണ്ട്, വരുന്നതായ പാപത്തിന്റെ ഭയാനകമായ ദൂഷ്യഫലങ്ങളെ ചൂണ്ടിക്കാണിച്ചുകൊണ്ട്, സഗൗരവം ജനത്തെ ഓർമ്മപ്പെടുത്തുന്നു : ഞാൻ ശിക്ഷ മടക്കിക്കളകയില്ല എന്ന യഹോവയുടെ വചനം.

ഇക്കാലത്തും ജീവനുള്ള ദൈവം നമ്മെ ഓർമ്മപ്പെടുത്തുന്നത് ശിക്ഷ നിങ്ങളുടെ മേൽ വരാതിരിപ്പാൻ അതിവേഗം മനം തിരിവിൻ എന്നാണ്. അനർത്ഥം നിങ്ങളുടെ മേൽ വരാ

തിരിപ്പാൻ അതിവേഗം മാനസാന്തരപ്പെടുവിൻ.

അപ്പോസ്തലപ്രവർത്തികളുടെ പുസ്തകം പതിനേഴാം അദ്ധ്യായം മുപ്പതാം വാക്യം വായിക്കുമ്പോൾ നാം കാണുന്നു. "അറിയായ്മയുടെ കാലങ്ങളെ ദൈവം ലക്ഷ്യമാക്കാതെ ഇപ്പോൾ എല്ലായിടത്തും എല്ലാവരും മാനസാന്തരപ്പെടണമെന്ന് മനുഷ്യരോട് കല്പിക്കുന്നു."

അഥേനയിലെ ബുദ്ധിജീവികളോട് അപ്പോസ്തലൻ സംസാരിക്കുകയാണ്. അരയോപഗക്കുന്നിൻമേലുള്ള ആ വിഗ്രഹങ്ങളെല്ലാം കണ്ട് ഉള്ളു നീറിപ്പുകഞ്ഞു കൊണ്ട് അപ്പോസ്തലൻ ഉള്ളിൽ ചൂടു പിടിച്ചവനായി ജനത്തോട് സംസാരിക്കുകയാണ്. The God unknown - "അജ്ഞാത ദേവന്നു" എന്നുള്ള എഴുത്തുള്ള വേദിക്കല്ലു കണ്ട് അജ്ഞാതദേവൻ എന്നു നിങ്ങൾ വിളിക്കുന്ന അറിയപ്പെടാത്ത ദൈവം, ആ ദൈവമാണ് "കർത്താവായ യേശുക്രിസ്തു" എന്ന് ചൂണ്ടിക്കാണിച്ചു കൊണ്ട് അപ്പോസ്തലൻ ആതൻസിലെ ബുദ്ധിജീവികളെ പ്രബോധിപ്പിക്കുന്നു.

നിങ്ങൾ ഇപ്പോൾ മാനസാന്തരപ്പെടുവിൻ: അറിയായ്മയുടെ കാലങ്ങളെ ദൈവം ലക്ഷ്യമാക്കാതെ ഇപ്പോൾ എല്ലായിടത്തും എല്ലാവരും മാനസാന്തരപ്പെടണമെന്ന് ദൈവം മനുഷ്യരോട് കല്പിക്കുന്നു.

ആമോസ് പ്രവാചകൻ തന്റെ പേരിന്റെ അർത്ഥം അന്വർത്ഥമാകത്തക്ക വണ്ണം സംസാരിക്കുകയാണ്. ആമോസ് എന്ന പേരിന്റെ അർത്ഥം - Burden - ഭാരം എന്നാണ്. വലിയ ഭാരത്തോടെ പ്രവാചകൻ സംസാരിക്കുന്നു. ജനത്തിനു വരുന്ന നാശത്തിൽ നിന്നു ജനത്തെ വീണ്ടെടുക്കുവാനുള്ള ദൈവത്തിന്റെ പദ്ധതിയെക്കുറിച്ച് വളരെ വ്യക്തമായി പ്രവാചകൻ അവരെ ഓർമ്മപ്പെടുത്തുന്നു.

വേഗം മനം തിരിയുവിൻ എന്ന് പ്രവാചകൻ അറിയിക്കുന്നു. പ്രവാചകന്റെ ഉള്ളിൽ ഭാരമുണ്ട്. ജനത്തെക്കുറിച്ച്

ഭാരമുണ്ട്, നശിക്കുന്ന രാഷ്ട്രത്തെക്കുറിച്ച് ഭാരമുണ്ട്. ദൈവം ആ നാശത്തിൽ നിന്ന് അവരെ രക്ഷിക്കണമെന്നുള്ള ദാഹമുണ്ട്. ദൈവം രക്ഷിക്കും എന്നുള്ള പ്രതീക്ഷയുണ്ട്.

മനം തിരിഞ്ഞാൽ രക്ഷ ലഭിക്കും; ദൈവത്തിന്റെ കരുണ ലഭിക്കും എന്നുള്ള ആഹ്വാനവും ദൈവീകമായ പ്രബോധനവുമുണ്ട് പ്രവാചകന്റെ വാക്കുകളിൽ; വരാൻ പോകുന്ന അനർത്ഥത്തെ ഒഴിവാക്കുവിൻ.

ഈ വാക്കുകളെ നിങ്ങൾ വായിക്കുമ്പോൾ ജീവിതത്തിലേയ്ക്ക് നോക്കുവിൻ. ചുറ്റുപാടും നോക്കുവിൻ, സ്വന്തം ജീവിതത്തിലേയ്ക്ക് നോക്കുവിൻ, നമ്മെത്തന്നെ കാണുവിൻ, നമ്മുടെ ജീവിതത്തിലെ തെറ്റുകളെ തിരിച്ചറിയുവിൻ, പാപത്തെ ഉപേക്ഷിപ്പിൻ.

ഇന്ന് കുടുംബങ്ങൾ തകർന്നു കിടക്കുകയല്ലേ? ഇന്ന് പരസ്പരം സ്നേഹം നഷ്ടപ്പെട്ടിരിക്കുകയല്ലേ? ഭാര്യയും ഭർത്താവും ഭിന്നതയിൽ, ഐക്യത്തിന്റെ സ്നേഹമോ, സന്തോഷമോ, സൗഭാഗ്യമോ, ആനന്ദമോ ഇല്ലാതെ ജീവിതം വിരസമായും മടുത്തും പോവുകയല്ലേ?

കുടുംബങ്ങൾ നശിച്ചു കൊണ്ടിരിക്കുകയല്ലേ? കുടുംബബന്ധങ്ങൾ ശിഥിലമായിക്കൊണ്ടിരിക്കുകയല്ലേ? മാതാപിതാക്കളും മക്കളും പരസ്പരം സ്നേഹമില്ലാതെ, ഐക്യമില്ലാതെ, തെറ്റിലും തിന്മയിലും ജീവിതം നശിപ്പിച്ചു കൊണ്ടിരിക്കുകയല്ലേ?

അനേകമനേകം കുടുംബങ്ങളിൽ ദ്രവ്യാഗ്രഹവും സ്വാർത്ഥതയും അഹങ്കാരവും ഇന്ന് വളർന്നു പുഷ്ടിപ്പെട്ട് ജീവിതം തകർത്തു കൊണ്ടിരിക്കുകയല്ലേ? സ്വാർത്ഥതയും അഴുക്കും അസൂയയും അശുദ്ധിയും അവിവേകവും, അലസതയും ജീവിതത്തെ ഉലച്ചുകൊണ്ടിരിക്കുകയല്ലേ? ദ്രവ്യാഗ്രഹത്തിനു വേണ്ടി, ദ്രവ്യാഗ്രഹത്തിന്റെ സുഖഭോഗങ്ങൾക്കു വേണ്ടി ഇന്ന് പണം അന്യായമായി സമ്പാദിക്കുകയും അന്യായ

മായി ചെലവഴിക്കുകയും ചെയ്തുകൊണ്ടിരിക്കുകയല്ലേ?

നോക്കൂ! ജീവിത്തിലെ തെറ്റുകളെ ദൈവം നമുക്ക് ചൂണ്ടിക്കാണിച്ചു തരുന്നത് നമ്മെ ശപിക്കാനല്ല, നമ്മെ തള്ളിക്കളയാനല്ല, നമ്മെ ഉപേക്ഷിക്കാനല്ല, അവ വിട്ടു നാം മനം തിരിയുവാനാണ്; നാം മാനസാന്തരപ്പെടുവാനാണ്.

അപ്പോസ്തലനായ പൗലോസ് കൊരിന്തിൽ പ്രസ്താവിച്ചു, റോമിലെ ജനത്തോട് പറഞ്ഞു, തെസ്സലൊനീക്യയിലെ ജനത്തോടു പറഞ്ഞു, അപ്പോസ്തലൻ എഫെസോസിലെ ജനത്തോടു പറഞ്ഞു, അപ്പോസ്തലൻ ഫിലിപ്പിയയിലുള്ള സഭയോടു പറഞ്ഞു, അപ്പോസ്തലൻ കൊലൊസ്യ സഭയോടു പറഞ്ഞു. എല്ലാ പ്രബോധനങ്ങളുടേയും പൊരുളു 'ദൈവത്തിങ്കലേയ്ക്ക് തിരിയുക' എന്നാണ്; ദൈവത്തോട് നിരപ്പാകുക എന്നാണ്.

കൊരിന്ത്യർക്കെഴുതിയ രണ്ടാമത്തെ ലേഖനം അഞ്ചാം അദ്ധ്യായത്തിന്റെ ഇരുപതു മുതലുള്ള വാക്യങ്ങളിൽ അപ്പോസ്തലൻ പറഞ്ഞു: ദൈവത്തോട് നിരന്നു കൊൾവിൻ എന്ന് ഞങ്ങൾ ക്രിസ്തുവിനു പകരം സ്ഥാനാപതികളായി നിങ്ങളെ പ്രബോധിപ്പിക്കുന്നു എന്ന്.

ദൈവത്തോട് നിരന്നു കൊൾവിൻ, മനുഷ്യർ ദൈവത്തിൽ നിന്ന് അകന്നുപോയിരിക്കുന്നു. വേഗം ദൈവത്തോട് നിരന്നു കൊൾവിൻ. ദൈവത്തിൽ നിന്ന് അകന്നുപോയതു കൊണ്ട് മനുഷ്യരുടെ യാതനകൾക്കും വേദനകൾക്കും ഒരു പ്രതിശാന്തി തരുവാൻ ദൈവത്തിനു കഴിയാതെ പോകുന്നു. അതുകൊണ്ട് അതിവേഗം ദൈവത്തോട് നിരന്നു കൊൾവിൻ എന്നാണ് അപ്പോസ്തലനായ പൗലോസ് പറയുന്നത്.

> "നിങ്ങൾ ബുദ്ധിയുള്ള ആരാധനയായി നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിനു പ്രസാദവുമുള്ള യാഗമായി സമർപ്പിപ്പിൻ"

എന്ന് അപ്പോസ്തലൻ പറയുന്നു. റോമർ 12 : 1

"ഈ ലോകത്തിന്നു അനുരൂപമാകാതെ നന്മയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്ന് തിരിച്ചറിയേണ്ടതിന് മനസ്സു പുതുക്കി രൂപാന്തരപ്പെടുവിൻ" എന്നാണ് അപ്പോസ്തലൻ റോമിലെ ക്രിസ്ത്യാനികളെ പ്രബോധിപ്പിക്കുന്നത്. റോമർ 12 : 2

ഇന്നും അതുതന്നെ ദൈവത്തിന്റെ ആത്മാവ് നമ്മെ അറിയിക്കുന്നു. ജീവിതത്തിൽ മാറ്റം വരട്ടെ; പാപത്തെ ഉപേക്ഷിക്കുവാനുള്ള മനസ്സ് വരട്ടെ; പാപത്തെ അറപ്പോടെ വെറുത്തുപേക്ഷിക്കുവാനുള്ള ദാഹം വരട്ടെ. അപ്പോൾ കൃപ നിരന്തരം നമ്മുടെ മേൽ പെയ്യാൻ തുടങ്ങും. അനുഗ്രഹത്തിന്റെ സമൃദ്ധി നമ്മുടെ മേൽ പ്രവഹിക്കാൻ തുടങ്ങും. സന്തോഷത്തിന്റെ നിറവിൽ നമുക്ക് ദൈവത്തെ സ്തുതിക്കാൻ സാധിക്കും. നമ്മുടെ ജീവിതം ആനന്ദം നിറഞ്ഞ് വഴിഞ്ഞ് ഒഴുകുന്നതായി മാറും. നമ്മുടെ കുടുംബം ശാന്തിയാകും, നമ്മുടെ കുടുംബം സ്വർഗ്ഗമാകും. ഭാര്യയും ഭർത്താവും ഐക്യമാകും. മാതാപിതാക്കളും മക്കളും ഒന്നാകും. ജീവിതത്തിൽ സന്തോഷവും സമാധാനവും തളിരിടും. ആനന്ദകരമായ സന്തോഷഅനുഭവങ്ങളിലൂടെ നമുക്ക് മുന്നേറാൻ സാധിക്കും.

നമ്മുടെ കടങ്ങൾക്ക് പൊറുതി ലഭിക്കും, നമ്മുടെ രോഗങ്ങൾക്ക് സൗഖ്യം ലഭിക്കും, നമ്മുടെ ജീവിതത്തിന് ഐശ്വര്യം ലഭിക്കും, നമ്മുടെ ഭാവി ശോഭനമാകും.

ആനന്ദ ഐശ്വര്യങ്ങളെഴുന്ന മാസങ്ങളും അബ്ദങ്ങളും നമുക്ക് തരുവാൻ ദൈവത്തിന് കഴിയും. അതിനുവേണ്ടി ദൈവജനമെ ഒരുങ്ങുവിൻ, നിങ്ങളുടെ പാപത്തോട് യാത്ര പറഞ്ഞ് പുതിയ ജീവിതം നിങ്ങൾ തുടങ്ങുവിൻ. ദൈവത്തെ നിങ്ങളുടെ ജീവിതത്തിലേക്ക് ഇപ്പോൾ എതിരേൽക്കുവിൻ.

നാഥാ, എന്റെ ഹൃദയത്തിലേയ്ക്ക് എഴുന്നെള്ളി വരണമെ.

അവിടുന്ന് ക്രൂശിൽ ചൊരിഞ്ഞ യാഗരക്തത്താൽ എന്നെ കഴുകണമെ, എന്നെ വെടിപ്പാക്കണമേ എന്ന് പ്രാർത്ഥിപ്പിൻ. ദൈവകരങ്ങളിലേക്ക് ജീവിതം വെച്ചു കൊടുക്കുവിൻ.

അഞ്ചപ്പവും രണ്ടു മീനും ബാലന്റെ കയ്യിലിരുന്നാൽ അവന്റെ വിശപ്പ് പക്ഷേ ഒരു നേരം മാറിയെന്നിരിക്കും. എന്നാൽ അഞ്ചപ്പവും രണ്ടു മീനും ഉടയവന്റെ കൈകളിലേക്കായാൽ അയ്യായിരങ്ങളുടെ വിശപ്പ് മാറും.

ബേത്ത്സയിദയിലെ മലഞ്ചെരുവിൽ ഇതാ ഒരു പറ്റം ആളുകളിരിക്കുന്നു. അയ്യായിരവുമല്ല, പതിനായിരവുമല്ല അതിലേറെ ആളുകൾ. പുരുഷൻമാർ മാത്രം അയ്യായിരംപേർ എന്നാണ് വചനം പറയുന്നത്. സ്ത്രീകൾ ഏതാണ്ട് അത്രയുമുണ്ടെങ്കിൽ കുഞ്ഞുങ്ങളും കൂടെ ആകുമ്പോൾ പതിനായിരത്തിലേറെ എന്നുള്ളതിന് സംശയമില്ല. അത്രയേറെ ജനം ബേത്ത്സയിദയിലെ മലഞ്ചെരുവിൽ പന്തി പന്തിയായി ഇരിക്കുകയാണ്. ആ ജനത്തിനു വിശപ്പുണ്ട്. മൂന്നു ദിവസമായി ആഹാരമില്ല. അവർ വിശന്നു പൊരിഞ്ഞിരിക്കുകയാണ്. കർത്താവ് അവരെ നോക്കി ഭാരത്തോടെ ശിഷ്യന്മാരോട് പറഞ്ഞു: നിങ്ങൾ ഇവർക്ക് ഭക്ഷിപ്പാൻ കൊടുപ്പിൻ എന്ന്. ശിഷ്യൻമാർ അമ്പരപ്പോടെ നോക്കി. ഇക്കണ്ട ജനത്തിനെല്ലാം എവിടെ നിന്ന് ആഹാരം കൊടുക്കും?

അപ്പോഴാണ് ആ ചെറിയ ബാലൻ അവന്റെ കയ്യിലെ പൊതി യേശുവിന്റെ നേരെ നീട്ടിയത്; അഞ്ചപ്പവും രണ്ടു മീനും. യേശു സന്തോഷത്തോടെ അതു വാങ്ങി. യേശു അതു വാഴ്ത്തി, നുറുക്കി ശിഷ്യൻമാർക്കു കൊടുത്തു. ശിഷ്യൻമാർ വിളമ്പി. അയ്യായിരക്കണക്കിന് ആളുകൾക്ക് അത് പോഷണമായിത്തീർന്നു. അത്ഭുതം! ദൈവം സന്തോഷിച്ചു. ദേശം അനുഗ്രഹിക്കപ്പെട്ടു. ബേത്ത്സയിദാ ദേശം അനുഗ്രഹിക്കപ്പെട്ടു. പതിനായിരങ്ങളുടെ വിശപ്പു മാറി. ആ ദേശം അനുഗ്രഹിക്കപ്പെട്ടു. ആ ബാലകൻ അനുഗ്രഹിക്കപ്പെട്ടു. അവന്റെ ഭവനം അനുഗ്രഹിക്കപ്പെട്ടു. കർത്താവായ യേശുവിനു തൃപ്തിയായി.

ഈ വാക്കുകളെ നിങ്ങൾ വായിക്കുമ്പോൾ യേശുവിനു തൃപ്തി വരുത്തുവാൻ, യേശുവിനെ പ്രസാദിപ്പിക്കുവാൻ, നിങ്ങൾക്കുള്ളത് യേശുവിന് കൊടുക്കുവാൻ നിങ്ങൾക്ക് താൽപര്യമുണ്ടോ? ഉള്ളതെന്ത്? അത് യേശുവിനു കൊടുക്കുവിൻ, എത്ര നിസ്സാരമാണെങ്കിലും യേശുവിനു കൊടുക്കുവിൻ.

യേശു വാഴ്ത്തട്ടെ, യേശു നുറുക്കട്ടെ, യേശു അനുഗ്രഹിക്കട്ടെ. എല്ലാ ശാന്തിയും സമാധാനവും നിങ്ങളുടെ ജീവിതത്തിൽ പകരട്ടെ. സ്വർഗ്ഗം സന്തോഷിക്കട്ടെ. യേശുവിന്റെ തിരുരക്തം ജയിക്കുന്നത് അനേകർക്ക് അനുഭവമായി മാറട്ടെ. ദൈവതിരുനാമം മഹത്വപ്പെടുമാറാകട്ടെ.

## ഒൻപത്

''പർവ്വതങ്ങളെ നിർമ്മിക്കയും കാറ്റിനെ സൃഷ്ടിക്കയും മനുഷ്യനോടു അവന്റെ നിരൂപണം ഇന്നതെന്നു അറിയിക്കയും പ്രഭാതത്തെ അന്ധകാരമാക്കുകയും ഭൂമിയുടെ ഉന്നതികളിന്മേൽ നടകൊള്ളുകയുംചെയ്യുന്ന ഒരുത്തനുണ്ട്; സൈന്യങ്ങളുടെ ദൈവമായ യഹോവ എന്നാകുന്നു അവന്റെ നാമം.'' ആമോസ് 4 : 13

ഭയമില്ലാത്ത പ്രവാചകൻ ഭയമില്ലാതെ വചനം പ്രസ്താവിക്കുകയാണ്. മനുഷ്യരെ ഭയമില്ല. രാജാവിനെ ഭയമില്ല. ഔദ്യോഗിക ഭരണാധികാരികളെ ഭയമില്ല ഔദ്യോഗിക പ്രവാചകനായ അമസ്യാവെ ഭയമില്ല. ഔദ്യോഗിക പുരോഹിതനായ അമസ്യാവെ പേടിയില്ല. ആരേയും ഭയമില്ലാതെ ദൈവത്തെ മാത്രം ഭയപ്പെടുന്ന ഒരു പ്രവാചകൻ.

ആമോസ് പ്രവാചകന്റെ പുസ്തകം ഒന്നും രണ്ടും അദ്ധ്യായങ്ങൾ, looking around, ചുറ്റുപാടും പ്രവാചകൻ കാണുകയാണ്. ചുറ്റുപാടും അനേകമനേകം രാഷ്ട്രങ്ങൾ നശിച്ചുകൊണ്ടിരിക്കുന്നു. ദമ്മേശെക്കും ഏദോമും മോവാബും

അമ്മോന്യരും എല്ലാദേശങ്ങളും മുടിഞ്ഞു കൊണ്ടിരിക്കുന്നു. യഹൂദാദേശവും തകരുന്നു. സോർ നശിക്കുന്നു. ഇതാ യിസ്രായേൽ രാഷ്ട്രവും അപകടത്തിലേക്ക് നീങ്ങുന്നു. പ്രവാചകൻ ചുറ്റുപാടും നോക്കിക്കൊണ്ട് പാപത്തിന്റെ ഭീകരമായ ആന്ധ്യത്തിൽ പിടയുന്ന മനുഷ്യസമൂഹത്തിന്റെ ആ അപകടകരമായ നിലയെക്കുറിച്ച് ഭാരത്തോടെ പ്രവചിക്കുന്നു. ആമോസ് അതിവേദനയോടെ, ദാഹത്തോടെ, പ്രവചിക്കുകയാണ്.

എന്നാൽ തുടർന്നു നാം കാണുന്നു ആമോസിന്റെ പ്രവചനം മൂന്ന്, നാല്, അഞ്ച്, ആറ് അദ്ധ്യായങ്ങളിൽ ആമോസ് പ്രവാചകൻ തന്റെ ജീവിതത്തിലേക്ക് അഥവാ ജനത്തിന്റെ ജീവിതത്തിലേക്ക് നോക്കിക്കൊണ്ട് സംസാരിക്കുകയാണ്. Looking within; ഉള്ളിലേക്ക് നോക്കിക്കൊണ്ടു പറയുന്നു. രാജ്യത്തിന്റെ ഉള്ളിലേക്ക് നോക്കിക്കൊണ്ടു പറയുന്നു.

രാഷ്ട്രത്തിലുള്ള ജനങ്ങളുടെ ഹൃദയത്തിലേക്ക് നോക്കിക്കൊണ്ട് പറയുന്നു. ഇതുവരേയും, ഒന്നും രണ്ടും അദ്ധ്യായങ്ങളിൽ, "looking around" ചുറ്റുപാടും നോക്കിക്കൊണ്ട് പറഞ്ഞു. എന്നാൽ ഇതാ മൂന്ന്, നാല്, അഞ്ച്, ആറ് അദ്ധ്യായങ്ങളിൽ ചുറ്റുപാടുമല്ല നോക്കുന്നത്, ഉള്ളിലേക്ക് നോക്കുകയാണ്; 'Looking within.'

പ്രവാചകൻ അത് പറയുന്നത് എന്തിനുവേണ്ടിയാണ്; ഒരു വലിയ അഭിവൃദ്ധി ലഭിക്കുവാൻ, ഒരു വലിയ ശാന്തി ലഭിക്കുവാൻ, ഒരു വലിയ ആന്തരിക ഉണർവ്വ് ലഭിക്കുവാൻ, ഒരു വലിയ സാമൂഹിക ഉത്തേജനവും ഉൽക്കർഷവും ലഭിക്കുവാൻ, അതിനുവേണ്ടിയാണ് പ്രവാചകൻ ഉള്ളിലേക്കു നോക്കിപ്പറയുന്നത് - Looking within.

മൂന്നിന്റെ ഒന്നിലും നാലിന്റെ ഒന്നിലും അഞ്ചിന്റെ ഒന്നിലും പ്രവാചകൻ പറയുന്ന ഒരേ ഒരു വാക്കുണ്ട് മൂന്നിന്റെ ഒന്നിൽ ഇപ്രകാരം പറയുന്നു.

“യഹോവ അരുളിചെയ്യുന്ന ഈ വചനം കേൾപ്പിൻ”

നാലാം അദ്ധ്യായം ഒന്നാം വാക്യം.

“ഈ വചനം കേൾപ്പിൻ”

അഞ്ചാം അദ്ധ്യായം ഒന്നാം വാക്യം.

“ഈ വചനം കേൾപ്പിൻ”

""Hear this word' - ‘‘ഈ വചനം കേൾപ്പിൻ’’ എന്ന് പ്രവാചകൻ പറയുകയാണ്.

ജനത്തിന് ഉൽക്കർഷം വേണമോ? യഹോവയുടെ വചനം കേൾക്കണം; ജനത്തിന് അഭിവൃദ്ധി വേണമോ? ജീവനുള്ള ദൈവത്തിന്റെ വചനം കേൾക്കണം. ജനത്തിനു മുന്നേറ്റം വേണമോ? ജീവനുള്ള ദൈവ ത്തിന്റെ വചനം കേൾക്കണം.

നിങ്ങളുടെ കുടുംബത്തിന് ഐശ്വര്യം വേണമോ? നിങ്ങളുടെ ഭാവിശോഭനമാകണമോ? മകനേ, നീ ഇന്നു നിരാശയിലല്ലേ? നീ ഇന്നു തളർന്നിരിക്കുകയല്ലേ? മകളേ നിന്റെ കുടുംബത്തിൽ ശാന്തിയില്ലാതെ വലയുകയല്ലേ? ഒട്ടേറെ ദുരിതങ്ങളും ആപത്തുകളും കെടുതികളും കേടുകളും കഷ്ടങ്ങളും നഷ്ടങ്ങളും വന്ന് നിന്റെ ജീവിതമാകെ ഉലയുകയല്ലേ? ജീവിതം വിരസമായിരിക്കുകയല്ലേ? സമാധാനമില്ലാതെ നീ അഴലുകയല്ലേ? കുടുംബ ശാന്തിയില്ലാതെ നീ പിടയുകല്ലേ? ദുഃഖിച്ച് തകർന്നു കരയുകയല്ലേ?

എന്നാൽ ദൈവത്തിന്റെ പരിശുദ്ധാത്മാവ് നിന്നോട് പറയുന്നു; "വചനം കേൾപ്പിൻ."

''ആകയാൽ വിശ്വാസം കേൾവിയാലും കേൾവി ക്രിസ്തുവിന്റെ വചനത്താലും വരുന്നു." റോമർ 10 : 17

വചനം കേൾക്കുക, വചനം വിശ്വസിക്കുക; വിശ്വസിക്കുമ്പോൾ അനുഭവം കിട്ടും. വിശ്വസിച്ചാൽ ദൈവത്തിന്റെ മഹത്വം കാണുവാൻ സാധിക്കും.

ഈ ഭാഗത്ത് ഉള്ളിലേക്കു നോക്കിക്കൊണ്ട് പ്രവാചകൻ പറയുമ്പോൾ മൂന്നുവിധത്തിലുള്ളതായ -Message- ദൂത് പ്രവാചകൻ തരുന്നുണ്ട്,

ഒന്ന് : വിശദീകരണത്തിന്റെ ദൂത്.

രണ്ട് : കുറ്റപ്പെടുത്തലിന്റെ ദൂത്.

മൂന്ന് : വിലാപത്തിന്റെ ദൂത്.

മൂന്നാം അദ്ധ്യായം ഒന്നാം വാക്യം മുതൽ പതിനഞ്ചാം വാക്യം വരെ വിശദീകരണത്തിന്റെ ദൂത് വായിക്കാം - A Mesage of explanation.

എന്താണ് പ്രവാചകൻ വിശദീകരിക്കുന്നത്? ജനം ചോദിക്കുന്നു. എങ്ങനെയാണ് ഞങ്ങൾക്ക് നാശം വരുന്നത്. ന്യായവിധി വരാൻ യാതൊരു കാര്യവുമില്ലല്ലോ. ഞങ്ങൾ ദൈവത്തിന്റെ തെരഞ്ഞെടുക്കപ്പെട്ട ജനമല്ലേ എന്ന്. ശരിയാണ്, പ്രവാചകൻ പറയുകയാണ്. നിങ്ങൾ തെരഞ്ഞെടുക്കപ്പെട്ടവർ തന്നെ.

ഭൂമിയിലെ സകല വംശങ്ങളിലും വെച്ചു ഞാൻ നിങ്ങളെ മാത്രം തിരഞ്ഞെടുത്തിരിക്കുന്നു. എന്ന് ജനം

പറയുന്നു. പക്ഷേ പ്രവാചകൻ പറയുന്നു. അതു കൊണ്ടു തന്നെ നിങ്ങളുടെ അകൃത്യങ്ങളൊക്കെയും ദൈവം നിങ്ങളിൽ സന്ദർശിക്കും എന്ന്.

ഞങ്ങൾ തെരഞ്ഞെടുക്കപ്പെട്ട ജനമല്ലേ എന്ന് അഭിമാനം പറയുന്നതാണ് അവരുടെ ഏറ്റവും വലിയ ആപത്ത്. അവരുടെ കെടുതി അവിടെയാണ് തുടങ്ങുന്നത്. അവർക്ക് തങ്ങളിൽ തന്നെ അഭിമാനം ഉണ്ട്. തങ്ങളുടെ കേടിനെക്കുറിച്ച് വ്യസനിക്കുന്നില്ല.

യോസേഫിന്റെ കേടിനെക്കുറിച്ച് വ്യസനിക്കുന്നില്ല താനും എന്ന് ആമോസ് ഒരു ഭാഗത്ത് പറയുന്നുണ്ടല്ലോ. അവർക്കു വരുന്ന തെറ്റുകളെ അവർ കാണുന്നില്ല. ഞങ്ങൾ ദൈവം തെരഞ്ഞെടുത്ത ജാതി എന്നുള്ള അഭിമാനത്തിന്റെ പൊങ്ങച്ചം ഉൾക്കൊണ്ടുകൊണ്ട് അവർ സന്തോഷത്തിൽ കഴിയുകയാണ്. അവർക്ക് ഉള്ളതായ കേട് അവർ കാണുന്നില്ല. അവർ ഉള്ളിലേക്ക് നോക്കുന്നില്ല.

പ്രവാചകൻ സങ്കടത്തോടെ പറയുന്നു. നിങ്ങളെ ദൈവം തെരഞ്ഞെടുത്തത് ശരിയാണ്, പക്ഷേ നിങ്ങൾ ഇന്ന് കെണിയിൽപെട്ടിരിക്കുകയാണ്. ഇന്ന് നിങ്ങൾ അപകടത്തിൽപ്പെട്ടിരിക്കുകയാണ്.

> “രണ്ടുപേർ തമ്മിൽ ഒത്തിട്ടല്ലാതെ ഒരുമിച്ചു നടക്കുമോ” എന്ന് ദൈവം ചോദിക്കുകയാണ്.
>
> ആമോസ് 3 : 3

നിങ്ങൾ ദൈവത്തോട് യോജിപ്പിലല്ല, ദൈവത്തോട് നിരപ്പിലല്ല. നിങ്ങൾ അനർത്ഥത്തിലാണ് എന്ന് പ്രവാചകൻ അവരെ ഓർമ്മപ്പെടുത്തുകയാണ്.

പ്രവാചകൻ അവരോട് ശക്തമായി പറയുന്നു. ഒരു സിംഹം

അലറുന്നു എങ്കിൽ അതിന് ഇര വേണം. ഒരു പക്ഷി കെണിയിൽ വീഴുന്നു എങ്കിൽ അതിന് കെണി വെയ്ക്കുവാൻ ആരെങ്കിലും വേണം. ഒരു പെരുമ്പറ മുഴങ്ങുന്നു എങ്കിൽ ഒരു വലിയ അത്യാഹിതം അടുത്തു എന്ന് ഉറപ്പാണ്. ഒരു പ്രവാചകൻ പ്രസംഗിക്കുന്നു എങ്കിൽ ദൈവം അവനെ അയച്ചു എന്നുള്ളതിനു സംശയമില്ല.

ആമോസ് പ്രവാചകൻ പറയുന്നു : ഇതാവരുന്നു, അശ്ശൂർ നിങ്ങളുടെ നേരെ വരുന്നു. അസ്സീറിയൻ സാമ്രാജ്യം യിസ്രായേൽ രാഷ്ട്രത്തെ കീഴടക്കാൻ പോകുന്നു. അസ്സീറിയൻ സാമ്രാജ്യം വന്ന്, അശ്ശൂർ വന്ന് ഈ ദേശത്തെ നശിപ്പിക്കാൻ പോകുന്നു എന്ന് പ്രവാചകൻ പറയുകയാണ്. അതിനെക്കുറിച്ച് അറിയാതെ നിങ്ങൾ സുഖമായി നല്ല വസന്ത ഗൃഹങ്ങളിൽ ദന്തഗോപുരങ്ങളിൽ സുഖകരമായ ശയ്യകളിൽ, കഴിയുകയാണ്.

മൂന്നാം അദ്ധ്യായം ഒൻപതാം വാക്യം മുതൽ പതിനഞ്ചാം വാക്യം വരെ വായിക്കുമ്പോൾ സുഖഭോഗങ്ങളിൽ മുഴുകിക്കിടക്കുന്ന ജനതതിയെ നമുക്ക് കാണുവാൻ സാധിക്കും. ഹേമന്തഗൃഹങ്ങളിലും ഗ്രീഷ്മഭവനങ്ങളിലും സുഖമായി കഴിയുന്നവരെക്കുറിച്ച് പ്രവാചകൻ മുന്നറിയിപ്പ് നൽകുകയാണ്. മനുഷ്യർ സന്തോഷമായി കഴിയുന്നു. ദന്തമന്ദിരങ്ങളിൽ അവർ ജീവിക്കുന്നു. പക്ഷേ നിങ്ങളുടെ ദന്തഭവനങ്ങൾ നശിച്ചുപോകും എന്ന് പ്രവാചകൻ മുന്നറിയിപ്പ് തരുന്നു. പലവീടുകളും മുടിഞ്ഞുപോകും എന്ന് യഹോവയുടെ അരുളപ്പാട് എന്ന് പ്രവാചകൻ കല്പിക്കുകയാണ്.

മൂന്നാം അദ്ധ്യായം പതിന്നാലാം വാക്യത്തിൽ പ്രവാചകൻ പറയുന്നു.

“ഞാൻ യിസ്രായേലിന്റെ അതിക്രമങ്ങൾ നിമിത്തം അവനെ

സന്ദർശിക്കുന്ന നാളിൽ ബലിപീഠത്തിന്റെ കൊമ്പുകൾ മുറിഞ്ഞു നിലത്തു വീഴുവാന്തക്കവണ്ണം ഞാൻ ബേഥേലിലെ ബലിപീഠങ്ങളെയും സന്ദർശിക്കും. ഞാൻ ഹേമന്തഗൃഹവും ഗ്രീഷ്മഗൃഹവും ഒരുപോലെ തകർത്തുകളയും, ദന്തഭവനങ്ങൾ നശിച്ചുപോകും; പലവീടുകളും മുടിഞ്ഞുപോകും എന്ന് യഹോവയുടെ അരുളപ്പാട്."

മനുഷ്യന്, ദൈവം വിശദീകരണം കൊടുക്കുകയാണ്, നാശം വരുന്നു എന്ന്. നിങ്ങൾ ഇന്ന് സുഖഭോഗങ്ങളിൽ മുഴുകിക്കഴിയുന്നു. എന്നാൽ നിങ്ങളുടെ ആത്മാവു നശിക്കുന്നു എന്ന് ദൈവം പ്രവാചകന് കൊടുത്തതായ അരുളപ്പാട് പ്രവാചകൻ ജനത്തെ മുന്നറിയിപ്പോടെ ബോധ്യപ്പെടുത്തുകയാണ്. എല്ലാം വിശദീകരിച്ച് കൊടുക്കുകയാണ്. A Message of explanation

ഈ കാലഘട്ടത്തിന്റെ ഏറ്റവും വലിയ ആവശ്യം വിശദീകരണത്തിന്റെ ദൂത് - A Message of explanation - എന്നതാണ്. വരാൻ പോകുന്ന കാര്യങ്ങൾ വിശകലനം ചെയ്തു എല്ലാം വ്യക്തമായി ജനത്തിന് പറഞ്ഞുകൊടുക്കുന്നത് ഇന്ന് അത്യന്താപേക്ഷിതമായിരിക്കുന്നു.

ജനമോ സുഖഭോഗങ്ങളിൽ മുഴുകിക്കഴിയുന്നു. ആത്മാവിനെക്കുറിച്ച് കരുതുന്നില്ല. നിത്യതയെക്കുറിച്ച് ചിന്തയില്ല. മരണത്തിനുശേഷം ഒരു നിത്യത ഉണ്ട്, എന്ന് ചിന്തിക്കുന്നില്ല. അനർത്ഥം പതിയിരിക്കുന്നു എന്ന് ചിന്തിക്കുന്നില്ല. നരകത്തിന്റെ ഭീകരതയിലേക്ക് ഒഴുകിക്കൊണ്ടിരിക്കുന്നത് അറിയുന്നില്ല. പാപത്തിന്റെ അനിർവ്വാര്യഫലമായ നിത്യനരക തീപ്പൊയ്കയാണ് കാത്തുനില്ക്കുന്നത് എന്ന് അറിയുന്നില്ല. സ്വർഗ്ഗമഹാസന്തോഷം എന്നൊന്ന് ഉണ്ട് എന്ന് അറിയാമെങ്കിലും അതിനു ഞാൻ

ഒരുങ്ങിയിട്ടില്ല എന്നുള്ള പരമസത്യം ഗ്രഹിക്കുന്നില്ല. അവനവനെത്തന്നെ കാണുന്നില്ല.

'Looking within' - അവനവനിലേക്കു തന്നെ നോക്കുമ്പോൾ മനസ്സിലാകും എന്റെ അവസ്ഥ ഭയാനകമാണെന്ന്. ദൈവത്തിന്റെ വചനം വ്യക്തമായി പറയുകയാണ്.

> "പർവ്വതങ്ങളെ നിർമ്മിക്കയും കാറ്റിനെ സൃഷ്ടിക്കയും മനുഷ്യനോടു അവന്റെ നിരൂപണം ഇന്നതെന്ന് അറിയിക്കയും പ്രഭാതത്തെ അന്ധകാരമാക്കുകയും ഭൂമിയുടെ ഉന്നതികളിന്മേൽ നടകൊള്ളുകയും ചെയ്യുന്ന ഒരുത്തനുണ്ട്; സൈന്യങ്ങളുടെ ദൈവമായ യഹോവ എന്നാകുന്നു അവന്റെ നാമം." ആമോസ് 4 : 13

ദൈവജനമേ, ഈ വാക്കുകളെ നിങ്ങൾ വായിക്കുമ്പോൾ നിങ്ങൾ മനം തിരിയുന്നുണ്ടോ? നിങ്ങളുടെ ജീവിതത്തിലെ തെറ്റുകളോട് യാത്ര പറയാൻ തോന്നുന്നുണ്ടോ? എല്ലാ തെറ്റുകൾക്കും പരിഹാരമായി ക്രൂശിൽ മരിച്ച രക്ഷകനെ നിങ്ങൾ കാണുന്നുണ്ടോ?

മകനേ, നീ ചെയ്ത പാപങ്ങളുടെ ശിക്ഷ സ്വന്തം ശരീരത്തിൽ വഹിച്ചുകൊണ്ട് കുരിശിന്മേൽ കിടന്നു പിടയുന്ന ക്രിസ്തുവിനെ നീ നോക്കുന്നുണ്ടോ? നിനക്കുവേണ്ടി കുരിശിൽ കുറ്റമില്ലാത്ത രക്തം ചൊരിഞ്ഞ രക്ഷകനെ നീ അറിയുന്നുണ്ടോ?

അവനിതാ നിന്റെ നേരെ കൈനീട്ടിക്കൊണ്ടു നില്ക്കുന്നു. മകളേ. നിന്റെ സമീപത്തിലേക്ക് അവനിതാ വന്നിരിക്കുകയാണ്. അവൻ നിന്നോട് കെഞ്ചി

യാചിക്കുകയാണ്. എന്റെ മകനേ നിന്റെ ഹൃദയം എനിക്കുതരിക. എന്റെ മകളേ നിന്റെ ഹൃദയം എനിക്കുതരിക എന്നു പറഞ്ഞുകൊണ്ട് ഓരോരുത്തരുടേയും മുമ്പിൽ വന്നു മുട്ടുന്ന ക്രിസ്തുവിന്റെ സ്വരം നിങ്ങൾ കേൾക്കുക. ക്രിസ്തുവിനെ നിങ്ങൾ വിളിക്കുക. ക്രിസ്തുവിനെ നിങ്ങൾ സ്വീകരിക്കുക. ക്രിസ്തുവിന്റെ തിരുരക്തത്താലുള്ള വിശുദ്ധീകരണം അനുഭവിക്കുക. ക്രിസ്തുവിന്റെ തിരുരക്തത്താലുള്ള വീണ്ടെടുപ്പ് സ്വന്തമാക്കുക. ഒരു പുതിയ ജീവിതം തുടങ്ങുക. ദൈവത്തിന്നായി നിങ്ങളെത്തന്നെ വേർതിരിക്കുക.

നമുക്ക് ശാന്തമായി പ്രാർത്ഥിക്കാം. കരുണയുള്ള കർത്താവേ നീ തന്ന വചനങ്ങൾക്കായി നിന്നെ സ്തുതിക്കുന്നു. ഇപ്പോൾ അവിടുത്തെ മഹത്വമേറിയ ദൂതുകൾ ഞങ്ങളെ അറിയിച്ചതിനായി ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. ഞങ്ങൾ ഞങ്ങളിലേക്കു തന്നെ നോക്കണമെന്നും ഞങ്ങളുടെ പാപങ്ങളെ ഓർത്തു അനുതപിക്കണമെന്നും ഞങ്ങൾ നുറുങ്ങിയ ഹൃദയത്തോടെ നിന്റെ കരുണതേടി കുരിശിൻ ചുവട്ടിലേക്കു വരണമെന്നും അവിടുത്തെ കൃപ ഞങ്ങളെ ആഹ്വാനം ചെയ്തതിനാൽ ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. ഞങ്ങൾ നിന്നെ സ്തോത്രം ചെയ്യുന്നു. കൃപതോന്നണമേ ഞങ്ങളെ അനുഗ്രഹിക്കണമേ ഞങ്ങളുടെ കുറവുകൾ പൊറുക്കണമേ ഇന്ന് ഞങ്ങളെ വിശുദ്ധീകരിക്കണമേ പുതിയ ജീവിതം തുടങ്ങുവാനുള്ള കൃപ ഞങ്ങളുടെ മേൽ അയയ്ക്കണമെ, തിരുനാമം മഹത്വപ്പെടുത്തണമെ.

## പത്ത്

"എന്നാൽ ന്യായം വെള്ളം പോലെയും നീതി വറ്റാത്ത തോടുപോലെയും കവിഞ്ഞൊഴുകട്ടെ."
ആമോസ് 5 : 4

ആമോസ് പ്രവാചകന്റെ പുസ്തകം ഒന്നും രണ്ടും അദ്ധ്യായങ്ങൾ - Looking around- ചുറ്റുംനോക്കി കാണുകയാണ്. എന്നാൽ മൂന്നുമുതൽ ആറുവരെ അദ്ധ്യായങ്ങൾ looking with in - ഹൃദയങ്ങളിലേക്കുതന്നേ നോക്കുവാൻ ആഹ്വാനം ചെയ്യുകയാണ്, അതിൽ മൂന്നു ദൂതുകൾ നാം കാണുന്നു.

ഒന്ന് : വിശദീകരണത്തിന്റെ ദൂത് "A Message pf explanation.
ആമോസ് 3 : 15

രണ്ട് : കുറ്റപ്പെടുത്തലിന്റെ, കുറ്റം ഓർമ്മ തരുന്ന, ദൂത് - A Message of accusation.
ആമോസ് 4 : 1-3

കുറ്റപ്പെടുത്തലിന്റെ ദൂത് ആണ്. കുറ്റം ഓർമ്മപ്പെടുത്തുന്ന ദൂതാണ്. തെറ്റുകൾ ചൂണ്ടിക്കാണിക്കുന്ന ദൂതാണ്. ഭയമില്ലാത്ത പ്രവാചകൻ ജനത്തെ അവരുടെ പാപങ്ങളെ

ഓർത്ത് അനുതപിക്കുവാൻ പ്രബോധിപ്പിക്കുകയാണ്. അവരുടെ കുറ്റം അവരെ ഓർമ്മപ്പെടുത്തുകയാണ്. കുറ്റം അവരെ ബോധ്യപ്പെടുത്തുകയാണ്. പാപത്തെ ഓർത്ത് അനുതപിക്കുവാൻ അവരോട് ആവശ്യപ്പെടുകയാണ്. ആ പ്രവാചകൻ അവരെ കുറ്റപ്പെടുത്തുന്ന ദൂത് അവരോട് പറയുകയാണ്.

ആറാം അദ്ധ്യായം ഒന്ന് മുതൽ ആറാം വാക്യംവരെ നാം കാണുന്നത് അങ്ങനെയാണ്.

"സീയോനിൽ സ്വൈരികളായി ശമർയ്യാ പർവ്വതത്തിൽ നിർഭയരായി ജാതികളിൽ പ്രധാനമായതിൽ ശ്രേഷ്ഠന്മാരായി യിസ്രായേൽ ഗൃഹം വന്നു ചേരുന്നവരായുള്ളോരേ, നിങ്ങൾക്ക് അയ്യോ കഷ്ടം! നിങ്ങൾ കൽനെക്കു ചെന്നു നോക്കുവിൻ; അവിടെനിന്നു മഹതിയായ ഹമാത്തിലേക്കു പോകുവിൻ; ഫെലിസ്ത്യരുടെ ഗത്തിലേക്കു ചെല്ലുവിൻ: അവ ഈ രാജ്യങ്ങളെക്കാൾ നല്ലവയോ? അവയുടെ ദേശം നിങ്ങളുടെ ദേശത്തെക്കാൾ വിസ്താരമുള്ളതോ? നിങ്ങൾ ദുർദ്ദിവസം അകറ്റിവെക്കുകയും സിംഹാ സനത്തിന്റെ ഇരിപ്പിടം അടുപ്പിക്കയും ചെയ്യുന്നു. നിങ്ങൾ ആനക്കൊമ്പുകൊണ്ടുള്ള കട്ടിലുകളിന്മേൽ ചാരിയിരിക്കയും നിങ്ങളുടെ ശയ്യകളിന്മേൽ നിവർന്നു കിടക്കയും ആട്ടിൻകൂട്ടത്തിൽ നിന്നു കുഞ്ഞാടുകളെയും തൊഴുത്തിൽനിന്നു പശുക്കിടാക്കളെയും തിന്നുകയും ചെയ്യുന്നു. നിങ്ങൾ വീണാനാദത്തോടെ വ്യർത്ഥസംഗീതം ചെയ്തു ദാവീദ് എന്നപോലെ വാദിത്രങ്ങളെ ഉണ്ടാക്കുന്നു. നിങ്ങൾ കലശങ്ങളിൽ വീഞ്ഞുകുടിക്കയും വിശേഷതൈലം പൂശുകയും ചെയ്യുന്നു, യോസേഫിന്റെ കേടിനെക്കുറിച്ചു വ്യസനി ക്കുന്നില്ലതാനും."

സുഖാനുഭവഭോഗങ്ങളിൽ മുഴുകി ആത്മാവിന്റെ

കാര്യം ചിന്തിക്കാതെ, പാപത്തെഓർക്കാതെ, പാപത്തിന്റെ കേടിനെക്കുറിച്ചു വ്യസനിക്കാതെ, അങ്ങനെ തങ്ങളിൽത്തന്നെ പുകഴ്ന്നുകൊണ്ട് തങ്ങളിൽ തന്നെ പ്രശംസിച്ചുകൊണ്ട് പാപത്തെ ഓർത്ത് അനുതപിക്കാതെ ജീവിക്കുന്ന ജനതയോട് പ്രവാചകൻ അവരെ കുറ്റപ്പെടുത്തിക്കൊണ്ട് സംസാരിക്കുന്നു. A message of accusation.

ദൈവത്തിന്റെ പരിശുദ്ധാത്മാവ് എന്നും പാപബോധം തരുന്നതാണ്. പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ബോധം തരുന്നതാണ് ദൈവത്തിന്റെ പരിശുദ്ധാത്മാവ്.

പാപബോധം, ദൈവത്തിന്റെ പരിശുദ്ധാത്മാവ് തരുന്ന ഒരു മഹാസിദ്ധിയാണ്. എന്റെ പാപം ഞാനറിയുക. മറ്റുള്ളവരുടെ പാപം ഞാൻ കാണാതിരിക്കുക. എന്റെ പാപം മാത്രം ഞാൻ നോക്കുക. മറ്റുള്ളവരുടെ പാപത്തെ നോക്കാതിരിക്കുക. എന്റെ തെറ്റിനെക്കുറിച്ചു ഞാൻ വ്യസനിക്കുക. മറ്റുള്ളവരുടെ തെറ്റിനെ ഞാൻ ചിന്തിക്കപോലും ചെയ്യാതിരിക്കുക. അതത്രേ ഒരു വിശ്വാസിയുടെ ലക്ഷണം. ഒരു വളരുന്ന വിശ്വാസിയുടെ ലക്ഷണം അതാണ്.

മറ്റാരേയും നോക്കുന്നില്ല. മറ്റുള്ളവരിലെ നന്മമാത്രം കാണുന്നു, എന്നിലെ തിന്മമാത്രം കാണുന്നു. മറ്റുള്ളവരിലെ തിന്മകാണുന്നില്ല, എന്നിലെ നന്മയും കാണുന്നില്ല. എന്നിൽ തിന്മ, അതുമാത്രം കാണുന്നു. മറ്റുള്ളവരിൽ നന്മ, അതുമാത്രം കാണുന്ന ഓരോരുത്തൻ മറ്റുള്ളവനെ തന്നെക്കാൾ ശ്രേഷ്ഠനെന്ന് എണ്ണിക്കൊള്ളുന്നു. A message of accusation. കുറ്റപ്പെടുത്തലിനെക്കുറിച്ചുള്ള ദൂത്. കുറ്റങ്ങൾ ചൂണ്ടി

ക്കാണിക്കുന്ന ഒരു ദൂതാണ് പ്രവാചകൻ അവിടെ തരുന്നത്.

മൂന്ന് : പ്രലോഭനത്തിന്റെ, വിലാപത്തിന്റെ ദൂത് - A Message of lamentation - അത് കരച്ചിലിന്റെ ദൂതാണ്.

പ്രവാചകൻ വരാൻപോകുന്ന ന്യായവിധിയെ ഓർത്ത് കരയുകയാണ്. അഞ്ചാം അദ്ധ്യായത്തിൽ നാലുഭാഗങ്ങളിൽ അന്വേഷിപ്പിൻ  എന്ന് പ്രവാചകൻ പറയുന്നതു കാണാം. അഞ്ചാം അദ്ധ്യായം നാലാം വാക്യത്തിലും, അഞ്ചാം അദ്ധ്യായം ആറാം  വാക്യത്തിലും, അഞ്ചാം അദ്ധ്യായം എട്ടാം വാക്യത്തിലും അഞ്ചാം അദ്ധ്യായം പതിന്നാലാം വാക്യത്തിലും പ്രവാചകൻ "അന്വേഷിപ്പിൻ" എന്നുപറയുന്നു.

നാലാം വാക്യം : യഹോവ യിസ്രായേൽ ഗൃഹത്തോടു ഇപ്രകാരം അരുളിചെയ്യുന്നു. "നിങ്ങൾ ജീവിച്ചിരിക്കേണ്ടതിന്നു എന്നെ അന്വേഷിപ്പിൻ."

ആറാം വാക്യം: "നിങ്ങൾ  ജീവിച്ചിരിക്കേണ്ടതിന്നു യഹോവയെ അന്വേഷിപ്പിൻ."

എട്ടാം വാക്യം: "കാർത്തികയെയും മകയിരത്തെയും സൃഷ്ടിക്കയും അന്ധതമസ്സിനെ പ്രഭാതമാക്കി മാറ്റുകയും പകലിനെ രാത്രിയാക്കി ഇരുട്ടുകയും സമുദ്രത്തിലെ വെള്ളത്തെ വിളിച്ചു ഭൂതലത്തിൽ പകരുകയും ചെയ്യുന്നവനെ അന്വേഷിപ്പിൻ: യഹോവ എന്നാകുന്നു. അവന്റെ നാമം."

പതിന്നാലാം വാക്യം: "ഇതുദുഷ്ക്കാലമല്ലോ; നിങ്ങൾ ജീവിച്ചിരിക്കേണ്ടതിന്നു തിന്മയല്ല നന്മതന്നേ അന്വേഷിപ്പിൻ."

വീണ്ടും ആറാം അദ്ധ്യായത്തിലേക്കുവരുമ്പോൾ പ്രവാചകൻ വേദനയോടെ പറയുന്നു. "നിങ്ങൾ ഇന്ന് സുഖഭോഗങ്ങളിൽ കഴിയുകയാണ്. ഇന്ന് സന്തോഷത്തിൽ പുകഴുകയാണ്." പ്രവാചകൻ കരഞ്ഞുകൊണ്ട് ജനത്തിന്റെ പാപം അവരെ ഓർമ്മപ്പെടുത്തുകയാണ്. അവരുടെ നിശ്ചിന്തയും അവരുടെ പാപഉല്ലാസങ്ങളും പ്രവാചകൻ ചൂണ്ടിക്കാണിക്കുന്നു. അവരുടെ അനീതിയും അവരുടെ അസാന്മാർഗ്ഗിക ജീവിതവും അവരുടെ വിഗ്രഹാരാധനയും പ്രവാചകൻ ചൂണ്ടിക്കാണിക്കുന്നു.

പ്രവാചകൻ അവിടെ സ്വൈരികളായി വസിക്കുന്നവരെ നിശിതമായി വിമർശിച്ചുകൊണ്ട് കർക്കശമായി അവരോട് സംസാരിക്കുന്നു. ആറാം അദ്ധ്യായത്തിൽ പറയുന്നു.

"സീയോനിൽ സ്വൈരികളായി, ശമര്യ്യാ പർവ്വതത്തിൽ നിർഭയരായി, ജാതികളിൽ പ്രധാനമായതിൽ ശ്രേഷ്ഠന്മാരായി, യിസ്രായേൽ ഗൃഹം വന്നു ചേരുന്നവരായുള്ളോരേ, നിങ്ങൾക്ക് അയ്യോ കഷ്ടം" എന്നാണ് പറയുന്നത്. ആമോസ് 6 : 1

"നിങ്ങൾക്ക് അയ്യോ കഷ്ടം" എന്ന് പ്രവാചകൻ പറയുകയാണ്. നിങ്ങൾ ന്യായത്തെ നഞ്ചായും നീതി ഫലത്തെ കാഞ്ഞിരമായും മാറ്റിയിരിക്കുന്നു. മാത്രമല്ല നിങ്ങൾ മിത്ഥ്യാവസ്തുവിൽ സന്തോഷിച്ചും കൊണ്ടു സ്വന്തശക്തിയാൽ ഞങ്ങൾ പ്രാബല്യം പ്രാപിച്ചിട്ടില്ലയോ എന്ന് പറയുന്നു.

ആമോസ് 6 : 12-13

പ്രവാചകൻ സങ്കടത്തോടെ കരഞ്ഞുകൊണ്ട് അവരുടെ പാപം അവരെ ഓർമ്മപ്പെടുത്തുന്നു. വേദപു

സ്തകം പഠിക്കുമ്പോൾ യിരെമ്യാ പ്രവാചകനെക്കുറിച്ചു പറയുന്നത്.'' "A lamenting Prophet" എന്നാണ്. ആമോസും കരയുന്ന പ്രവാചകനാണ്.

യിരെമ്യാ പ്രവാചകൻ കരയുന്ന പ്രവാചകനാണ്. പ്രവാചകന്മാർ എക്കാലത്തും ജനത്തിനുവരുന്ന നാശത്തെ ഓർത്തുകരഞ്ഞിട്ടുണ്ട്. പാപം മൂലം വരുന്ന കേടിനെ ഓർത്തുകരഞ്ഞിട്ടുണ്ട്. പാപം മൂലം വരുന്ന ശിക്ഷാവിധിയെ ഓർത്തുകരഞ്ഞിട്ടുണ്ട്. വരാൻ പോകുന്ന അനർത്ഥത്തെ കണ്ടു കരഞ്ഞിട്ടുണ്ട്.

പ്രവാചകന്മാർ വരാൻ പോകുന്ന അനർത്ഥത്തെ മുൻകൂട്ടികാണുമ്പോൾ അതിവേദനയോടെ പിടഞ്ഞു കരഞ്ഞിട്ടുണ്ട്. നാശം വരുന്നു എന്ന് വിളിച്ചു പറഞ്ഞിട്ടുണ്ട്.

> ''ഉറക്കെ വിളിക്ക; അടങ്ങിയിരിക്കരുത്; കാഹളം പോലെ നിന്റെ ശബ്ദം ഉയർത്തി, എന്റെ ജനത്തിന്നുഅവരുടെ ലംഘനത്തെയും യാക്കോബ് ഗൃഹത്തിന്നു അവരുടെ പാപങ്ങളെയും അറിയിക്ക.'' യെശയ്യാ 58 : 1

> ''മനുഷ്യപുത്രാ, ഞാൻ നിന്നെ യിസ്രായേൽ ഗൃഹത്തിന്നു കാവല്ക്കാരനാക്കിയിരിക്കുന്നു; നീ എന്റെ വായിൽ നിന്നു വചനം കേട്ടു എന്റെ നാമത്തിൽ അവരെ പ്രബോധിപ്പിക്കേണം.''
> യെഹ 3 : 17

''ഞാൻ നിന്നെ യിസ്രായേൽ ഗൃഹത്തിന്നു കാവല്ക്കാരനാക്കി വെച്ചിരിക്കുന്നു. നീ എന്റെ വായിൽ നിന്നു വചനം കേട്ടു എന്റെ നാമത്തിൽ അവരെ ഓ

ർമ്മപ്പെടുത്തേണം.'' യെഹെസ്കേൽ മുപ്പത്തിമൂന്നിന്റെ ഏഴിൽ നാം കാണുന്നു.

യെഹെസ്കേൽ മുപ്പത്തിമൂന്നിന്റെ രണ്ടുമുതൽ നാം വായിക്കുന്നത് ഇങ്ങനെയാണ്.

> "മനുഷ്യപുത്രാ, നീ നിന്റെ സ്വജാതിക്കാരോടു പ്രവചിച്ചു പറയേണ്ടതു. ഞാൻ ഒരു ദേശത്തിന്റെ നേരെവാൾ വരുത്തുമ്പോൾ ആദേശത്തിലെ ജനം തങ്ങളുടെ കൂട്ടത്തിൽ നിന്നു ഒരു പുരുഷനെ തിരഞ്ഞെടുത്തു കാവല്ക്കാരനാക്കി വെച്ചാൽ, ദേശത്തിന്റെ നേരെ വാൾ വരുന്നതു കണ്ടിട്ടു അവൻ കാഹളം ഊതി ജനത്തെ ഓർമ്മപ്പെടുത്തുമ്പോൾ ആരെങ്കിലും കാഹളനാദം കേട്ടു കരുതിക്കൊള്ളാതെ ഇരുന്നാൽ, വാൾ വന്നു അവനെ ഛേദിച്ചുകളയുന്നു എങ്കിൽ അവന്റെ രക്തം അവന്റെ തലമേൽ തന്നേ ഇരിക്കും. അവൻ കാഹളനാദം കേട്ടിട്ടു കരുതിക്കൊണ്ടില്ല; അവന്റെ രക്തം അവന്റെ മേൽ ഇരിക്കും, കരുതിക്കൊണ്ടിരുന്നുവെങ്കിൽ അവൻ തന്റെ പ്രാണനെ രക്ഷിക്കുമായിരുന്നു . എന്നാൽ കാവൽക്കാരൻ വാൾ വരുന്നതു കണ്ടു കാഹളം ഊതാതെയും ജനം കരുതിക്കൊള്ളാതെയും ഇരുന്നിട്ടു വാൾ വന്നു അവരുടെ ഇടയിൽ നിന്നു ഒരുത്തനെ ഛേദിച്ചു കളയുന്നു എങ്കിൽ,ഇവൻ തന്റെ അകൃത്യം നിമിത്തം ഛേദിക്കപ്പെട്ടുപോയി എങ്കിലും അവന്റെ രക്തം ഞാൻ കാവൽക്കാരനോടു ചോദിക്കും."
>
> യെഹ 33 : 2-6

യിരെമ്യാവ് കരയുന്ന പ്രവാചകനായിരുന്നു, യെഹെസ്കേൽ കരഞ്ഞുകൊണ്ട് പ്രവചിച്ചു. പ്രവാചകന്മാർ ജനത്തിനുവരുന്ന നാശത്തെ ഓർത്തു കരഞ്ഞുകൊണ്ടു

പ്രവചിച്ചവരാണ്. ഇവിടെ ഇതാ ആമോസും കരയുകയാണ്.

A Message of lamentation - കരച്ചിലിന്റെ ദൂതാണ് പ്രവാചകൻ നൽകുന്നത്. കരയാനുള്ള ദൂതാണ്, പ്രവാചകൻ നൽകുന്നത്. ജനം പറയുകയാണ്, ഇതാ ദൈവത്തിന്റെ ദിവസം വരുമ്പോൾ ദൈവം നമ്മെ വിടുവിക്കും. അഞ്ചാം അദ്ധ്യായം പതിനെട്ടും ഇരുപതും വാക്യങ്ങൾ വായിക്കുമ്പോൾ നാം അങ്ങനെയാണ് കാണുന്നത്. “യഹോവയുടെ ദിവസം വരുമ്പോൾ ദൈവം നമ്മെ വിടുവിച്ചുകൊള്ളും” എന്ന്; ദൈവം നമ്മെ രക്ഷിച്ചു കൊള്ളുമെന്ന് അവർ സമാധാനത്തോടെ പറയുകയാണ്.

അഞ്ചാം അദ്ധ്യായത്തിന്റെ പതിനെട്ടാം വാക്യം മുതൽ അങ്ങനെയാണ് കാണുന്നത്. തീർച്ചയായും ദൈവം നമ്മെ സഹായിക്കാതെ ഇരിക്കുകയില്ല. തീർച്ചയായും ദൈവം നമ്മെ രക്ഷിക്കാതെ ഇരിക്കുകയില്ല. എന്നാൽ ആ ജനത്തോട് പ്രവാചകൻ പറയുന്നു, “നിങ്ങൾക്ക് യഹോവയുടെ ദിവസം വരുമ്പോൾ അതു നിങ്ങൾക്ക് ന്യായവിധിയുടെ ദിവസമായിരിക്കും” എന്ന്. അതു നിങ്ങൾക്ക് അനർത്ഥത്തിന്റെ ദിവസമായിരിക്കുമെന്ന്.

അനേകം ക്രിസ്തീയ വിശ്വാസികൾ ഇന്ന് സമാധാനമായി ജീവിക്കുന്നു, സന്തോഷമായി ജീവിക്കുന്നു, അനർത്ഥം വരുന്നു എന്ന് അറിയുന്നില്ല. ഇന്ന് ഈ വാക്കുകളെ നിങ്ങൾ വായിക്കുമ്പോൾ നിങ്ങൾ ഒന്നിനെക്കുറിച്ചും വ്യർത്ഥമായി സമാധാനപ്പെടാതെ ദൈവം നിങ്ങൾക്ക് അനുകൂലമാകേണ്ടതിന്നു നിങ്ങളെത്തന്നെ ഒരുക്കുവിൻ, പാപത്തെ വിട്ടുതിരിയുവിൻ, പാപത്തോടു യാത്ര പറയുവിൻ, പാപമില്ലാത്ത ജീവിതം തുടങ്ങുവിൻ, ക്രിസ്തുവിന്റെ രക്തത്താലുള്ള വീണ്ടെടുപ്പ് അനുഭവിപ്പിൻ, പാപച്ചെളിയിൽ നിന്ന് കരേറുവിൻ, പാപത്തിന്റെ അഴുക്കു ചാലുകളിൽ

നിന്ന് രക്ഷപ്പെട്ടുകൊള്ളുവിൻ, കർത്താവായ യേശു വിനെ രക്ഷകനായി സ്വീകരിപ്പിൻ, യേശുവിനോടു വാക്കു പറയുവിൻ.

യേശുവേ, ഇന്നുമുതൽ ഞാൻ നിന്റെ വക, എന്റെ നാഥാ ഇന്നുമുതൽ ഞാൻ നിന്റെ അടിമയായി ജീ വിക്കും. ദൈവത്തിന്റെ വലിയ നാമം മഹത്വപ്പെടു മാറാകട്ടെ.

## പതിനൊന്ന്

അപ്പോൾ ഞാൻ എന്റെ ജനമായ യിസ്രായേലിന്റെ പ്രവാസികളെ മടക്കി വരുത്തും; ശൂന്യമായി പോയിരുന്ന പട്ടണങ്ങളെ അവർ പണിതു പാർക്കയും മുന്തിരിത്തോട്ടങ്ങൾ ഉണ്ടാക്കി അവയിലെ വീഞ്ഞു കുടിക്കയും തോട്ടങ്ങൾ ഉണ്ടാക്കി അവയിലെ ഫലം അനുഭവിക്കയും ചെയ്യും. ഞാൻ അവരെ അവരുടെ ദേശത്തു നടും; ഞാൻ അവർക്കു കൊടുത്തിരിക്കുന്ന ദേശത്തു നിന്നു അവരെ ഇനി പറിച്ചുകളയുകയുമില്ല എന്നു നിന്റെ ദൈവമായ യഹോവ അരുളിച്ചെയ്യുന്നു.

ആമോസ് 9 : 14-15

പ്രവാചകൻ ആദ്യത്തെ രണ്ട് അദ്ധ്യായങ്ങളിൽ looking around - ചുറ്റും നോക്കി കണ്ടു. അടുത്ത് - മൂന്ന്, നാല്, അഞ്ച്, ആറ് - 4 അദ്ധ്യായങ്ങളിൽ looking with in - അകത്തേക്കു നോക്കി കാണാൻ പ്രബോധിപ്പിച്ചു. തങ്ങളിലേക്കുതന്നെ ഹൃദയത്തിലേക്ക് നോക്കി കാണുവാൻ പ്രബോധിപ്പിച്ചു.

വീണ്ടും ഏഴ്, എട്ട്, ഒൻപത് അദ്ധ്യായങ്ങളിൽ looking

ahead, he looks ahead - ഭാവി നോക്കി കാണുകയാണ്. എന്താണ് ഭാവി? മനം തിരിയുന്നു എങ്കിൽ നിങ്ങൾക്ക് ഈ ഭാവി ലഭിക്കും എന്ന് ദൈവം വാഗ്ദത്തം നൽകുകയാണ്. എന്താണ് ലഭിക്കുന്ന ഭാവി?

"അപ്പോൾ ഞാൻ എന്റെ ജനമായ യിസ്രായേലിന്റെ പ്രവാസികളെ മടക്കി വരുത്തും; ശൂന്യമായിപ്പോയിരുന്ന പട്ടണങ്ങളെ അവർ പണിതു പാർക്കയും മുന്തിരിത്തോട്ട ങ്ങളുണ്ടാക്കി അവയിലെ വീഞ്ഞു കുടിക്കയും തോട്ടങ്ങൾ ഉണ്ടാക്കി അവയിലെ ഫലം അനുഭവിക്കയും ചെയ്യും. ഞാൻ അവരെ അവരുടെ ദേശത്തു നടും; ഞാൻ അവർക്കു കൊടുത്തിരിക്കുന്ന ദേശത്തുനിന്നു അവരെ ഇനി പറിച്ചു കളകയുമില്ല. എന്നു നിന്റെ ദൈവമായ യഹോവ അരുളിച്ചെയ്യുന്നു."

സ്നേഹിതരെ, ആശ്വാസത്തിന്റെ ദൂതാണ് ദൈവം തരുന്നത്. ഭാവിയിലേക്കു നോക്കുമ്പോൾ പ്രത്യാശയ്ക്കു വകയുണ്ടെന്ന് കർത്താവ് പറയുന്നു. മനം തിരിഞ്ഞാൽ അനുഗ്രഹമുണ്ട് എന്ന് പറയുന്നു. മാനസാന്തരപ്പെട്ടാൽ രക്ഷയുണ്ട് എന്നു പറയുന്നു. പാപത്തെ വെറുത്തു ഉപേക്ഷിച്ച് ക്രിസ്തുവിനെ സ്വീകരിച്ചാൽ ഇനിയും നല്ല കാലങ്ങൾ കിട്ടും എന്നു പറയുന്നു. ആനന്ദവും ഐശ്വര്യവുമു ള്ളതായ സന്തോഷത്തിന്റെ സൗഭാഗ്യ കാലങ്ങൾ ഇനിയും ലഭിക്കുമെന്നത്രെ യഹോവയായ ദൈവത്തിന്റെ അരുളപ്പാട്.

> "നമുക്കുള്ള മഹാപുരോഹിതൻ നമ്മുടെ ബലഹീനതകളിൽ സഹതാപം കാണിപ്പാൻ കഴിയാത്തവനല്ല; പാപം ഒഴികെ സർവ്വത്തിലും നമുക്കുതുല്യമായി പരീക്ഷിക്കപ്പെട്ടവനത്രേ

നമുക്കുള്ളത്. അതുകൊണ്ട് കരുണ ലഭിപ്പാനും തത്സമയത്തു സഹായത്തിനുള്ള കൃപ പ്രാപിപ്പാനുമായി നാം ധൈര്യത്തോടെ കൃപാസനത്തിനു അടുത്തുചെല്ലുക.'' എന്ന് ജീവനുള്ള ദൈവം അരുളി ചെയ്യുന്നു.

എബ്രാ 4 : 15-16

''താൻ തന്നേ പരീക്ഷിതനായി കഷ്ടമനുഭവിച്ചിരിക്കയാൽ പരീക്ഷിക്കപ്പെടുന്നവർക്ക് സഹായിക്കാൻ കഴിവുള്ള വനാകുന്നു.''

എബ്രാ 2 : 18

സഹായിപ്പാൻ കഴിവുള്ള ഒരു ദൈവം; കരുണതോന്നുന്ന ദൈവം, മനംതിരിഞ്ഞുവരുന്ന വരെ സ്വീകരിക്കുന്ന ദൈവം. പന്നിക്കൂട്ടത്തിൽ നിന്നു തിരിഞ്ഞു അപ്പന്റെ വീട്ടിൽ മടങ്ങി എത്തുന്ന ആ മുടിയൻ പുത്രനെ ഉമ്മവച്ച് ആലിംഗനം ചെയ്തു വിരുന്നു മേശയിലേക്ക് ആനയിക്കുന്ന നിത്യ പിതാവ്.

സ്നേഹവാനായ ദൈവം, അനുതപിക്കുന്ന പാപിയെ സ്വീകരിക്കുന്ന ദൈവം. അനുതാപക്കാരുടെ മുൻപിൽ വാതിൽ തുറക്കുന്ന രാജാവായ ദൈവം. അനുതപിക്കുന്ന പാപിയെ വീണ്ടെടുക്കുകയും ആനന്ദ ഐശ്വര്യങ്ങളെഴുന്ന മാസങ്ങളും അബ്ദങ്ങളും നൽകുകയും ചെയ്യുന്ന ദൈവം.

ഇന്ന് നിങ്ങൾ ഈ വാക്കുകളെ വായിക്കുമ്പോൾ നിങ്ങൾ സത്യ അനുതാപത്തോടെ ദൈവത്തിന്റെ കൃപയിലേക്ക് വരുമോ? സത്യ അനുതാപത്തോടെ കർത്താവിന്റെ കരുണക്കായി നിങ്ങൾ വാഞ്ഛിക്കുമോ? കർത്താവേ, മനസ്സലിയേണമേ. എന്റെ പാപപ്രകൃതി മാറ്റിത്തരേണമേ. എന്റെ രക്തത്തിൽ അലിഞ്ഞുകിടക്കുന്ന പാപസ്വഭാവങ്ങൾ

മാറ്റണമേ. എന്റെ പ്രകൃതിയിലും എന്റെ സ്വഭാവത്തിലും ലയിച്ചുകിടക്കുന്ന പാപപ്രവണതകൾ മാറ്റണമേ. നിന്റെ തിരുരക്തത്തിന്റെ അത്ഭുത ശക്തിയാൽ എന്നെ നീ ഒന്നു രൂപാന്തരപ്പെടുത്ത ണമേ. ദൈവ ജനമേ, നിങ്ങൾ പ്രാർത്ഥിക്കുമോ?

നിങ്ങൾ പുതിയ സമാധാനത്തിന്റെ സമൃദ്ധിയിലേക്ക്, നല്ല കാലങ്ങളിലേക്കു വരുവാൻ ഇപ്പോൾ ഒന്നു തിരിയുമോ? വിവാഹശുശ്രൂഷയിൽ മനോഹരമായ ഒരു ഗീതമുണ്ട്. അത് പിതാക്കന്മാർ പറഞ്ഞ, പിതാക്കന്മാർ പാടിയ, പിതാക്കന്മാർ ധ്യാനിച്ച, പിതാക്കന്മാർ വിഭാവനം ചെയ്ത അതിമധുരമായ, സുന്ദരമായ, ഹൃദ്യമായ ഒരു ഗീതത്തിന്റെ ഭാഗമാണ്. അതു ഇങ്ങനെയാണ് പാടുന്നത്.

"നാളും മാസവുമാണ്ടുംഞാൻ -
പാപപ്പാഴിരുളിൽ പോക്കി,
നിൻ ജീവദ്ധ്വനികേട്ടപ്പോൾ -
കണ്ണുതെളിഞ്ഞാനന്ദിച്ചേൻ"

നാളുകളല്ല കർത്താവേ, മാസങ്ങളുമല്ല കർത്താവേ, ആണ്ടുകൾ ഞാൻ പാപത്തിന്റെ പാഴിരുളിൽ പോക്കിപ്പോയി കർത്താവേ കൂരിരുട്ടിൽ ഞാൻ അടിഞ്ഞുപോയി കർത്താവേ, അന്ധകാരത്തിൽ ഞാൻ വീണുപോയി കർത്താവേ, പാപച്ചെളിയിൽഞാൻ വീണുപോയി. കുറച്ചല്ല ഏറെഏറെ നാളുകൾ നാളുകളും മാസങ്ങളും ആണ്ടുകളും ഞാൻ പാപത്തിന്റെ പാഴിരുളിൽ പോക്കിപ്പോയി. എന്നാലോ നാഥാ നിന്റെ ജീവദ്ധ്വനി ഞാൻ കേട്ടു. അപ്പോൾ എന്റെ കണ്ണു തെളിഞ്ഞു. അപ്പോൾ ഞാൻ ആനന്ദിച്ചു. അശുദ്ധിയുടെ പഴയകാലങ്ങൾ ദൈവം തേച്ചുമാച്ചു കളഞ്ഞു. തിന്മയുടേയും, അഴുക്കിന്റേയും, കോപത്തിന്റേയും, കലിയുടേയും, ക്രോധത്തിന്റേയും, ദേഷ്യത്തിന്റേയും, വൈരാഗ്യത്തി

ന്റേയും, പകയുടേയും വിദ്വേഷത്തിന്റേയും, കലഹത്തിന്റേയും, പിണക്കത്തിന്റേയും, പ്രതികാര ചിന്തയുടേയും കഴിഞ്ഞ കാലങ്ങൾ മായിച്ചുകളഞ്ഞു.

ദ്രവ്യാഗ്രഹത്തിന്റേയും നിഷ്ഠൂരതയുടേയും ക്രൗര്യത്തിന്റേയും കുത്സിതമാർഗ്ഗങ്ങളുടേയും എല്ലാ വക്രമാർഗ്ഗങ്ങളേയും ജീവനുള്ള ദൈവം എന്നിൽ നിന്നു മാറ്റിത്തന്നു. എന്നെ ദൈവം നേർവഴിയിലൂടെ നടത്തി. നാളും മാസവും ആണ്ടും പാപത്തിന്റെ പാഴിരുളിൽ ഞാൻ പോക്കി എങ്കിലും എന്റെ കർത്താവേ നിന്റെ ജീവദ്ധ്വനി ഞാൻ കേട്ടപ്പോൾ എന്റെ കണ്ണു തെളിഞ്ഞല്ലോ; ഞാൻ ആനന്ദിച്ചല്ലോ എന്നാണ് ദൈവദാസൻ പാടുന്നത്, ദൈവദാസി പാടുന്നത്, ദൈവ പൈതൽ പാടുന്നത്, ഈ അനുഭവമാണ് നമുക്കുവേണ്ടത്.

നമുക്ക് നല്ലൊരു ശോഭനമായ ഭാവിതരാമെന്ന് ഭാവിയിലേക്ക് നോക്കികൊണ്ട് ദൈവം പറയുന്നു. ആമോസ് ഒൻപതിന്റെ ഒടുവിലത്തെ വാക്യങ്ങൾ:

> ''അപ്പോൾ ഞാൻ എന്റെ ജനമായ യിസ്രായേലിന്റെ പ്രവാസികളെ മടക്കിവരുത്തും. ശൂന്യമായിരുന്ന പട്ടണങ്ങളെ അവർ പണിതു പാർക്കയും മുന്തിരിത്തോട്ടങ്ങൾ ഉണ്ടാക്കി അവയിലെ വീഞ്ഞു കുടിക്കയും തോട്ടങ്ങൾ ഉണ്ടാക്കി അവയിലെ ഫലം അനുഭവിക്കയും ചെയ്യും. ഞാൻ അവരെ അവരുടെ ദേശത്തുനടും. ഞാൻ അവർക്ക് കൊടുത്തിരിക്കുന്ന ദേശത്തു നിന്നും അവരെ ഇനി പറിച്ചുകളകയുമില്ല എന്ന് നിന്റെ ദൈവമായ യഹോവ അരുളിചെയ്യുന്നു.
>
> ആമോസ് 9 : 14-15

പ്രവാസത്തിലേക്കുപോയ ജനം മടങ്ങിവരും. അശ്ശൂർ

പിടിച്ചുകൊണ്ടുപോയ ജനം യിസ്രായേൽ ദേശത്തേക്ക് മടങ്ങിവരും. അസ്സീറിയൻ സാമ്രാജ്യത്തിലെ ഭീകരന്മാരായ സൈന്യസന്നാഹങ്ങൾ അപഹരിച്ചു കൊണ്ടുപോയ ജനം, ആക്രമിച്ചു കീഴടക്കി പിടിച്ചു കൊണ്ടുപോയ ജനം, മടങ്ങിവരും എന്നത്രേ ദൈവത്തിന്റെ അരുളപ്പാട്. മടങ്ങിവരും, അവരെ ഞാൻ അവരുടെ സ്വന്തദേശത്തു നടും എന്ന്.

എന്തോരാശ്വാസകരമായ കാര്യം. പൈശാചിക പ്രകൃതിയുടെ ബന്ധനത്തിൽ നിന്ന് മോചിപ്പിക്കു മെന്നുള്ള ദൈവീക വാഗ്ദത്തം.

ദൈവപൈതലേ, നീ ഇന്ന് സാത്താന്റെ ബന്ധന ത്തിലാണെന്ന് അറിയുന്നുണ്ടോ? നിന്റെ ജീവിത ത്തിൽ പൈശാചികൻ അവകാശം പറയുന്നു എന്ന് നീ അറിയുന്നണ്ടോ? നിന്റെ പാപം കൊണ്ടാണ് സാത്താ ൻ നിന്നെ കെട്ടിയിട്ടത് എന്ന് നീ അറിയുന്നുണ്ടോ? നിന്റെ പാപമാണ് നിന്നെ കെട്ടുവാനുള്ള ചങ്ങലയായി പിശാചിനുകിട്ടിയതു എന്നു നീ അറിയുന്നുണ്ടോ?

സാത്താൻ നിന്നെ ബന്ധിച്ചു. അവനു ബന്ധിക്കു വാനുള്ള ചങ്ങല നീ തന്നെ കൊടുത്തു, നിന്റെ പാ പം, നിന്റെ മദ്യപാനാസക്തി, നിന്റെ കോപസ്വഭാ വം, നിന്റെ കലഹപ്രകൃതി, മകനേ നിന്റെ വ്യവഹാര ത്തിനുള്ള താത്പര്യം, ഇണക്കമില്ലാത്ത സ്വഭാവം, പരുക്കൻ പ്രകൃതി, എപ്പോഴും കോപിക്കുന്ന പ്രകൃതം, ആരോടും വൈരാഗ്യപ്പെടുന്ന സ്വഭാവം, എപ്പോഴും അഹങ്കാരഭാവം, ഞാൻ മതി, ഞാനാണ് ഏറ്റവും മുമ്പനെന്നുള്ള നിന്റെ സ്ഥാനമോഹം, നിന്റെ വലിപ്പം, നിന്റെ സ്വന്തമായ ഉയർച്ചയ്ക്കുവേണ്ടിയുള്ള ആഗ്രഹം, സ്വയമഹത്വം,

സ്വയപ്രശംസ, നിന്റെ സ്വാർത്ഥത, നിന്റെ ദ്രവ്യാഗ്രഹം, നിന്റെ മ്ലേച്ഛ മോഹം.

ദൈവപൈതലേ, നിന്റെ നിഗളസ്വഭാവം, ''ദൈവം നിഗളികളോട് എതിർത്തുനില്ക്കുന്നു'' എന്ന വചനം നിനക്കറിയാമെങ്കിലും നിന്നോട് ദൈവം എതിർത്തു നില്ക്കുന്നു എന്നറിയാതെ നീ ഇന്ന് തന്നെത്തന്നെ നശിപ്പിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ നിനക്ക് ശോഭനമായ ഭാവി ഉണ്ടെന്ന് നിത്യനായ ദൈവം അരുളിച്ചെയ്യുന്നു.

ഇപ്പോൾ നിന്റെ കണ്ണുതെളിയട്ടെ. ആനന്ദം കൈവരട്ടെ. നിന്റെ ദേശത്തു നടുവാൻ, പൈശാചികന്റെ ബന്ധനം അഴിച്ചു നിന്നെ കൊണ്ടുവരുവാൻ, ദൈവം ശക്തനാണെന്ന് നീ വിശ്വസി പ്പിൻ.

മിസ്രയീമിലെ ഫറവോന്റെ അടിമത്വത്തിൽനിന്നു വിടർത്തപ്പെട്ടുവന്ന ജനം, പാലും തേനും ഒഴുകുന്ന കനാൻ ദേശത്തേക്കു യാത്ര ചെയ്തതുപോലെ, ഇന്ന് ഈ വാക്കുകളെ വായിക്കുന്നവർക്ക് ഫറവോന്റെ അടിമത്വത്തിൽ നിന്ന് മോചനം വേണം എന്ന ആർത്തിയുണ്ടാകട്ടെ.

''ഫറവോനു ഞാനിനി അടിമയല്ല. പരമസീയോനിൽ ഞാനന്യനല്ല'' എന്നു പാടിക്കൊണ്ട് പുതിയ പാതയിലൂടെ മുന്നേറാൻ ആർക്ക് ആഗ്രഹമുണ്ട്? മരുഭൂമിയിലെ മണൽക്കാടുകളിലൂടെ നീങ്ങുവാൻ ആർക്കു താത്പര്യമുണ്ട്? വഴിയില്ലാത്ത മരുഭൂമിയിൽ, വഴിയില്ലാത്ത മണലാരണ്യത്തിൽ, ഉഷ്ണക്കാറ്റ് ഏറ്റുകൊണ്ട് ഈ ചുട്ടുപഴുത്ത മരുഭൂമിയിലൂടെ നടന്നു നീങ്ങാൻ ആർക്ക് ആഗ്രഹമുണ്ട്?

മോഹനമായ, പാലും തേനും ഒഴുകുന്ന കനാൻ ദേശം ഉള്ളിൽ കണ്ടുകൊണ്ട്, വിഭാവനം ചെയ്തു

കൊണ്ട്, ധ്യാനിച്ചുകൊണ്ട്, സന്തോഷത്തിന്റെ പ്രസരിപ്പോടെ ദൈവത്തിനു മഹത്വം കരേറ്റിക്കൊണ്ട് കുഞ്ഞാടിന്റെ വിലയേറിയ രക്തത്താൽ വീണ്ടെടുക്കപ്പെട്ടു എന്ന് പാടിക്കൊണ്ട്, "സംഹാരദൂതനെന്നെ കടന്നുപോയി" എന്ന് ആർത്തുപാടിക്കൊണ്ട്, ഫറവോനു ഞാനിനി അടിമയല്ല" എന്നു പ്രഘോഷിച്ചുകൊണ്ടു നീങ്ങാൻ ആർക്കെല്ലാം താത്പര്യമുണ്ട് ?

ദൈവജനമേ, കാരുണ്യവാനായ ദൈവം നിങ്ങൾക്ക് അവസരം തരികയാണ്. നിങ്ങൾ മനം തിരിയുവിൻ എന്ന് ആമോസ് പറയുന്നു. ന്യായവിധി നിങ്ങൾക്ക് ഒഴിവാക്കി തരുമെന്ന് ആമോസ് പ്രവചിക്കുന്നു. നിങ്ങൾക്ക് നല്ലകാലം ഇനിയും വരുമെന്ന്. ഇനിയും നിങ്ങളെ ദേശത്ത് നടും എന്ന്. നിങ്ങളുടെ പ്രവാസം ദൈവം മാറ്റുമെന്ന്. ശത്രുവിന്റെ കൈകളിൽ നിന്ന് നിങ്ങൾക്ക് മോചനം പ്രാപിക്കാമെന്ന്.

അശ്ശൂർ നിങ്ങളെ പിടിച്ചുകൊണ്ടുപോയെങ്കിലും അശൂര്യരുടെ, അസ്സീറിയൻ സാമ്രാജ്യത്തിന്റെ ഉരുക്കുമുഷ്ടിയിൽ നിന്നു നിങ്ങൾക്ക് മോചനം കിട്ടുമെന്ന് ദൈവം വാഗ്ദത്തം തരികയാണ്.

മകളേ, നിന്റെ കുടുംബത്തിൽ ഇനിയും സമാധാനം കിട്ടും, നല്ലകാലം ഇനിയും വരും. മകനേ, നിന്റെ കടം മാറും, നിന്റെ രോഗം മാറും, നിന്റെ കുടുംബത്തിലെ പ്രതിസന്ധി മാറും, നിന്റെ ജീവിതത്തിന്റെ പ്രയാസങ്ങൾ മാറും. പാർട്ട്നർ നിന്നെ ചതിച്ചു. നിന്റെ ബിസ്സിനസ്സിന്റെ പങ്കാളി നിനക്കു നഷ്ടം വരുത്തി. കൊടിയ നഷ്ടം വന്നു, വലിയ കടം വന്നു, നീ ഇന്നു ഭാരത്തോടെ കേഴുകയാണ്. ഭാവി ഇരുളടഞ്ഞു എന്നു നീ ധരിച്ചിരിക്കുകയാണ്.

മാനൃദൈവപൈതലേ, ദൈവം നിന്നെ മറന്നിട്ടില്ല. ദൈവം നിന്നെ ഉപേക്ഷിച്ചിട്ടില്ല. ദൈവം നിനക്ക് പുതിയ നല്ല വസന്തകാലങ്ങൾ തരാമെന്ന് പറയുകയാണ്. ആനന്ദവും ഐശ്വര്യവുമുള്ളതായ പുതിയ വസന്തത്തിന്റെ നല്ല കാലങ്ങളിലേക്ക് ദൈവം നിന്നെ നടത്താമെന്ന് അവിടുന്നു വാഗ്ദത്തം ചെയ്യുകയാണ്.

ഒന്നേ വേണ്ടു. നിനക്കുവേണ്ടി ക്രൂശിൽ മരിച്ച രക്ഷകനെ ഇപ്പോൾ നിന്റെ ഹൃദയത്തിലേക്കു നീ സ്വീകരിക്കുക. യേശുക്രിസ്തു ക്രൂശിൽ മരിച്ചു. യേശു ക്രിസ്തു ഉയർത്തെഴുന്നേറ്റു. കർത്താവേ, എന്റെ പഴയ മനുഷ്യൻ ഇതാ മരിക്കുന്നു. ഞാൻ ഇതാ കുഴിച്ചിടപ്പെടുന്നു. ഇന്നുമുതൽ ഞാൻ ഒരു പുതിയ മനുഷ്യനായി ഉയർത്തെഴുന്നേറ്റ്, ഒരു പുതിയ സൃഷ്ടിയായി ജീവിക്കും.

പഴയ മനുഷ്യൻ മരിച്ചു, പഴയ ലോകം മരിച്ചു. പഴയ ജഡം മരിച്ചു, പഴയ സ്വയം മരിച്ചു. ഇതാ ക്രിസ്തുവിൽ ഒരു പുതിയ മനുഷ്യൻ ഉയർത്തെഴുന്നേറ്റിരിക്കുന്നു. ക്രിസ്തു ഉയർത്തെഴുന്നേറ്റതുപോലെ ജീവന്റെ പുതുക്കത്തിൽ ഒരു പുതിയ മനുഷ്യൻ നടക്കുന്നു. ഈ ദാഹം നിനക്കുണ്ടാകട്ടെ. വരുവിൻ യേശുവിന്റെ പാദത്തിലേക്ക്, വരുവിൻ കുരിശിന്റെ ചുവട്ടടിയിലേക്ക്, വരുവിൻ നിത്യനായ ദൈവത്തിന്റെ ചിറകിന്റെ തണലിലേക്ക്, ഓടിവരുവിൻ രക്ഷാസങ്കേതത്തിലേക്ക്, അടുത്തു വരുവിൻ, സമാധാനം പ്രാപിപ്പിൻ. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ, ദൈവത്തിന്റെ വലിയ നാമം മഹത്വപ്പെടട്ടെ.

## പന്ത്രണ്ട്

"യഹോവയായ കർത്താവു എനിക്കു കാണിച്ചുതന്ന തെന്തെന്നാൽ: പുല്ലു് രണ്ടാമതു മുളെച്ചു തുടങ്ങിയപ്പോൾ അവൻ വിട്ടിലുകളെ നിർമ്മിച്ചു: അതു രാജാവിന്റെ വക പുല്ലു് അരിഞ്ഞശേഷം മുളച്ച രണ്ടാമത്തെ പുല്ലു് ആയിരുന്നു. എന്നാൽ അവ ദേശത്തിലെ സസ്യം തിന്നു തീർന്നപ്പോൾ ഞാൻ: യഹോവയായ കർത്താവേ,ക്ഷമിക്കേണമേ; യാക്കോബ് ഏങ്ങനെ നിവിർന്നുനില്ക്കും? അവൻ ചെറിയവനല്ലോ എന്നു പറഞ്ഞു. യഹോവ അതിനെക്കുറിച്ചു അനുതപിച്ചു: അതു സംഭവിക്കയില്ല എന്നു യഹോവ അരുളിചെയ്തു." ആമോസ് 7 : 1–3

ആമോസ് പ്രവാചകന്റെ പുസ്തകം പാപത്തിന്റെ മേലുള്ള ന്യായവിധിയെ കുറിക്കുന്ന പുസ്തകമാണ് എന്ന് പറഞ്ഞല്ലോ. പാപത്തിന്നു ശിക്ഷയുണ്ട്, പാപത്തിന്റെ മേൽ ന്യായവിധിയുണ്ട്.

ആമോസ് പ്രവാചകന്റെ പുസ്തകത്തിൽ ഏഴും ഏട്ടും ഒൻപതും അദ്ധ്യായങ്ങളിലായി ആമോസ് പ്രവാചകനുണ്ടായ ആറു ദർശനങ്ങൾ നാം വായിക്കുന്നുണ്ട്. ആദ്ധ്യാത്മികമായ ഗൌരവമേറിയ പാഠങ്ങൾ നൽകുന്നവയാണ് ഓരോ

ദർശനവും. അതിൽ ഒന്നാമത്തെ ദർശനമാണ് നാം വായിക്കുന്നത്: വിട്ടിലുകളുടെ ദർശനം.

> ‘‘യഹോവയായ കർത്താവ് എനിക്കു കാണിച്ചുതന്നത് എന്തെന്നാൽ: പുല്ലു് രണ്ടാമതു മുളെച്ചു തുടങ്ങിയപ്പോൾ അവൻ വിട്ടിലുകളെ നിർമ്മിച്ചു: അതു രാജാവിന്റെ വക പുല്ലു അരിഞ്ഞശേഷം മുളെച്ച രണ്ടാമത്തെ പുല്ലു് ആയിരുന്നു. എന്നാൽ അവ ദേശത്തിലെ സസ്യം തിന്നുതീർന്നപ്പോൾ ഞാൻ യഹോവയായ കർത്താവെ, ക്ഷമിക്കണമേ; യാക്കോബ് ഏങ്ങനെ നിവിർന്നുനില്ക്കും? അവൻ ചെറിയവനല്ലോ എന്നു പറഞ്ഞു. യഹോവ അതിനെക്കുറിച്ചു അനുതപിച്ചു; അതു സംഭവിക്കയില്ല എന്നു യഹോവ അരുളിചെയ്തു.’’ ആമോസ് 7 : 1-3

വിട്ടിലുകളെ ആമോസ് പ്രവാചകൻ ദർശനത്തിൽ കാണുകയാണ്. വിട്ടിലുകൾ പച്ചയായ സസ്യങ്ങളെ തിന്നൊടുക്കുന്ന ക്ഷുദ്രജീവികളാണ്. പുല്ല് രണ്ടാമതു മുളച്ചു തുടങ്ങി എന്നാണു നാം കാണുന്നത്.

രാജാവിന്റെ വക പുല്ലു് അരിഞ്ഞും കരിഞ്ഞും പോയിരുന്നു. പക്ഷേ പിന്നീട് വീണ്ടും മുളെച്ചു. മനുഷ്യന്റെ ജീവിതത്തിൽ നാശവും നഷ്ടവും വന്നിട്ട് വീണ്ടും കിളിർത്തു തുടങ്ങിയപ്പോൾ വരുന്ന പുതിയ കിളിർപ്പുകളെ വീണ്ടും നാശം അഭിമുഖികരിക്കുന്നതാണ്, നേരിടുന്നതാണ് നാം ഇവിടെ കാണുന്ന ദർശനത്തിന്റെ അർത്ഥം.

നാശവും അപകടവും അത്യാഹിതവും മുടിവും ജീവിതത്തിൽ ഉണ്ടാകുമ്പോൾ മനുഷ്യൻ അനുതപിക്കുന്നു. മനുഷ്യൻ ദൈവസന്നിധിയിലേക്ക് മനം തിരിഞ്ഞു വരുന്നു. ദൈവം ക്ഷമിക്കുന്നു. എന്നാൽ പിന്നേയും മനുഷ്യൻ പാപത്തിലേക്ക് തിരിയുന്നു.

പുല്ല് രണ്ടാമത് മുളച്ചുതുടങ്ങി പക്ഷേ വിട്ടിലുകൾ വന്നു അവ മുഴുവനും നശിപ്പിച്ചു കളഞ്ഞു. രാജാവിന്റെ വക പുല്ല് അരിഞ്ഞ ശേഷം മുളച്ച രണ്ടാമത്തെ പുല്ല് വിട്ടിലുകൾ നശിപ്പിച്ചു എന്നാണ് നാം ഈ ഒന്നാമത്തെ ദർശനത്തിൽ കാണുന്നത്.

ദൈവജനമേ, മനുഷ്യൻ പാപം ചെയ്യുമ്പോൾ സ്വാഭാവികമായും മനുഷ്യൻ ശിക്ഷയെ നേരിടുകയാണ്, അനർത്ഥത്തെ നേരിടുകയാണ്. അത്യാഹിതത്തെ നേരിടുകയാണ്. ശിക്ഷിക്കുമ്പോൾ ദൈവം തന്റെ കരം മാറ്റുകയല്ല, നേരെ മറിച്ചു മനുഷ്യനിൽ അവകാശം പറയുന്ന പൈശാചികൻ മനുഷ്യനെ പന്താടുകയാണ്.

വിട്ടിലുകൾ പൈശാചിക സൈന്യത്തിന്റെ പ്രതീകമാണ്, നാശത്തിന്റെ പ്രതിരൂപമാണ്. **symbol of distruction**

“നാശത്തിന്റെ പ്രതീകം”

വിട്ടിലുകൾ, മുളച്ചു വരുന്ന പുല്ലിനെ നക്കിത്തിന്നു തീർക്കുന്നപോലെ വളർന്നുവരുന്ന മനുഷ്യസമൂഹത്തെ നശിപ്പിക്കുന്ന ഭീകരനായ പൈശാചികന്റെ ദുരാത്മ സഞ്ചയത്തെയാണ് ഈ വിട്ടിലുകൾ സൂചിപ്പിക്കുന്നത്.

മനുഷ്യൻ പാപം ചെയ്യുമ്പോൾ പിശാച് അവകാശം പറയുന്നു. പാപം ചെയ്യുന്ന മനുഷ്യനിൽ പിശാച് അധികാരം പ്രയോഗിക്കുന്നു. പാപത്തിന്റെ അധിപതിയായ പിശാച് മനുഷ്യനെ കെണിയിൽ കുടുക്കുന്നു, മനുഷ്യനെ പന്താടുന്നു. മനുഷ്യനെ പാവ കളിപ്പിക്കുന്നു.

കോപിപ്പിക്കുന്നത് ആരാണ്? പിശാചാണ്. വഴക്കടിപ്പിക്കുവാൻ ഉദ്യമിക്കുന്നത് ആരാണ്? പിശാചാണ്. വീട്ടിൽ കലഹമുണ്ടാക്കുന്നത് ആരാണ്? പിശാചാണ്. മദ്യപാനത്തിനുള്ള ആസക്തി ഉളവാക്കുന്നത് ആരാണ്? അതും പിശാചു തന്നെ . അശുദ്ധമോഹങ്ങളിലും മ്ലേഛവികാരങ്ങളിലും രസിക്കാനും ലയിക്കാനും

പ്രേരിപ്പിക്കുന്നത് ആരാണ്? പൈശാചിക സൈന്യം തന്നെ. ഹീനമായ ജീവിതത്തിലേക്കും ദുർനടപടികളിലേക്കും മനുഷ്യനെ ആനയിക്കുന്നത് ആരാണ്? പിശാചാണ്. എല്ലാം നാശത്തിലേക്ക് നയിക്കുന്നു.

പാപം മനുഷ്യനെ നാശത്തിലേക്ക് നയിക്കുന്നു. മുളെച്ചു വരുന്ന പുല്ലുപോലെ ഇളം തളിരാർന്ന ജീവിതങ്ങൾ കഞ്ചാവിന്റെ അടിമകളായി തീരുന്നു. പുല്ലുപോലെ തഴച്ചുവളരുന്ന നല്ല ഓജസ്സും തേജസ്സുമുള്ള യുവ കോമള ന്മാർ, നല്ല ബുദ്ധിശാലികളായ യുവാക്കന്മാർ, പിശാചിന്റെ കൈയിലെ കളിപ്പാവകളായി മാറുന്നു. തന്മൂലം പിശാച് അവരെ പന്താടുകയും അവരെ പാവകളിപ്പിക്കുകയും ചെയ്ത് അവരെ ഒരിക്കലും തിരിച്ചുവരാനോ എഴുന്നേല് ക്കാനോ ശോഭനമായ ഭാവിനേടാനോ സാധ്യമല്ലാത്ത വിധത്തിൽ തകർത്തു കളയുന്നു.

പുല്ല് രണ്ടാമതു മുളെച്ചു തുടങ്ങിയപ്പോൾ വിട്ടിലുകൾ വന്ന് നശിപ്പിച്ചു.

സ്നേഹിതരേ, നിങ്ങളെ നശിപ്പിക്കുന്ന വിട്ടിലുകൾ ഏതെല്ലാമാണ്. ദുരാത്മാക്കൾ നിങ്ങളിൽ അവകാശം പറയുന്നകാര്യങ്ങൾ എന്തെല്ലാമാണ്. പാപം നിങ്ങളെ പിടികൂടിയിരിക്കുന്നത് ഏതെല്ലാം വിഷയങ്ങളിലാണ്. പ്രവൃത്തികളിലെ പാപമാണോ? മോഷണം, കവർച്ച, കൊലപാതകം, ക്ഷുദ്രപ്രയോഗം, ആഭിചാരപ്രയോഗങ്ങൾ എന്നിവയിലാണോ സാത്താൻ നിങ്ങളെ ബന്ധിച്ചിരിക്കുന്നത്.

വഴക്കടിക്കുക, കലഹിക്കുക, വ്യവഹാരത്തിനു താത്പര്യത്തോടെ മുന്നിട്ടുവരിക, അസ്വസ്ഥത ഉളവാക്കുക, മദ്യപിച്ചു ബഹളം ഉണ്ടാക്കുക, നാട്ടിൽ കലാപമുണ്ടാക്കുക, അധികാരഭ്രമം ഉളവാക്കുക, സ്ഥാനമോഹത്തിൽ മനുഷ്യനെ കെട്ടിയിടുക എല്ലാം പിശാച് ചെയ്തു കൊണ്ടിരിക്കുകയല്ലേ?

ഇന്ന് അഹങ്കാരത്തിലും മദമത്തതയിലും കൂത്താടി എത്രയോ നല്ലനല്ല ജീവിതങ്ങളാണ് തകർന്നടിഞ്ഞു

കൊണ്ടിരിക്കുന്നത്, സാത്താൻ നശിപ്പിച്ചു കൊണ്ടിരിക്കുന്നത്.

വിട്ടിലുകൾ നിങ്ങളെ നശിപ്പിക്കാൻ നിങ്ങൾ സമ്മതിക്കരുത്. വിട്ടിലുകളെ ജീവിതത്തിൽ നിന്നു മാറ്റിക്കളയുവാൻ കരുണയുള്ള കർത്താവിനു കഴിയും. ഒന്നേവേണ്ടു, നാം അനുതപിക്കുക. നാം മാനസാന്ത രപ്പെടുക. പാപങ്ങളെ ഓർത്തു അനുതപിക്കുക. ശത്രുവിന് ഇടം കൊടുത്തത് ഓർത്ത് അനുതപിക്കുക. പൈശാചികന് അവകാശം കൊടുത്തത് ഓർത്തു അനുതപിക്കുക. എന്റെ പാപം മൂലം ഭീകരനായ ശത്രുവിനു ഞാൻ ഇടം കൊടുത്തുപോയല്ലോ എന്നോർത്ത് ദൈവസന്നിധിയിൽ കരയുക. അപ്പോൾ ജീവനുള്ള ദൈവം സഹതാപത്തോടെ നമ്മെ കാണും.

വിട്ടിലുകൾ ദേശത്തിലെ സസ്യം തിന്നുതീർന്നപ്പോൾ ഞാൻ: യഹോവയായ കർത്താവേ, ക്ഷമിക്കേണമേ; യാക്കോബ് എങ്ങനെ നിവിർന്നുനില്ക്കും? അവൻ ചെറിയവനല്ലോ എന്നു പറഞ്ഞു. യഹോവ അതിനെക്കുറിച്ചു അനുതപിച്ചു; അതു സംഭവിക്കയില്ല എന്നു യഹോവ അരുളിച്ചെയ്തു.

ആമോസ് പ്രവാചകൻ ജനത്തിനു വേണ്ടി കരയുകയാണ്. പ്രവാചകൻ ജനത്തിന്റെ പാപം ദൈവം ക്ഷമിക്കാൻ വേണ്ടി കരയുകയാണ്. ജനത്തിന് അനുതാപം കിട്ടാൻ വേണ്ടി പ്രവാചകൻ ദൈവ സന്നിധിയിൽ മദ്ധ്യസ്ഥത വഹിക്കുക യാണ്. ജനഹൃദയങ്ങൾ ഉരുകുവാനും തകർന്നു കരയുവാ നും അനുതപിച്ചു മാനസാന്തരപ്പെട്ടു ദൈവത്തിങ്കലേക്കു തിരിയുവാനും പ്രവാചകൻ ജനത്തിനുവേണ്ടി അപേക്ഷി ക്കുകയാണ്, പ്രാർത്ഥിക്കുക യാണ്. മധ്യസ്ഥത വഹിക്കുക യാണ്.

പ്രവാചകൻ പ്രാർത്ഥിച്ചു. അനുതപിക്കുന്ന പ്രവാചകന്റേ യും അനുതപിക്കുന്ന ജനത്തിന്റേയും നേരെ ദൈവത്തിന്റെ കരുണ തിരിയും. നിത്യനായ ദൈവം അനുതാപികളുടെ പ്രാർത്ഥന കൈക്കൊള്ളും.

ഇപ്പോൾ നിങ്ങളുടെ ജീവിതത്തിലേക്കു നോക്കി നിങ്ങൾ അനുതപിക്കുമോ? വന്നുപോയ പാപങ്ങളെ ഓർത്തു നെടുവീർപ്പിടുമോ? നാഥാ ഇനിമേൽ ഞാൻ ഒരു പാപവും ചെയ്യുകയില്ല എന്ന് ദൈവത്തോടു വാക്കു പറയുമോ? കർത്താവേ മനസ്സലിയണമേ, എന്റെ കറകൾ ക്ഷമിക്കണമേ എന്നു നിങ്ങൾ അപേക്ഷിക്കുമോ? ദൈവത്തിന്റെ കരുണക്കുവേണ്ടി യാചിക്കുമോ?

കാരുണ്യവാനായ ദൈവം ദീർഘക്ഷമയോടെ പ്രാർത്ഥനകേൾക്കും. ക്രൂശിലെ സ്നേഹം,പാപിയുടെ പാപം ക്ഷമിക്കുന്ന സ്നേഹമാണ്. ക്രൂശിലെ തിരുരക്തത്തിന്റെ അത്ഭുതശക്തി പാപം ക്ഷമിക്കുന്ന സ്നേഹമാണ്. ക്രൂശിലെ സ്നേഹത്തിന്റെ അത്ഭുതകൃപ പാപിയുടെ പാപം പൊറുക്കുകയും പുതിയ ജീവിതത്തിന്റെ നറും തളിരുകൾ കിളുർപ്പിക്കുകയും ചെയ്യുന്ന അത്ഭുതകൃപയാണ്.

ദൈവജനമേ, മാനസാന്തരപ്പെടുവിൻ; പ്രിയപ്പെട്ടവരേ, മനം തിരിയുവിൻ. വിട്ടിലുകൾ നശിപ്പിച്ചുകൊണ്ടിരിക്കുന്ന, സാത്താന്യ സൈന്യം തകർത്തുകൊണ്ടിരിക്കുന്നവരേ, അതിവേഗം മനം തിരിഞ്ഞുദൈവത്തിങ്കലേക്ക് അനുതാപ ത്തോടെ മടങ്ങിവരുവിൻ.

നാഥാ.. ക്ഷമിക്കണമേ, തിരുരക്തത്താൽ കഴുകണമേ, ഇനിയും പാപമില്ലാത്ത ജീവിതം ഞാൻ നയിക്കും. എന്റെ പാപങ്ങൾ എന്നോടു പൊറുക്കണമേ, നിങ്ങൾ പ്രാർത്ഥിപ്പിൻ, ദൈവത്തിന്റെ കരുണയ്ക്കുവേണ്ടിയാചിപ്പിൻ. കരുണയുള്ള കർത്താവിന്റെ ദീർഘക്ഷമയ്ക്കുവേണ്ടി കരയുവിൻ, നാഥാ, ക്ഷമിക്കണമേ.. കർത്താവേ. പൊറുക്കണമേ, ഈ നിമിഷം മുതൽ ഞാൻ പുതിയ സൃഷ്ടിയായി ജീവിക്കും. ദൈവത്തോടു വാക്കു പറയുവിൻ. ദൈവനാമം മഹത്വപ്പെടട്ടെ.

## പതിമൂന്ന്

> "യഹോവയായ കർത്താവു എനിക്കു കാണിച്ചുതന്ന തെന്തെന്നാൽ: യഹോവയായ കർത്താവു തീയാൽ വ്യവഹരിപ്പിപ്പാൻ അതിനെ വിളിച്ചു; അതു വലിയ ആഴിയെ വറ്റിച്ചു കളഞ്ഞിട്ടു യഹോവയുടെ ഓഹരിയെയും തിന്നുകളവാൻ ഭാവിച്ചു. അപ്പോൾ ഞാൻ: യഹോവയായ കർത്താവേ മതിയാക്കേണമേ; യാക്കോബ് എങ്ങനെ നിവർന്നു നില്ക്കും? അവൻ ചെറിയവനല്ലോ എന്നു പറഞ്ഞു. യഹോവ അതിനെക്കുറിച്ചു അനുതപിച്ചു; അതു സംഭവിക്കയില്ല എന്നു യഹോവയായ കർത്താവ് അരുളിചെയ്തു." ആമോസ് 7 : 4-6

ആമോസ് പ്രവാചകന്റെ പുസ്തകം ഏഴ്, എട്ട്, ഒൻപത് അദ്ധ്യായങ്ങൾ ആറ് ദർശനങ്ങൾ ഉൾക്കൊള്ളുന്നവയാണ്. ഓരോ ദർശനവും ദൈവത്തിന്റെ അനന്തമായ വാത്സല്യത്തേയും പൈശാചിക ശക്തി മനുഷ്യനെപാപം മൂലം നശിപ്പിക്കുന്നതിനേയും, എന്നാൽ മനുഷ്യൻ അനുതപിക്കുമ്പോൾ ദൈവം കരുണകാണിക്കുന്നതിനേയും പ്രഖ്യാപിക്കുന്ന സ്വർഗ്ഗീയ സത്യമത്രേ.

ആമോസ് പ്രവാചകൻ കണ്ട ഒന്നാമത്തെ ദർശനം വിട്ടിലുകളുടെ ദർശനമാണ്. രണ്ടാമത്തെ ദർശനം തീയുടെ

ദർശനമാണ്.

"യഹോവയായ കർത്താവ് എനിക്കു കാണിച്ചുതന്ന തെന്തെന്നാൽ: യഹോവയായ കർത്താവു തീയാൽ വ്യവഹരിപ്പാൻ അതിനെ വിളിച്ചു; അതു വലിയ ആഴിയെ വറ്റിച്ചു കളഞ്ഞിട്ടു യഹോവയുടെ ഓഹരിയേയും തിന്നുകളവാൻ ഭാവിച്ചു."

ദൈവജനമേ, തീ വെള്ളത്തെ വറ്റിച്ചു കളയുന്നു. വലിയ ആഴിയെ വറ്റിച്ചുകളയുന്നു. ധാരാളം വെള്ളം സമൃദ്ധമായി നിറഞ്ഞുനില്ക്കുന്ന ആഴിയിലെ പെരുവെള്ളത്തെ തീ വറ്റിച്ചുകളയുന്നു. വെള്ളം ദൈവത്തിന്റെ കൃപയാണ്. വെള്ളം ദൈവത്തിന്റെ അനുഗ്രഹത്തിന്റെ പ്രതീകമാണ്. വെള്ളം പരിശുദ്ധാത്മാവിന്റെ നൽവരത്തിന്റെ പ്രതീകമാണ്.

എന്നാൽ ദൈവം നൽകുന്ന അനുഗ്രഹങ്ങളെല്ലാം നശിപ്പിക്കുവാൻ പൈശാചിക ശക്തി കടന്നുവരുന്നതിനെയാണ് തീ സൂചിപ്പിക്കുന്നത്.

ആമോസ് പ്രവാചകൻ കണ്ടു. ജനത്തിന്റെ പാപം മൂലം സാത്താന് ഇടം കിട്ടി. തന്മൂലം സാത്താനും അവന്റെ സൈന്യവും കടന്നുവന്നു ദൈവത്തിന്റെ അനുഗ്രഹങ്ങൾ മനുഷ്യനിൽ നിന്ന് അപഹരിച്ചുകളഞ്ഞു.

തീ ആഴിയെ വറ്റിച്ചു കളയുന്നു. തീ ആഴിയെ നശിപ്പിച്ചു കളയുന്നു. ആഴിയിലെ പെരുവെള്ളത്തെ തീ വറ്റിച്ചുകളയുന്നു. യഹോവയായ കർത്താവ് എനിക്കു കാണിച്ചു തന്നതെന്തെന്നാൽ യഹോവയായ കർത്താവു തീയാൽ വ്യവഹരിപ്പാൻ അതിനെ വിളിച്ചു. അതു വലിയ ആഴിയെ വറ്റിച്ചു കളഞ്ഞിട്ടു യഹോവയുടെ ഓഹരിയെയും തിന്നുകളവാൻ ഭാവിച്ചു.

ദൈവത്തിന്റെ ഓഹരി, ദൈവത്തിന്റെ അവകാശത്തിന്റെ ഓഹരി, ദൈവത്തിന്റെ പ്രിയജനത്തെ തിന്നുകളവാൻ തീ വരികയാണ്. ദൈവത്തിന്റെ അനുഗ്രഹങ്ങൾ നശിപ്പിക്കാൻ

തീ വരികയാണ്. ദൈവത്തിന്റെ കൃപാ പ്രവാഹത്തെ വറ്റിച്ചു കളയുവാൻ തീ വരികയാണ്. ദൈവത്തിന്റെ അനന്തമായ വാത്സല്യത്തെ വറ്റിച്ചുകളയുവാൻ തീ വരികയാണ്.

യഹോവയായ കർത്താവ് എനിക്കു കാണിച്ചു തന്നതെന്തെന്നാൽ തീയാൽ വ്യവഹരിപ്പാൻ തീയെ വിളിച്ചു. അതു വലിയ ആഴിയെ വറ്റിച്ചു കളഞ്ഞിട്ടു യഹോവയുടെ ഓഹരിയെയും തിന്നുകളവാൻ ഭാവിച്ചു. അങ്ങനെ പാപം മൂലം മനുഷ്യനെ നശിപ്പിക്കാൻ വരുന്ന പൈശാചിക ശക്തി മനുഷ്യസമൂഹത്തെ ഒടുക്കിക്കളയുവാൻ ശ്രമിക്കുമ്പോൾ ആമോസ് പ്രാർത്ഥിക്കുകയാണ്.

അപ്പോൾ ഞാൻ: യഹോവയായ കർത്താവേ മതിയാക്കേണമേ; യാക്കോബ് എങ്ങനെ നിവിർന്നു നില്ക്കും? അവൻ ചെറിയവനല്ലോ എന്നു പറഞ്ഞു. യഹോവ അതിനെക്കുറിച്ചു അനുതപിച്ചു; അതു സംഭവിക്കയില്ല. എന്നു യഹോവയായ കർത്താവ് അരുളിച്ചെയ്തു.

ദൈവം അനുതാപികളുടെ പ്രാർത്ഥന കൈക്കൊള്ളുന്ന വനാണ് . ‘‘ആഹ്വാനം ചെയ്യും പാപികളിൽ കൃപയെ വിലക്കാ ത്തവനാണ് ദൈവം.’’ വിളിച്ചപേക്ഷിക്കുന്ന പാപികളിൽ കരുണയെ വറ്റിച്ചു കളയാത്തവനാണ് ദൈവം. സ്നേഹവാനായ ദൈവം അനുതപിക്കുന്നവരുടെ അനുതാപത്തെ കൈക്കൊള്ളുന്നവനാണ്.

നിങ്ങളുടെ ജീവിതത്തിൽ സാത്താൻ അവകാശം പറയുന്ന ഏതെല്ലാം കാര്യങ്ങൾ സംഭവിച്ചിട്ടുണ്ട്, അവയെ ഓർത്തു നിങ്ങൾ അനുതപിക്കുവിൻ; അവയെ ഓർത്തു നിങ്ങൾ നെടുവീർപ്പിടുവിൻ. ദൈവത്തിന്റെ കൃപയ്ക്കും കരുണയ്ക്കുമായി യാചിപ്പിൻ.

തിരുവചനം നാം വായിക്കുമ്പോൾ അനുതപിക്കുന്ന പാപിയെ ദൈവം കൈക്കൊള്ളുന്ന അനേകം അനേകം സംഭവങ്ങൾ നമുക്കു കാണുവാൻ സാധിക്കും. ദാവീദ് പാപം

ചെയ്തു. എന്നാൽ ദാവീദ് അനുതപിച്ചു. ദാവീദിന്റെ പാപം ഗുരുതരമായിരുന്നു. എന്നാൽ ദാവീദ് പാപത്തെ ഓർത്തു അനുതപിച്ചു. അപ്പോൾ ദാവീദിന്റെ നിലവിളി ദൈവം കേട്ടു. ദാവീദ് പ്രാർത്ഥിച്ചു. ഇങ്ങനെയാണ് പ്രാർത്ഥിച്ചത്.

അൻപത്തിഒന്നാം സങ്കീർത്തനം ഒന്നാം വാക്യം മുതൽ വായിക്കുമ്പോൾ ദാവീദിന്റെ അനുതാപത്തിന്റെ പ്രാർത്ഥന നമുക്കു കേൾക്കാം.

ദൈവമേ, നിന്റെ കൃപയിൽ പ്രകാരം എന്നോടു കരുണ ചെയ്യണമേ... നിന്റെ അനുഗ്രഹത്തിന്റെ ബഹുത്വത്തിൻ പ്രകാരം എന്റെ ലംഘനങ്ങളെ മായിച്ചു കളയേണമേ നിന്നോട്, നിന്നോടല്ലോ ഞാൻ പാപം ചെയ്തു പോയിരിക്കുന്നു. ഇതാ... ഞാൻ അകൃത്യത്തിൽ ഉരുവായി; പാപത്തിൽ എന്റെ അമ്മ എന്നെ ഗർഭം ധരിച്ചു.

അന്തർഭാഗത്തിലെ സത്യമല്ലോ നീ ഇച്ഛിക്കുന്നതു; അന്തരംഗത്തിൽ എന്നെ ജ്ഞാനം ഗ്രഹിപ്പിക്കേണമേ. ഈ സോപ്പുകൊണ്ടു എന്നെ ശുദ്ധികരിക്കേണമേ; രക്ഷയുടെ സന്തോഷം എനിക്കു തിരികെ തരേണമേ; നാഥാ എന്റെ അധരങ്ങൾ അടഞ്ഞുപോയല്ലോ, സ്തുതി നിലച്ചുപോയല്ലോ, എന്റെ അധരങ്ങളെ തുറക്കണമേ, അപ്പോൾ ഞാൻ അതിക്രമക്കാരെ നിന്റെ വഴി പഠിപ്പിച്ചുകൊള്ളാം. നിന്റെ പരിശുദ്ധാത്മാവ് എന്നെ താങ്ങണമേ.... നിന്റെ പരിശുദ്ധാത്മാവിനെ എന്നിൽ നിന്ന് എടുക്കരുതേ മഹത്വമുള്ള റൂഹാ എന്നെ താങ്ങുമാറാകണമേ,

എന്റെ കരുണയുള്ള കർത്താവേ ഞാൻ തകർന്ന ഹൃദയത്തോടെ, നുറുങ്ങിയ മനസ്സോടെ, നിന്റെ കരുണ തേടി വരികയാണ്, അനുതാപത്തോടെ ഞാൻ വരുന്നു; തകർന്നതും നുറുങ്ങിയതുമായ ഹൃദയത്തെ ദൈവമേ നീ നിരസിക്കുന്നില്ലല്ലോ. എന്റെ ഹൃദയം തകർന്നിരിക്കുന്നു, അനുതാപത്തോടെ ഇതാ വരുന്നു. ഞാൻ തിരുമുമ്പാകെ കാളക്കിടാക്കളേയും ആട്ടുകൊറ്റന്മാരേയും യാഗം

അർപ്പിക്കുന്നില്ല. എന്റെ തകർന്ന ഹൃദയമാണ് നിനക്ക് പ്രസാദകരമായ യാഗം, നിനക്ക് പ്രീതികരമായ വഴിപാട് എന്റെ അനുതാപമുളള ഹൃദയമാണ്. അതു ഞാൻ വിശ്വസിച്ചുകൊണ്ട് ഇതാ വരുന്നു.

ഞാൻ മൂലം ഈ പട്ടണം നശിക്കുന്നല്ലോ, യെരുശലേമിനോട് കരുണ തോന്നണമേ. ഞാൻ ഒരാൾ മൂലം ഈ ദേശം നശിക്കുന്നല്ലോ, യെരുശലേമിനോടു മനസ്സലിയണമേ, കർത്താവേ, എന്റെ പാപം ക്ഷമിക്കണമേ, ദേശത്തിന്റെ പാപം ക്ഷമിക്കണമേ, ദേശത്തിന്മേൽ അനർത്ഥം വരാതെ കാക്കണമേ, തീ നശിപ്പിക്കാതെ കാക്കണമേ... ദാവീദ് പ്രാർത്ഥിച്ചു.

ദാവീദിന്റെ പ്രാർത്ഥന ഉയരത്തിലെത്തി. അനുതപിക്കുന്ന പാപിയുടെ പ്രാർത്ഥന കേൾക്കുന്ന ദൈവം ദാവീദിന്റെ പ്രാർത്ഥനകേട്ടു ദാവീദിന്റെ പാപം ക്ഷമിച്ചു. ദൈവം ദാവീദിന്റെ വീണ്ടും അനുഗ്രഹിച്ചു ദാവീദിനെ യഥാസ്ഥാനപ്പെടുത്തി.

തിരുവചനം വായിക്കുമ്പോൾ ഇതുപോലുള്ള വേറെയും സംഭവങ്ങൾ കാണാം. അനുതപിച്ചു പ്രാർത്ഥിക്കുന്നവരുടെ പ്രാർത്ഥന കേൾക്കുന്ന ദൈവത്തിന്റെ അളവറ്റ സ്നേഹം.

യോനാപ്രവാചകൻ കടലിന്റെ അടിത്തട്ടിൽ കിടന്നുകൊണ്ടു പ്രാർത്ഥിച്ചു. യോനാപ്രവാചകൻ കപ്പലിന്റെ അടിത്തട്ടിൽ കിടന്നുകൊണ്ട്, ഞാൻ മുഖാന്തരം എല്ലാവർക്കും നാശം വന്നു എന്നു ഏറ്റുപറഞ്ഞു ദൈവത്തിന്റെ കരുണയ്ക്കായി യാചിച്ചു. മത്സ്യത്തിന്റെ വയറ്റിൽ കിടന്നുകൊണ്ട് യോനാ പ്രവാചകൻ പ്രാർത്ഥിച്ചു., കർത്താവേ.. എനിക്ക് സന്തോഷം മടക്കിത്തരേണമേ . നാഥാ..ഞാൻ എന്റെ പാപം മൂലം സമുദ്രത്തിന്റെ അടിവാരങ്ങളോളം ഇറങ്ങിപ്പോയിരിക്കുന്നു. കർത്താവേ., പാതാളത്തിന്റെ ഓടാമ്പലുകൾ എന്നെ ബന്ധിപ്പിച്ചിരിക്കുന്നു. എന്നു യോനാപ്രവാചകൻ

നിലവിളിച്ചു.

യോനാപ്രവാചകന്റെ നിലവിളി ദൈവസന്നിധിയിൽ ചെന്നു.

> "കടലതിൽ യൗനാനെന്നപോലെ-
> കനിയുക ദാസന്മാരിലെന്നും."

എന്ന് പൂർവ്വിക പിതാക്കന്മാർ പാടിയിട്ടുണ്ട്. കടലിന്റെ അടിത്തട്ടിൽ യോനാ പ്രവാചകൻ നിലവിളിച്ചതുപോലെ നാഥാ ഞാനും അനുതാപത്തോടെ നിലവിളിക്കുകയാണ്. എന്റെ പാപം ക്ഷമിക്കണമേ, എന്റെ പാപം പൊറുക്കണമേ. അങ്ങനെ പ്രാർത്ഥിക്കുമ്പോൾ ദൈവം പ്രാർത്ഥന കേൾക്കുകയാണ്.

യോനാപ്രവാചകന്റെ പ്രാർത്ഥനകേട്ട് അനുതാപം കണ്ട് ദൈവം പാപം ക്ഷമിച്ചുകൊടുത്ത് യഥാസ്ഥാനപ്പെടുത്തി. നഷ്ടപ്പെട്ട ശുശ്രൂഷ മടക്കിക്കൊടുത്തതുപോലെ ഇന്ന് ഈ വാക്കുകളെ വായിക്കുന്ന ഓരോരുത്തർക്കും യഥാസ്ഥാനപ്പെട്ട് ദൈവത്തെ സ്തുതിക്കുവാനുള്ള ഭാഗ്യാനുഭൂതി തരുവാൻ നിത്യനായ ദൈവം ഇതാ, നിങ്ങളുടെ മുന്നിൽ നില്ക്കുന്നു.

ഓരോരുത്തരുടേയും അരികത്തേക്ക് കർത്താവ് കടന്നു വരുന്നു. മകനേ, മനം തിരിയുക; മകളേ, മാനസാന്തരപ്പെടുക. പാപത്തോട് യാത്രപറയുക. തീ നിന്നെ നക്കിക്കളയാതിരിപ്പാൻ, ആഴിയെ വറ്റിച്ചു കളയാതിരിപ്പാൻ, ഉറവകളെ മുടിച്ചു കളയാതിരിപ്പാൻ, യഹോവയുടെ ഓഹരിയെ തിന്നു കളയാതിരിപ്പാൻ നിങ്ങൾ പ്രാർത്ഥിപ്പിൻ, അനുതപിപ്പിൻ. നശിക്കല്ലേ, നഷ്ടപ്പെടല്ലേ, പാപത്തിന് ഇടം കൊടുക്കല്ലേ.

യോനാപ്രവാചകന്റെ പ്രാർത്ഥന കേട്ട ദൈവം; ദാവീദിന്റെ കണ്ണുനീരു കണ്ട ദൈവം. പത്രോസ് ശ്ലീഹയുടെ അനുതാപവും കൈക്കൊണ്ടു. പത്രോസ് അനുതപിച്ചു. പത്രോസ് യേശുക്രിസ്തുവിനെ തള്ളിപ്പറഞ്ഞവനാണ്.

ശീമോൻ പത്രോസ് യേശുവിനെക്കുറിച്ചു “ഇവനെ ഞാൻ അറിയുന്നില്ല.” എന്നു പറഞ്ഞു. മുൻകൂട്ടിയുള്ള അറിയിപ്പുകൾ കിട്ടിയിട്ടും, താക്കീതുകൾ കിട്ടിയിട്ടും, തക്കസമയത്ത് ശീമോൻ പത്രോസ് അബദ്ധത്തിൽ ചാടി, അപകടത്തിൽ ചാടി. പത്രോസ് പറഞ്ഞു; ഇവനെ ഞാൻ അറിയുന്നില്ല. അങ്ങനെ തള്ളിപ്പറഞ്ഞ പത്രോസിനെ ക്രിസ്തു സ്നേഹത്തോടെ വിളിച്ചു. ഞാൻ ഉയർത്തെഴുന്നേറ്റിരിക്കുന്നു എന്നു എന്റെ ശിഷ്യന്മാരോടും പത്രോസിനോടും പോയി പറക എന്നു പറഞ്ഞു മഗ്ദലമറിയാമിനെ കർത്താവ് അയച്ചു.

ദൈവത്തിന്റെ അഗാധമായ സ്നേഹം. പാപിയുടെ മനം തിരിവിനുവേണ്ടി അദ്ധ്വാനിക്കുന്ന സ്നേഹമാണ്. പാപി മനം തിരിഞ്ഞു രക്ഷപ്പെടുന്നതിനുവേണ്ടി, നിത്യനാശത്തിലേക്കു പോകാതെ നിത്യജീവൻ അവകാശമാക്കുന്നതിനുവേണ്ടി പാപിയെ തേടിവരുന്ന സ്വർഗ്ഗീയ സ്നേഹം, ഇപ്പോൾ ദൈവപൈതലേ, നിന്റെ അരികത്ത് എത്തി നില്ക്കുകയാണ്.

ഈ ശബ്ദം നിന്റെ ഹൃദയഭിത്തികളിൽ അലയടിക്കുമ്പോൾ ദൈവം നിന്നെ വിളിക്കുകയാണ്. ദൈവത്തെ നീ സ്നേഹത്തോടെ സമീപിക്കൂ... അനുതാപത്തോടെ അടുത്തുചെല്ലൂ. പാപക്കറകൾ കഴുകിത്തരണമേ എന്ന് പ്രാർത്ഥിക്കു.

കർത്താവേ, നീ ക്രൂശിൽ രക്തം ചിന്തിയത് എന്റെ പാപത്തിന്റെ പരിഹാരത്തിനാണെന്ന് ഞാൻ വിശ്വസിക്കുന്നു. എന്നെ കഴുകണമേ, എന്നെ വെടിപ്പാക്കണമേ.. എനിക്കു മോചനം തരണമേ, എന്നെ പാപത്തിന്റെ പിടിയിൽ നിന്നു വിടുവിക്കണമേ, പ്രാർത്ഥിപ്പിൻ, കർത്താവിന്റെ കരുണയ്ക്കുവേണ്ടി യാചിപ്പിൻ; ദൈവസ്നേഹം അനുഭവിപ്പിൻ, യഥാസ്ഥാനപ്പെടുവിൻ, കൃപഅനുഭവിപ്പിൻ, ദൈവത്തെ സ്തുതിപ്പിൻ. പുതിയജീവിതം തുടങ്ങട്ടെ. പൈശാചിക ശക്തി ലജ്ജിക്കട്ടെ. തീയിന്റെ ഘോരമായ ആക്രമണത്തിൽ നിന്നു മോചനം പ്രാപിപ്പിൻ. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ,

## പതിനാല്

അവൻ എനിക്കു കാണിച്ചുതന്നതെന്തെന്നാൽ : കർത്താവു കയ്യിൽ തൂക്കുകട്ട പിടിച്ചുകൊണ്ടു തൂക്കുകട്ട തൂക്കിയുണ്ടാക്കിയോരു മതിലിന്മേൽ നിന്നു. യഹോവ എന്നോടു; ആമോസേ, നീ എന്തു കാണുന്നു എന്നു ചോദിച്ചതിന്നു ഒരു തൂക്കുകട്ട എന്ന് ഞാൻ പറഞ്ഞു. അതിന് കർത്താവു; ഞാൻ എന്റെ ജനമായ യിസ്രായേലിന്റ നടുവിൽ ഒരു തൂക്കുകട്ട പിടിക്കും; ഞാൻ ഇനി അവരെ ശിക്ഷിക്കാതെ വിടുകയില്ല; യിസ്ഹാക്കിന്റെ പൂജാഗിരികൾ പാഴും യിസ്രായേലിന്റെ വിശുദ്ധ മന്ദിരങ്ങൾ ശുന്യവുമായ്തീരും.

ആമോസ് 7 : 7-9

ആമോസ് പ്രവാചകന്റെ പുസ്തകത്തിലെ മൂന്നാമത്തെ ദർശനമാണ് നാം ഇപ്പോൾ വായിച്ചത്. ആമോസ് പ്രവാചകന്റെ പുസ്തകത്തിൽ ഏഴും,എട്ടും, ഒൻപതും അദ്ധ്യായങ്ങളിൽ ആറുദർശനങ്ങൾ പ്രവാചകൻ കാണുന്നതായി വിവരിച്ചിട്ടുണ്ട്.

ഒന്നാമത്തെ ദർശനം വിട്ടിലുകളെക്കുറിച്ചുള്ള ദർശനം. രണ്ടാമത്തെ ദർശനം തീ ആഴിയെ വറ്റിച്ചുകളയും എന്നുള്ള ദർശനം. മൂന്നാമത്തെ ദർശനം തൂക്കുകട്ട പിടിക്കുന്ന ദർശനം

ആമോസേ, നീ എന്തു കാണുന്നു എന്നു ചോദിച്ചതിന്നു ഒരു തൂക്കുകട്ട എന്നു ഞാൻ പറഞ്ഞു. അതിനു കർത്താവ്: ഞാൻ എന്റെ ജനമായ യിസ്രായേലിന്റെ നടുവിൽ ഒരു തൂക്കുകട്ട പിടിക്കും; ഞാൻ ഇനി അവരെ ശിക്ഷിക്കാതെ വിടുകയില്ല.

എന്താണ് തൂക്കുകട്ട? തൂക്കുകട്ട എന്നു പറയുന്നത് മതിൽ പണിയുമ്പോൾ, ചുമരു പണിയുമ്പോൾ, ആ ചുമര് അല്ലെങ്കിൽ മതില് നേരെയാണോ പണിയുന്നത് എന്ന് നോക്കുന്ന ഉപകരണ മാണ്. ഓരോ കല്ലും പെറുക്കിവെയ്ക്കുമ്പോൾ, ഓരോ ഇ ഷ്ടികയും പെറുക്കി വെയ്ക്കുമ്പോൾ, അതിന്റെ ചൊവ്വു നോക്കുന്ന ഒരു വസ്തുവാണ്.

തൂക്കുകട്ട പിടിക്കാതെ പണിതാൽ അതുവളഞ്ഞു പോകും, പുളഞ്ഞു പോകും. പണിയുന്ന പണിക്കാരന് അറിയാം തൂക്കുകട്ട പിടിച്ചെങ്കിലെ അത് ചൊവ്വെ പണിയാൻ ഒക്കുകയുള്ളൂ എന്ന്.

ആമോസേ, നീ എന്തുകാണുന്നു എന്ന് ചോദിച്ചതിനു; ഒരു തൂക്കുകട്ട എന്നു ഞാൻ പറഞ്ഞു.

ദൈവം അരുളിച്ചെയ്യുന്നു : ഞാൻ എന്റെ ജനമായ യിസ്രായേലിന്റെ നടുവിൽ ഒരു തൂക്കുകട്ട പിടിക്കും. ഇനി ഞാൻ അവരെ ശിക്ഷിക്കാതെ വിടുകയില്ല. എന്താണതിന്റെ അർത്ഥം? ദൈവം തൂക്കിനോക്കുന്നവനാണ്. വളവുണ്ടോ എന്നു നോക്കുന്നവനാണ്. ചെരിവുവന്നോ എന്നു നോക്കുന്നവനാണ്. പുളവുവന്നോ എന്നു നോക്കുന്നവനാണ്. ചൊവ്വായിട്ടാണോ മുൻപോട്ടു പോകുന്നത് എന്ന് നോക്കുന്നവനാണ്. ചൊവ്വായിട്ടാണോ ജീവിതം പണിതു കൊണ്ടിരിക്കുന്നത് എന്ന് സൂക്ഷിച്ചുനോക്കുന്ന വനാണ്. ജീവിതം ശരിയായിട്ടാണോ പോകുന്നത് എന്ന് പരിശോധിക്കുന്നവനാണ് ദൈവം.

ദൈവം ആമോസ് പ്രവാചകന് കാണിച്ചുകൊടുത്തു യിസ്രാ യേൽ ജനത്തിന്റെ മേൽ ഞാൻ ഒരു തൂക്കുകട്ട പിടിക്കുന്നു എന്ന്.

യിസ്രായേൽ ജനം പാപത്തിലേയ്ക്ക് വഴുതിപ്പോയി. ദൈവ ത്തിന്റെ ജനമായ യിസ്രായേൽ അഴുക്കിലേക്കും

അശുദ്ധിയിലേക്കും നീങ്ങിപ്പോയി. സത്യ ദൈവവിശ്വാസത്തിൽ നിന്നു അവർ വ്യതിചലിച്ചുപോയി. ദൈവവഴികളിൽ നിന്നു മാറിപ്പോയി, ദൈവം പറയുന്നു. ഇനി ഞാൻ അവരെ ശിക്ഷിക്കാതെ വിടുകയില്ല.

"ആമോസേ, നീ എന്തുകാണുന്നു എന്നു ചോദിച്ചതിനു ഒരു തൂക്കുകട്ട എന്നു പറഞ്ഞു."

ഇന്നു ജീവനുള്ള ദൈവം നമ്മെ നോക്കുകയാണ്; ശരിയായിട്ടോ ഓരോ ചുവടും വച്ചു പോകുന്നത്? ജീവിതമാകുന്ന ഭവനം പണിയുന്നത് ചൊവ്വായിട്ടോ ശരിയായിട്ടോ ആണോ എന്നത്രേ ദൈവം നോക്കുന്നത്.

നമ്മുടെ ജീവിതം ശരിയായിട്ടല്ല പണിയുന്നതെങ്കിൽ ദൈവമക്കളെ, ജീവനുള്ള ദൈവം ദുഃഖിക്കും. അനേകരുടെ ജീവിതം വളഞ്ഞുപോയിട്ടുണ്ട്. നേരായ വഴികളിൽ നിന്ന് വളഞ്ഞു അത് കെണിയിലും നാശത്തിലും പെട്ടുപോയിട്ടുണ്ട്. അനേകർ സാത്താന്റെ തന്ത്രങ്ങളിൽ കുടുങ്ങിപ്പോയിട്ടുണ്ട്.

വളഞ്ഞ ജീവിതങ്ങൾ, പുളഞ്ഞ ജീവിതങ്ങൾ, അസത്യങ്ങൾ വ്യാജപ്രസ്താവനകൾ, അർദ്ധസത്യങ്ങൾ ഇവയെല്ലാം മൂലം അനേകരുടെ ജീവിതം തകർന്നുപോയിട്ടുണ്ട്.

നിത്യനായ ദൈവം സത്യത്തിന്റെ ഉടയവനാണ്. സത്യസന്ധതയുടെ പ്രതീകമാണ്. എന്നാൽ മനുഷ്യൻ അസത്യത്തിന്റെ പിന്നാലെ പോകുന്നു. അവനെക്കുറിച്ചു ദൈവം പറയുന്നത്; മനുഷ്യൻ പാപത്തിനു പിശാചിന്നും ഇടം കൊടുക്കുമ്പോൾ അവൻ അസത്യത്തിന്നു കൂട്ടുകൂടുന്നു എന്നാണ്.

> കാരണം, സാത്താൻ ഭോഷ്ക്ക് പറയുന്നവനും അതിന്റെ അപ്പനും ആകുന്നു. ഭോഷ്കു പറയുന്നവനും അതിന്റെ അപ്പനുമാണ് എന്നു സാത്താനെക്കുറിച്ചു ദൈവം പറയുന്നു. അത് യോഹന്നാന്റെ സുവിശേഷം

എട്ടാം അദ്ധ്യായത്തിൽ നാം വായിക്കുന്നു.

യോഹ 8 : 44

നുണപറയുന്നവനാണ് സാത്താൻ. എദെൻ തോട്ടത്തിൽ കടന്നുചെന്നു ആദിമ മനുഷ്യനെ വഞ്ചിച്ചത് നുണ പറഞ്ഞുകൊണ്ടാണ്. ഇതു തിന്നാൽ നിങ്ങൾ ദൈവത്തെ പ്പോലെ ആകും എന്ന് വിലക്കപ്പെട്ട കനി ചൂണ്ടിക്കാണിച്ചു കൊണ്ട് അസത്യം പറഞ്ഞു ഹവ്വായെ വഴിതെറ്റിച്ചു.

ആദിമ മനുഷ്യനെ അസത്യ പ്രസ്താവനകൊണ്ടാണ് പൈശാചികൻ വഴിതെറ്റിച്ചത്. എക്കാലത്തും അസത്യം കൊണ്ട് മനുഷ്യനെ വഴിതെറ്റിക്കുന്നവനാണ് സാത്താൻ. വളവും പുളവും സാത്താനുള്ളതാണ്. ചതിവും വഞ്ചനയും സാത്താന്റെ വകയാണ്.

നേരെയുള്ളതായ പ്രസ്താവനകൾ വളച്ചൊടിച്ചു മനുഷ്യനെ കെണിയിലാക്കുകയും അവനെ അപകടത്തിലാക്കുകയും, അവനെ തെറ്റിദ്ധരിപ്പിക്കുകയും അവനെ അനർത്ഥത്തിലേക്കു നയിക്കുകയും ചെയ്യുന്നത്, സാത്താന്റെ കുടില തന്ത്രമാണ്.

നിങ്ങൾ ആരെല്ലാം ഈ കുടിലതന്ത്രത്തിൽ കുടുങ്ങിപ്പോയിട്ടുണ്ട്. ദൈവം പറഞ്ഞു; "എന്റെ ജനമായ യിസ്രായേലിന്റെ നടുവിൽ ഒരു തൂക്കുകട്ട പിടിക്കുന്നു. ഞാൻ ഇനി അവരെ ശിക്ഷിക്കാതെ വിടുകയില്ല."

മ്ലേച്ഛത സംഭവിച്ചുപോയി. ദൈവം നോക്കി, വളവു സംഭവിച്ചുപോയി. തെറ്റുകൾ വന്നുപോയി. അരുതായ്കകൾ സംഭവിച്ചുപോയി. ദോഷങ്ങളും കേടുകളും കെടുതികളും നഷ്ടങ്ങളും കഷ്ടങ്ങളും ജീവിതത്തിൽ വന്നു. കാരണം എന്ത്? പൈശാചികന് ഇടം കൊടുത്തു.

ദാനിയേൽ പ്രവാചകന്റെ പുസ്തകം അഞ്ചാം അദ്ധ്യായം ഇരുപത്തിനാലാം വാക്യം മുതൽ നാം വായിക്കുമ്പോൾ അവിടെ ബേൽശസ്സർ രാജാവിന്റെ രാജധാനിയിലെ

ആസ്ഥാനമണ്ഡപത്തിലെ ആ ചുവരിന്മേൽ ഒരു ചുവരെഴുത്തു കാണുകയാണ്. എന്താണ് ആ ചുവരെഴുത്ത്?

> ദാനിയേൽ ആ ചുവരെഴുത്തു വായിച്ചുകേൾപ്പിച്ചു. ഇങ്ങനെയാണ് നാം വായിക്കുന്നത്; ''എഴുതിയിരിക്കുന്ന എഴുത്തോ; മെനേ,മെനേ തെക്കേൽ, ഊഫർസിൻ. കാര്യത്തിന്റെ അർത്ഥമാവിതു മെനേ എന്നു വെച്ചാൽ; ദൈവം നിന്റെ രാജത്വം എണ്ണി, അതിന്നു അന്തം വരുത്തിയിരിക്കുന്നു. തെക്കേൽ എന്നുവെച്ചാൽ ; തുലാസിൽ നിന്നെ തൂക്കി, കുറവുള്ളവനായി കണ്ടിരിക്കുന്നു. പെറേസ് എന്നു വെച്ചാൽ; നിന്റെ രാജ്യം വിഭാഗിച്ചു മേദ്യർക്കും പാർസികൾക്കും കൊടുത്തിരിക്കുന്നു.''
>
> ദാനി. 5 : 24-27

ബേൽശസ്സർ രാജാവിന്റെ കാലുകളുടെ ഏപ്പുകൾ ആടിപ്പോയി. ബേൽശസ്സർ രാജാവ് ഭയാക്രാന്തനായി, പരിഭ്രാന്തനായി. ബേൽശസ്സർ രാജാവ് അമ്പരപ്പിലായി, കാരണം ചുവരിൽ ഒരു ഭാഗത്തു വെളിച്ചം ശോഭിക്കുന്നു. ആ വെളിച്ചത്തിലേക്ക് അമ്പരപ്പോടെ നോക്കി. രാജാവും മഹത്തുക്കളും വീഞ്ഞുകുടിച്ചുകൊണ്ടിരിക്കുകയാണ്. രാജാവും മഹത്തുക്കളും രസിച്ചു കൊണ്ടിരിക്കുകയാണ്. മേളിച്ചു കൊണ്ടിരിക്കുകയാണ്. ആ സമയത്ത് അവിടെ വീഞ്ഞുകുടിച്ചു രസിച്ചു ലഹരി പിടിച്ചിരിക്കുന്ന എല്ലാവരും കാൺകെ ചുവരിലൊരു ഭാഗത്ത് വെളിച്ചം പ്രകാശിക്കുന്നു. നോക്കി, അവിടെ ഒരു കൈപ്പത്തി കാണുന്നു.

എന്താണ് ഈ കൈപ്പത്തി? കൈപ്പത്തി എന്തോ എഴുതുന്നു. ചുവരെഴുത്ത്. എന്താണ് ചുവരെഴുത്ത്?

"മെനേ, മെനേ, തെക്കേൽ ഊസർസിൻ" - ദൈവം നിന്റെ രാജത്വം എണ്ണി. നിന്റെ രാജത്വത്തിന് അറുതി വരുത്തിയിരിക്കുന്നു. ദൈവം നിന്നെ തുലാസിൽ തൂക്കിനോക്കി, നിന്നെ കുറവുള്ളവനായി കണ്ടിരിക്കുന്നു

ദാനിയേൽ പ്രവാചകന്റെ പുസ്തകം അഞ്ചാം അദ്ധ്യായത്തിന്റെ ഇരുപത്തിയഞ്ചാം വാക്യത്തിൽ കാണുന്ന വാക്യവും ആമോസ് പ്രവാചകന്റെ പുസ്തകം ഏഴാം അദ്ധ്യായത്തിന്റെ എട്ടാം വാക്യത്തിൽ കാണുന്ന സംഭവവും ഒരാശയത്തെ പ്രതിനിധീകരിക്കുന്നു.

ആമോസ് തൂക്കുകട്ട കണ്ടു. ദാനിയേൽ ചുവരെഴുത്ത് കണ്ടു. ദൈവം നിന്നെ തുലാസിൽ തൂക്കിനോക്കി നിന്നെ കുറവുള്ളവനായി കണ്ടിരിക്കുന്നു. ദൈവം നിന്റെ രാജത്വം എണ്ണി അതിന് അന്തം വരുത്തിയിരിക്കുന്നു.

മകനേ, ദൈവം നിന്നെ തുലാസിൽ തൂക്കി നോക്കുന്നു. ദൈവം നിന്നെ കുറവുള്ളവനായി കാണുന്നു.

മകളേ, ദൈവം നിന്നെ തുലാസിൽ തൂക്കി നോക്കുന്നു.

തിരുവചനം പറയുന്നു. "അവൻ ഹൃദയങ്ങളേയും അന്തരിന്ദ്രിയങ്ങളേയും ശോധന ചെയ്യുന്നു." എന്ന് ഏഴാം സങ്കീർത്തനം എട്ടും ഒൻപതും പത്തും വാക്യങ്ങൾ വായിക്കുമ്പോൾ കാണാം.

അവൻ ഹൃദയങ്ങളേയും അന്തരീന്ദ്രിയങ്ങളേയും ശോധന ചെയ്യുന്നു. വെളിപ്പാടു പുസ്തകം രണ്ടാം അദ്ധ്യായം ഇരുപത്തിമൂന്നാം വാക്യം വായിക്കുമ്പോൾ കാണാം. "അവൻ ഹൃദയത്തേയും ഉൾപൂവുകളെയും പരിശോധിക്കുന്നുവല്ലോ" എന്ന്.

ഹൃദയം കാണുന്ന ദൈവം : ദൈവം ഹൃദയത്തെ നോക്കുന്നു. ദൈവം ഹൃദയത്തെ ഉറ്റുനോക്കുന്നു. ദൈവം ഹൃദയത്തിലെ ചിന്തനങ്ങളെ പരിശോധിക്കുന്നു. ദൈവം വിചാരവികാരങ്ങളെ പരിശോധിക്കുന്നു. ദൈവം മനുഷ്യന്റെ പ്രവൃത്തികളെ തൂക്കി നോക്കുന്നു. അവൻ നമ്മെ തൂക്കി നോക്കി കുറവുള്ളവരായി കാണുന്നുണ്ടോ?

മകനേ, ഇന്നു ജീവനുള്ള ദൈവത്തിന്റെ തിരുവചനം നിന്നെ

തൂക്കി നോക്കുന്നു. വചനം എന്ന കണ്ണാടി നിന്റെ നേരെ തിരിച്ചു പിടിച്ചു ആ കണ്ണാടിയിൽ കൂടി നിന്നെത്തന്നെ കാണാൻ ദൈവം നിനക്ക് കൃപ തരുന്നു. ആ കണ്ണാടിയിലേക്കു നീ ഒന്ന് നോക്കുമോ? ആ കണ്ണാടിയിലേയ്ക്ക് നോക്കുമ്പോൾ നിന്റെ സ്വന്തം ജീവിതം നിനക്കു കാണാം.

തിരുവചനമാകുന്ന തൂക്കുകട്ട പിടിക്കുന്നു. തിരുവചന മാകുന്ന ചുവരെഴുത്തു കാണുന്നു. ഈ ചുവരെഴുത്ത് പഠിപ്പിക്കുന്നത് എന്താണ്? ദൈവം നിന്നെ തുലാസ്സിൽ തൂക്കിനോക്കി നിന്നെ കുറവുള്ളവനായി കണ്ടിരിക്കുന്നു എന്നാണ്.

ആമോസ് കണ്ട ദർശനത്തിന്റെ അർത്ഥം എന്താണ്? ഞാൻ എന്റെ ജനമായ യിസ്രായേലിന്റെ നടുവിൽ ഒരു തൂക്കുകട്ട പിടിക്കുന്നു. ഇനി ഞാൻ അവരെ ശിക്ഷിക്കാതെ വിടുകയില്ല.

ദൈവപൈതലേ, ദൈവം നിന്നെ തൂക്കിനോക്കുമ്പോൾ കുറവുള്ളവനായി കാണുന്നുണ്ടോ? ദൈവം നിന്നെ തൂക്കിനോക്കുമ്പോൾ വളവുള്ളവനായി കാണുന്നുണ്ടോ? ദൈവം നിന്റെ മേൽ തൂക്കുകട്ട പിടിക്കുമ്പോൾ നിനക്ക് തെറ്റുപറ്റിയതായി കാണുന്നുണ്ടോ?

എന്നാൽ ഹൃദയങ്ങളെ ശോധന ചെയ്യുന്നവന്റെ മുൻപിൽ മകനേ, നീ അടുത്തു വരുമ്പോൾ നീ എളിമപ്പെടുക, നീ താഴുക, ദൈവപൈതലേ നീ എളിമയോടെ ദൈവത്തോടു പറയു, കർത്താവേ കുറവുകളേറെ സംഭവിച്ചു. പാതകങ്ങൾ ഏറെ, ഏറെക്കാലം ഞാൻ ചെയ്തുപോയി. എന്റെ ദൈവമേ, എന്റെ ജീവിതത്തിൽ, എന്റെ വാക്കിലും എന്റെ പ്രവൃത്തിയിലും എന്റെ ചിന്തയിലും പാപങ്ങൾ സംഭവിച്ചുപോയി. എന്നോടു പൊറുക്കണമെ എനിക്കുവേണ്ടി ക്രൂശിൽ മരിച്ച രക്ഷകാ, എനിക്കുവേണ്ടി ക്രൂശിൽ പിടഞ്ഞ രക്ഷകാ, എന്റെ പാപം പരിഹരിക്കുന്നതിനു വേണ്ടി ക്രൂശിൽ കുറ്റമില്ലാത്ത രക്തം ചിന്തിയ നാഥാ, എന്നോടു മനസ്സലിയണമെ എന്റെ പാപക്കറകൾ ക്ഷമിക്കണമെ. എന്റെ വളവു തീർക്കണമെ, എന്റെ കുറവു പോക്കണമെ, എന്റെ ജീവിതത്തിലെ പാകപ്പിഴകൾ

പരിഹരിക്കണമെ, എനിക്കൊരു മോചനം തരണമെ, എന്റെ പാപങ്ങൾ എന്റെ മേൽ കണക്കിടല്ലേ, നിത്യജീവൻ എനിക്കു നഷ്ടമാകല്ലേ, നിത്യനാശത്തിലേക്കു ഞാൻ പോകരുതേ. നിത്യനരക തീപ്പൊയ്കയിലേക്കു ഞാൻ തള്ളപ്പെടരുതേ. നിത്യദണ്ഡനത്തിലേക്കു ഞാൻ കളഞ്ഞു പോകുവാൻ ഇടവരരുതേ.

നാഥാ, നിത്യ സ്വർഗ്ഗം എനിക്കു നൽകണമേ. എന്റെ പാപങ്ങൾ എന്നോടു ക്ഷമിക്കണമേ. എന്റെ പാപങ്ങൾ പൊറുക്കണമേ. വചനമാകുന്ന തൂക്കുകട്ട പിടിക്കുമ്പോൾ ഞാൻ കുറവുള്ളവനായി കാണപ്പെടുന്നല്ലോ. എന്നോടു പൊറുക്കണമേ, മാപ്പുതരണമേ, ദൈവകരങ്ങളിലേക്ക് ഏല്പിക്കുവിൻ. ദൈവത്തോടു വാക്കുപറയുവിൻ, ദൈവത്തിന്റെ കൃപക്കായി യാചിപ്പിൻ. പാപത്തോടു യാത്ര പറഞ്ഞു പുതിയ ജീവിതം തുടങ്ങുവിൻ. ദൈവനാമം എന്നുമെന്നേക്കും മഹത്വപ്പെടുമാറാകട്ടെ.

## പതിനഞ്ച്

> യഹോവയായ കർത്താവു എനിക്ക് ഒരു കൊട്ട പഴുത്ത പഴം കാണിച്ചുതന്നു. ആമോസേ നീ എന്തുകാണുന്നു ഏന്നു അവൻ ചോദിച്ചതിനു; ഒരു കൊട്ട പഴുത്ത പഴം എന്നു ഞാൻ പറഞ്ഞു. യഹോവ എന്നോടു അരുളിചെയ്തു. എന്റെ ജനമായ യിസ്രായേലിനു പഴുപ്പു വന്നിരിക്കുന്നു. ഞാൻ ഇനി അവരെ ശിക്ഷിക്കാതെ വിടുകയില്ല. അന്നാളിൽ മന്ദിരത്തിലെ ഗീതങ്ങൾ മുറവിളിയാകും എന്നു യഹോവയായ കർത്താവിന്റെ അരുളപ്പാടു.
>
> ആമോസ് 8 : 1–3

ആമോസ് പ്രവാചകന്റെ പുസ്തകത്തിലെ നാലാമത്തെ ദർശനമാണ് ഒരു കൊട്ട പഴുത്ത പഴം . ആമോസ് പ്രവാചകന് ഒരു കൊട്ട പഴുത്ത പഴം കർത്താവ് കാണിച്ചു കൊടുത്തു.

ആമോസേ, നീ എന്തുകാണുന്നു എന്നു ചോദിച്ചു; ഒരു കൊട്ട പഴുത്ത പഴം എന്നു ഞാൻ പറഞ്ഞു.

യിരെമ്യാപ്രവാചകന്റെ പുസ്തകത്തിൽ യിരെമ്യാ പ്രവാചകൻ ദർശനങ്ങൾ കാണുന്നുണ്ട്. യിരെമ്യാ പ്രവാചകൻ കാണുന്ന ദർശനങ്ങളെക്കുറിച്ച് യിരെമ്യാ പ്രവാചകന്റെ പുസ്തകം ഒന്നാം അദ്ധ്യായം പതിനൊന്നാം വാക്യം മുതൽ നാം കാണുന്നു.

“യഹോവയുടെ അരുളപ്പാടു എനിക്കുണ്ടായി; യിരെമ്യാവേ, നീ എന്തു കാണുന്നു എന്നു ചോദിച്ചു. ബദാം (ജാഗ്രത്) വൃക്ഷത്തിന്റെ ഒരു കൊമ്പു കാണുന്നു എന്നു ഞാൻ പറഞ്ഞു. യഹോവ എന്നോടു; നീ കണ്ടതു ശരി തന്നേ, എന്റെ വചനം നിവർത്തിക്കേണ്ടതിനു ഞാൻ ജാഗരിച്ചു കൊള്ളും എന്നു അരുളിച്ചെയ്തു.”

പതിമൂന്നാം വാക്യം മുതൽ :

‘‘യഹോവയുടെ അരുളപ്പാടു രണ്ടാം പ്രാവശ്യം എനിക്കുണ്ടായി: നീ എന്തുകാണുന്നു എന്നു ചോദിച്ചു. തിളയ്ക്കുന്ന ഒരു കലം കാണുന്നു. അതുവടക്കു നിന്നു പ്രത്യക്ഷമായി വരുന്നു എന്നു ഞാൻ പറഞ്ഞു. യഹോവ എന്നോടു: വടക്കു നിന്നു ദേശത്തിലെ സർവ്വനിവാസികൾക്കും അനർത്ഥം വരും.

തിളയ്ക്കുന്ന കലം യിരെമ്യാവു കണ്ടു. ബദാം വൃക്ഷത്തിന്റെ കൊമ്പു യിരെമ്യാവു കണ്ടു. ഇപ്പോൾ ആമോസ് നാലാമത്തെ ദർശനമായി കാണുന്നു. ആമോസ് പ്രവാചകന്റെ പുസ്തകം എട്ടാം അദ്ധ്യായം ഒന്നാം വാക്യം: ഒരു കൊട്ട പഴുത്ത പഴം.

“എന്റെ ജനമായ യിസ്രായേലിന് പഴുപ്പു വന്നിരിക്കുന്നു. ഞാൻ ഇനി അവരെ ശിക്ഷിക്കാതെ വിടുകയില്ല.”

ജനത്തിനു പഴുപ്പുവന്നിരിക്കുന്നു. ജനത്തിനു ചീച്ചിൽ വന്നിരിക്കുന്നു. ജനത്തിനു ജീർണ്ണത സംഭവിച്ചിരിക്കുന്നു. ജനം പഴുത്തുപോയിരിക്കുന്നു. ജനം ഉപയോഗശൂന്യമായി തീർന്നിരിക്കുന്നു.

എന്റെ ജനമായ യിസ്രയേലിന് പഴുപ്പുവന്നിരിക്കുന്നു. ഞാൻ ഇനി അവരെ ശിക്ഷിക്കാതെ വിടുകയില്ല. ദൈവജനമെ, ദൈവം നമ്മുടെ ആന്തരാത്മാവിന്റെ അവസ്ഥ തുറന്നു കാണിച്ചു തരികയാണ്.

ആമോസ് പ്രവാചകന്റെ ഈ ദർശനത്തിലൂടെ മനുഷ്യന്റെ

ആന്തരികസ്ഥിതി ദൈവം തുറന്നു കാണിച്ചുതരികയാണ്. പഴുപ്പു ബാധിച്ച അവസ്ഥ. ഉപയോഗശൂന്യമായ അവസ്ഥ. ഉപയോഗിക്കാൻ കൊളളുകയില്ലാത്ത അവസ്ഥ. ജീവിതം തകർന്നുപോയ അവസ്ഥ. ജീർണ്ണിച്ച് അളിഞ്ഞുപോയ അവസ്ഥ. ദുർഗ്ഗന്ധം വമിക്കുന്ന അവസ്ഥ. അനേകരുടെ ജീവിതം ജീർണ്ണിച്ചു പോയിരിക്കുകയാണ്. നശിച്ചുപോയിരിക്കുകയാണ്. ചീഞ്ഞളിഞ്ഞു പോയിരിക്കുകയാണ്. ജീവിതം താറുമാറായി പ്പോയിരിക്കുകയാണ്.

പാപം ജീവിതത്തെ ഗ്രസിച്ചിരിക്കുകയാണ്. തിന്മയും അനർത്ഥവും അഴുക്കും അശുദ്ധിയും മ്ലേച്ഛതയും ഹീനതയും ജീവിതത്തിൽ നിറഞ്ഞു നില്ക്കുകയാണ്. അസത്യവും വ്യാജവും ജീവിതത്തെ കടന്നു പിടിച്ചിരിക്കുകയാണ്. വക്രതയും വളവും ചൊവ്വില്ലായ്മയും ഏറ്റവും ഹീനമായ മഹാ പാതകങ്ങളും ദുർന്നടപ്പും മനുഷ്യ ജീവിതത്തിൽ അനേകമനേകം അനർത്ഥങ്ങൾ വരുത്തിയിരിക്കുകയാണ്.

ദൈവജനമേ, മനുഷ്യന്റെ അവസ്ഥ ദൈവത്തിന്റെ പരിശുദ്ധാത്മാവ് ചൂണ്ടിക്കാണിച്ചു തരികയാണ്. എന്റെ ജനമായ യിസ്രയേലിനു പഴുപ്പുവന്നിരിക്കുന്നു. ഇനി ഞാൻ അവരെ ശിക്ഷിക്കാതെ വിടുകയില്ല.

നാലാമത്തെ ദർശനം ഒരു കൊട്ട പഴുത്ത പഴം.

അഞ്ചാമത്തെ ദർശനം എന്താണ്? അത് ഇതിനോട് ബന്ധപ്പെട്ട ദർശനമാണ്. ഒൻപതാം അദ്ധ്യായം ഒന്നാം വാക്യം മുതൽ.

“യഹോവ യാഗപീഠത്തിന്നു മീതെ നില്ക്കുന്നതു ഞാൻ കണ്ടു. അവൻ അരുളിചെയ്തതെന്തെന്നാൽ; ഉത്തരങ്ങൾ കുലുങ്ങുമാറു നീ പോതികയെ അടിക്ക; അവ എല്ലാവരുടെയും തലമേൽ വീഴുവാൻ തക്കവണ്ണം തകർത്തുകളക; അവരുടെ സന്തതിയെ ഞാൻ വാൾകൊണ്ടുകൊല്ലും; അവരിൽ ആരും ഓടിപ്പോകയില്ല; അവരിൽ ആരും വഴുതിപ്പോകയുമില്ല. അവർ പാതാളത്തിൽ തുരന്നുകടന്നാലും അവിടെ നിന്നു എന്റെ കൈ

അവരെ പിടിക്കും; അവർ ആകാശത്തിലേക്കു കയറിപ്പോയാലും അവിടെ നിന്നു ഞാൻ അവരെ ഇറക്കും."

ദൈവത്തിന്റെ ന്യായവിധിയുടെ ദർശനം. പാതാളത്തിൽ തുരന്നു കടന്നാലും നക്ഷത്രങ്ങളുടെ ഇടയിൽ കൂടുവെച്ചാലും അവിടെ നിന്നും ഞാൻ നിന്നെ ഇറക്കുമെന്ന് യഹോവ അരുളിച്ചെയ്യുന്നു. മനുഷ്യാ, നിനക്കു മറഞ്ഞിരിപ്പാൻ സാധ്യമല്ല. ദൈവത്തിന്റെ ന്യായവിധിയുടെ മുൻപിൽ എല്ലാ മുഴങ്കാലും മടങ്ങേണ്ടിവരും. എല്ലാ വായും അടഞ്ഞുപോകും. ആർക്കും പ്രത്യുത്തരം പറവാൻ കഴിവില്ലാതെ വരും. എല്ലാ നാവും അടയും.

> ''സ്വർല്ലോകരുടെയും, ഭൂലോകരുടേയും, അധോലോകരുടെയും മുഴങ്കാലൊക്കെയും ദൈവത്തിന്റെ സന്നിധിയിൽ മടങ്ങും."
>
> ഫിലിപ്പി 2 : 10

ജീവനുള്ള ദൈവത്തിന്റെ ന്യായവിധിയിൽ നിന്നു ആർക്കും തെറ്റി ഒഴിയാൻ സാധ്യമല്ല. മനുഷ്യന്റെ പാപത്തിനു ശിക്ഷയുണ്ട്. ദൈവം ന്യായവിധിയുടെ ന്യായാസനം കാണിച്ചു കൊടുക്കുകയാണ് പ്രവാചകന്.

"ഉത്തരങ്ങൾ കുലുങ്ങുമാറു നീ പോതികയെ അടിക്ക; അവ എല്ലാവരുടെയും തലമേൽ വീഴുവാൻ തക്കവണ്ണം തകർത്തുകളക; അവരുടെ സന്തതിയെ ഞാൻ വാൾകൊണ്ടുകൊല്ലും ; അവരിൽ ആരും ഓടിപ്പോകയില്ല, അവരിൽ ആരും വഴുതിപ്പോകയുമില്ല. അവർ പാതാളത്തിൽ തുരന്നുകടന്നാലും അവിടെ നിന്നു എന്റെ കൈ അവരെ പിടിക്കും; അവർ ആകാശത്തിലേക്കു കയറിപ്പോയാലും അവിടെ നിന്നു ഞാൻ അവരെ ഇറക്കും."

അവർ എവിടെയെല്ലാം കയറിപ്പോയാലും അവരെ അവിടെ നിന്നു ഇറക്കുമെന്ന് ദൈവം അരുളിച്ചെയ്യുന്നു.

ഓബദ്യാവിന്റെ പുസ്തകം നാലാം വാക്യത്തിൽ - ഒരു അദ്ധ്യായം മാത്രമുള്ള പുസ്തകമാണ് ഓബദ്യാവിന്റെ പുസ്തകം - ഇങ്ങനെ പറയുന്നു.

“നിന്റെ ഹൃദയത്തിന്റെ അഹങ്കാരം നിന്നെ ചതിച്ചിരിക്കുന്നു. നീ കഴുകനെപ്പോലെ ഉയർന്നാലും നക്ഷത്രങ്ങളുടെ ഇടയിൽ കൂടുവെച്ചാലും, അവിടെ നിന്നു ഞാൻ നിന്നെ ഇറക്കും എന്നു യഹോവയുടെ അരുളപ്പാട്.”

കഴുകനെപ്പോലെ ചിറകടിച്ച് പറന്നുയരാം; നക്ഷത്രങ്ങളുടെ ഇടയിൽ കൂടു വെയ്ക്കാം. ബഹിരാകാശ യാത്രകൾ നടത്താം. ബഹിരാകാശത്തിലേയ്ക്ക് ബഹിരാകാശ വാഹനങ്ങളിൽ പറക്കാം ചന്ദ്രനിലേയ്ക്കോ ചൊവ്വയിലേയ്ക്കോ യാത്ര ചെയ്യാം. ചന്ദ്രനിൽ കൊടി കുത്താം.

നീ നക്ഷത്രങ്ങളുടെ ഇടയിൽ കൂടുവെച്ചു എന്നു വരാം. പക്ഷേ അവിടെനിന്ന് ഞാൻ നിന്നെ ഇറക്കും. എന്റെ ന്യായവിധിയുടെ മുന്നിലേയ്ക്ക് ഞാൻ നിന്നെ ആനയിക്കുമെന്ന് യഹോവ അരുളിച്ചെയ്യുന്നു.

മനുഷ്യന്റെ പാപത്തിന് ശിക്ഷാവിധിയുണ്ട്. മനുഷ്യന്റെ പാപത്തിന് ഭായാനകമായ ശിക്ഷ അവൻ അനുഭവിക്കേണ്ടിവരും എന്ന് ജീവനുള്ള ദൈവം അരുളിച്ചെയ്യുകയാണ്. മനുഷ്യന് ദൈവത്തെ തോൽപ്പിക്കാൻ സാധ്യമല്ല. മനുഷ്യന് രക്ഷപ്പെടാൻ സാധ്യമല്ല.

മനുഷ്യൻ ചെയ്യുന്ന പാപത്തിനു അവൻ ശിക്ഷ അനുഭവിക്കേണ്ടി വരും എന്നത്രേ നിത്യനായ ദൈവം അരുളിച്ചെയ്യുന്നത്. നിന്നെ അവിടുന്ന് ഇറക്കുമെന്ന് ദൈവം അരുളിച്ചെയ്യുന്നു. ദൈവത്തിന്റെ ന്യായത്തിനു മുൻപിൽ എല്ലാവരും വന്നു ചേരേണ്ടി വരും.

> “പാറപ്പിളർപ്പുകളിൽ പാർത്തു കുന്നുകളുടെ മുകൾ പിടിച്ചുകൊണ്ടിരിക്കുന്നവനെ, നിന്റെ ഭയങ്കരത്വം വിചാരിച്ചാൽ നിന്റെ ഹൃദയത്തിലെ അഹങ്കാരം നിന്നെ ചതി

ച്ചിരിക്കുന്നു; നീ കഴുകനെപ്പോലെ നിന്റെ കൂട് ഉയരത്തിൽ വെച്ചാലും അവിടെ നിന്നു ഞാൻ നിന്നെ താഴെ ഇറങ്ങുമാറാക്കും എന്നു യഹോവയുടെ അരുളിപ്പാട്."
യിരെമ്യാവ് 49 : 16

നീ കഴുകനെപ്പോലെ നിന്റെ കൂട് ഉയരത്തിൽ വെച്ചാലും നീ എവിടെപ്പോയി ഒളിച്ചാലും അവിടെ നിന്നു നിന്നെ താഴേയ്ക്ക് ഇറങ്ങുമാറാക്കും എന്നു യഹോവ അരുളിച്ചെയ്യുന്നു.

ദൈവജനമേ, അഹങ്കാരത്തിൽ മദിച്ചു കൂത്താടുന്നവർ, അഹന്തകൊണ്ട് ആരേയും എതിർക്കുന്നവർ, ആരോടും തർക്കുത്തരം പറയുന്നവർ, ഹീനകൃത്യം പോലും ചെയ്യാൻ മടി കാണിക്കാത്തവർ, പാവപ്പെട്ടവനെ ഉപദ്രവിക്കാനോ, നിസ്സഹായനെ അപകടപ്പെടുത്തുവാനോ മടിയില്ലാത്തവർ. നിന്റെ ഹൃദയത്തിന്റെ അഹങ്കാരം നിന്നെ ചതിക്കുന്നു എന്ന ദൈവത്തിന്റെ വചനം ശ്രദ്ധിക്കുക.

ദൈവത്തിന്റെ വചനം പറയുന്നു : നിനക്കു ദൈവത്തെ ഒളിക്കാൻ സാധ്യമല്ല. നിനക്കു ദൈവത്തെ മറയ്ക്കാൻ സാധ്യമല്ല. മകനേ, നിന്റെ ഹൃദയത്തിലെ അഹങ്കാരം നിന്നെ ചതിച്ചിരിക്കുന്നു ആകയാൽ നീ മനം തിരിയുക. ദൈവകൃപയിലേയ്ക്ക് മടങ്ങിവരിക. നീ ഇപ്പോൾ തന്നെ ദൈവത്തോട് നിരന്നുകൊൾക.

ന്യായവിധിയുടെ ഒരു വലിയ ദർശനം പ്രവാചകൻ അഞ്ചാമത് കാണുകയാണ്. ന്യായാസനത്തിന്റെ ദർശനം. എന്നാൽ ദൈവപൈതലേ, ഈ ന്യായാസനത്തിന്റെ ദർശനം കാണുമ്പോൾ ഒരു കാര്യം നീ അറിഞ്ഞുകൊൾക. ഇന്നു ക്രിസ്തു കൃപാസനത്തിലാണ്. ഇന്നു ഏതു പാപിക്കും മാനസാന്തരപ്പെടാം. ഏതു പാപിക്കും അനുതപിക്കാം. ഏതു അധമ പാപം ചെയ്തവനും, ഏത് ഹീനകൃത്യം ചെയ്തവനും ഇന്നു ദൈവത്തിന്റെ കരുണയ്ക്കായി യാചിക്കാം.

ഇന്നു കൃപാസനത്തിൽ അവൻ ഇരിക്കുകയാണ്. അവൻ ന്യായാസനത്തിലേയ്ക്കു മാറുന്നതിനു മുൻപ് കൃപാസനത്തിൽ

ഇരിക്കുമ്പോൾ, കൃപാസനത്തിന് അരികിലേയ്ക്ക് കരുണതേടി ഓടി വരിക. പെട്ടകത്തിൽ കയറിക്കൊൾക. ദൈവത്തോട് നീ വാക്കു പറയുക.

കർത്താവെ, ഇത്രയും കാലം ഞാൻ പാഴാക്കിക്കളഞ്ഞു. ഇത്രയും കാലം തിൻമയുടെ അടിമയായി ഞാൻ ജീവിച്ചു പോയി. പൈശാചികന്റെ ബന്ധനത്തിൽ കുടുങ്ങിപ്പോയി. എന്റെ നാഥാ, നീ എന്നോട് ക്ഷമിക്കണമേ. കർത്താവേ, നീ എനിക്കു മാപ്പു തരണമേ, എന്റെ ജീവിതത്തിൽ വന്നുപോയ പാകപ്പിഴ കൾ എന്റെ മേൽ കണക്കിടല്ലേ. അകൃത്യങ്ങൾ എന്നോട് ഓർക്ക ല്ലേ. നിന്റെ സന്നിധിയിലേയ്ക്ക് ഞാൻ ഇതാ കൃപ തേടി വരു ന്നു, കരുണ തേടി വരുന്നു, അനുഗ്രഹം തേടി വരുന്നു. നിന്റെ തിരുരക്തത്താൽ എന്നെ കഴുകണമേ, എന്നെ വിശുദ്ധീകരിക്ക ണമേ. ന്യായവിധി നാളിൽ ഞാൻ ലജ്ജിതനായി നിൽപ്പാൻ ഇട വരരുതേ. എന്റെ കർത്താവേ നിത്യ അന്ധകാരത്തിലേയ്ക്കു പോകുവൻ എനിക്ക് ഇട വരരുതേ.

നാഥാ, ഇന്നു ഞാൻ കൃപാസനത്തിനു മുൻപാകെ വരുന്നു. എനിക്കു വേണ്ടി ക്രൂശിൽ മരിച്ച യേശുവേ, നിന്റെ തിരു രക്ത ത്തിൽ ശരണപ്പെട്ടുകൊണ്ട് കുരിശിന്റെ താഴ്വരയിലേയ്ക്ക് ഞാൻ ഇതാ വരുന്നു. നിന്റെ പാദപീഠത്തിൽ ഞാൻ ഇതാ ആശ്രയിക്കു ന്നു. എന്നെ കഴുകേണമേ, എന്നെ വെടിപ്പാക്കണമേ, എന്നെ വിശുദ്ധീകരിക്കണമേ, എന്റെ മേൽ എന്റെ അകൃത്യങ്ങൾ കണ ക്കിടരുതേ.

ഇന്നു മുതൽ ഞാൻ ഒരു പുതിയ സൃഷ്ടിയായി ജീവിക്കു മെന്ന് ഞാൻ നിന്നോടിപ്പോൾ വാക്കു പറയുന്നു. തിരുരക്ത ത്താൽ എന്നെ കഴുകണമേ, തിരുനാമം മഹത്വപ്പെടണമേ. എല്ലാ നന്മകളാലും എന്നെ നിറയ്ക്കണമേ.

നമുക്ക് പ്രാർത്ഥിക്കാം, ദൈവത്തിന്റെ കരങ്ങളിലേയ്ക്ക് ഏൽപ്പിക്കാം. പുതിയ ജീവിതം ഇവിടെ തുടങ്ങാം. പുതിയ അനു ഭവത്തിലേയ്ക്ക് നമുക്ക് കടന്നു വരാം. ക്രിസ്തുവിനെ ഹൃദയ ത്തിൽ നമുക്ക് സ്വീകരിക്കാം. ക്രിസ്തു ഉള്ളവരായി നമുക്ക്

ജീവിക്കാം. ദൈവനാമം എന്നും എന്നേയ്ക്കും മഹത്വപ്പെടുമാറാകട്ടെ.

## പതിനാറ്

"വീണുപോയ ദാവീദിൻ കൂടാരത്തെ ഞാൻ അന്നാളിൽ നിവർത്തുകയും അതിന്റെ പിളർപ്പുകളെ അടയ്ക്കയും അവന്റെ ഇടിവുകളെ തീർക്കുകയും അതിനെ പുരാതനകാലത്തിൽ എന്നപോലെ പണിയുകയും ചെയ്യും എന്നാകുന്നു ഇത് അനുഷ്ഠിക്കുന്ന യഹോവയുടെ അരുളപ്പാട്. ഉഴുന്നവൻ കൊയ്യുന്നവനേയും മുന്തിരിപ്പഴം ചവിട്ടുന്നവൻ വിതക്കുന്നവനേയും തുടർന്നെത്തുകയും പർവ്വതങ്ങൾ പുതുവീഞ്ഞു പൊഴിക്കയും എല്ലാ കുന്നുകളും ഉരുകിപ്പോകയും ചെയ്യുന്ന നാളുകൾ വരും എന്ന് യഹോവയുടെ അരുളപ്പാട്. അപ്പോൾ ഞാൻ എന്റെ ജനമായ യിസ്രായേലിന്റെ പ്രവാസികളെ മടക്കി വരുത്തും; ശൂന്യമായിപ്പോയിരുന്ന പട്ടണങ്ങളെ അവർ പണിതു പാർക്കയും മുന്തിരിത്തോട്ടങ്ങൾ ഉണ്ടാക്കി അവയിലെ വീഞ്ഞു കുടിക്കയും തോട്ടങ്ങൾ ഉണ്ടാക്കി അവയിലെ ഫലം അനുഭവിക്കയും ചെയ്യും. ഞാൻ അവരെ അവരുടെ ദേശത്തു നടും; ഞാൻ അവർക്കു കൊടുത്തിരിക്കുന്ന ദേശത്തുനിന്ന് അവരെ ഇനി പറിച്ചു കളയുകയില്ല എന്നു നിന്റെ ദൈവമായ യഹോവ അരുളിച്ചെയ്യുന്നു."

ആമോസ് 9 : 12-15

ആമോസ് പ്രവാചകന്റെ പുസ്തകത്തിലെ ആറാമത്തെ

ദർശനം വീണുപോയ ദാവീദിൻ കൂടാരത്തെ നിവർത്തുന്നതാണ്. കൂടാരം വീണുപോയിരുന്നു. അത് തകർന്നു പോയിരുന്നു. കൂടാരം നിലംപൊത്തിപ്പോയിരുന്നു. എന്നാൽ വീണുപോയ ദാവീദിൻ കൂടാരത്തെ ദൈവം നിവർത്തുകയാണ്. അതിന്റെ ഇടിവുകളെ ദൈവം നന്നാക്കുകയാണ്. അതിന്റെ പിളർപ്പുകളെ ദൈവം അടയ്ക്കുകയാണ്.

ഇടിവുകളെ ദൈവം തീർക്കുകയാണ്. പുരാതന കാലത്തിൽ എങ്ങനെ ശോഭനമായിരുന്നുവോ, അതേ നിലവാരത്തിൽ ദൈവം അതിനെ പുതുക്കിപ്പണിയുകയാണ്. യഥാസ്ഥാനപ്പെടുത്തുന്ന ദൈവസ്നേഹത്തെക്കുറിച്ചുള്ള ദർശനമാണ് ആമോസ് പ്രാവാചകൻ ഒടുവിൽ കാണുന്നത്.

ഇതുവരെ കണ്ട ദർശനങ്ങളൊക്കെയും വരുന്ന ശിക്ഷകളെക്കുറിച്ചുള്ളതാണ്. മനുഷ്യന്റെ പാപത്തിന് ശിക്ഷയുണ്ട് എന്നതാണ് ഇതിനു മുൻപു കണ്ട അഞ്ചു ദർശനവും.

വിട്ടിലിന്റെ ദർശനം മനുഷ്യനു വരുന്ന നാശത്തിന്റെ അനുഭവം പ്രകടിപ്പിക്കുന്ന ദർശനമാണ്.

തീയുടെ ദർശനം മനുഷ്യനു വരുന്ന ശിക്ഷയെ സൂചിപ്പിക്കുന്ന ദർശനമാണ്.

തൂക്കുകട്ടയുടെ ദർശനം ദൈവം മനുഷ്യനെ തൂക്കി നോക്കി കുറവുള്ളവനായി കണ്ടിരിക്കുന്നു, ശിക്ഷ പിന്നാലെ വരുന്നു എന്നു ചൂണ്ടിക്കാണിക്കുന്ന ദർശനമാണ്.

പഴുത്ത പഴത്തിന്റെ ദർശനം, ഒരു കൊട്ട പഴുത്ത പഴത്തിന്റെ ദർശനം, അതു മനുഷ്യജീവിതത്തിൽ വന്നുപോയ ചീച്ചിലിനെ ചൂണ്ടിക്കാണിക്കുന്ന ദർശനമാണ്. ശിക്ഷ വരുന്നു എന്നാണ് സൂചന.

എന്നാൽ അഞ്ചാമത്തെ ദർശനം യാഗപീഠത്തിന്റെ മീതെ നില്ക്കുന്ന ദൈവം നൽകുന്ന ന്യായ വിധിയുടെ ദർശനം; അത് ശിക്ഷ മനുഷ്യന്റെ മേൽ വരുമെന്നും അഹങ്കാരത്തിന് ശിക്ഷയുണ്ടെന്നും അരുളിച്ചെയ്യുന്ന ദർശനമാണ്. ഈ അഞ്ചു ദർശനവും കഴിഞ്ഞു ഇപ്പോൾ ആറാമത്തെ ദർശനത്തിൽ ഇടി

ഞ്ഞുപോയ ദാവീദിൻ കൂടാരത്തെ ദൈവം നിവർത്തുന്നു എന്നു പറയുന്നു.

അതിന്റെ പിളർപ്പുകളെ അടയ്ക്കുമെന്ന് പറയുന്നു. അതിന്റെ ഇടിവുകളെ തീർക്കുമെന്ന് പറയുന്നു. അതിനെ പുരാതനകാലത്തിൽ എന്നപോലെ പണിയും എന്നു പറയുന്നു.

ദൈവത്തിന്റെ കരുണയാണ് നാം കാണുന്നത്. പാപത്തെ ഓർത്ത് അനുതപിക്കുമ്പോൾ, ദൈവം പാപത്തിന്റെ മേലുള്ള ശിക്ഷ മാറ്റിത്തരുന്നു എന്നത്രേ ഇതു കാണിക്കുന്നത്. ദൈവം യഥാസ്ഥാനപ്പെടുത്തുന്നു. ഇനിയും കൃഷിയും വിതയും നടക്കും. മുന്തിരിത്തോട്ടങ്ങൾ വെച്ചു പിടിപ്പിക്കും. ഇനിയും യിസ്രായേൽ ജനപ്രവാസികൾ മടങ്ങി വരും. മാത്രമല്ല ഇനിയും പുതുവീഞ്ഞു പൊഴിക്കും. കുന്നുകൾ ഉരുകിപ്പോകും. മാത്രമല്ല ഇനിയും മുന്തിരിത്തോട്ടങ്ങൾ ഉണ്ടാകും. പട്ടണങ്ങളെ പണിത് അതിൽ പാർക്കും. വീഞ്ഞു കുടിക്കും. തോട്ടങ്ങൾ ഉണ്ടാക്കി അതിന്റെ ഫലം അനുഭവിക്കും. എല്ലാ അനുഗ്രഹങ്ങളും സമൃദ്ധിയായി മടക്കിക്കിട്ടും എന്നത്രേ ആമോസ് പ്രാവചകന്റെ പുസ്തകത്തിന്റെ ആറാമത്തെ ദർശനം, നമുക്ക് തരുന്ന സ്വർഗ്ഗീയമായ അനുഗൃഹീത വചനം.

അനുതപിക്കുന്ന പാപിയെ കൈക്കൊള്ളുന്ന ദൈവത്തിന്റെ സ്നേഹം. ദാവീദിന്റെ പാപം ദൈവം ക്ഷമിച്ചു, പത്രോസിന്റെ പാപം ദൈവം ക്ഷമിച്ചു, യോനാ പ്രവാചകന്റെ പാപം ദൈവം ക്ഷമിച്ചു, പാപം ക്ഷമിക്കുന്ന ഒരു ദൈവം.

മീഖാ പ്രവാചകന്റെ പുസ്തകം ഏഴാം അദ്ധ്യായത്തിന്റെ പതിനെട്ടും പത്തൊൻപതും വാക്യങ്ങൾ വായിക്കുമ്പോൾ നാം കാണുന്നു.

“അകൃത്യം ക്ഷമിക്കുകയും തന്റെ അവകാശത്തിൽ ശേഷിപ്പുള്ളവരോട് അതിക്രമം മോചിക്കയും ചെയ്യുന്ന നിന്നോട് സമനായ ദൈവം ആരുള്ളു? അവൻ എന്നേക്കും കോപം വച്ചുകൊള്ളുന്നില്ല. ദയയിലല്ലോ അവന്നു പ്രസാദമുള്ളത്. അവൻ നമ്മോട് വീണ്ടും കരുണ കാണിക്കും, നമ്മുടെ അകൃ

ത്യങ്ങളെ ചവിട്ടിക്കളയും. അവരുടെ പാപങ്ങളെ ഒക്കെയും നീ സമുദ്രത്തിന്റെ ആഴത്തിൽ ഇട്ടുകളയും.

മകനേ, നിന്റെ പാപങ്ങൾ ക്ഷമിക്കുന്ന ഒരു സ്നേഹം ഇന്നും ജീവിക്കുന്നു. ഗോഗുൽത്തായിലെ സ്നേഹം, കാൽവ റിക്രൂശിലെ സ്നേഹം, പാപിയെ വീണ്ടെടുക്കുന്ന സ്നേഹം, അശുദ്ധനെ വിശുദ്ധനാക്കുന്ന സ്നേഹം, നഷ്ടപ്പെട്ടു പോയ തിനെ വീണ്ടും തിരികെ പ്രാപിക്കുന്ന സ്നേഹം, നിന്നെ തേടിവരികയാണ്. ദൈവപൈതലേ, നിന്റെ ഹൃദയ വാതി ല്ക്കൽ വന്ന് മുട്ടുകയാണ്.

എന്റെ മകനേ, 'നിന്റെ ഹൃദയം എനിക്കു തരിക' എന്ന് കെഞ്ചിക്കൊണ്ട് പാപമില്ലാത്തൊരു പുതിയ ജീവിതം നിനക്ക് തരാം എന്ന് വാക്കുപറഞ്ഞുകൊണ്ട് നിത്യനായ ക്രിസ്തു നിന്റെ ഹൃദയത്തിന്റെ വാതിൽക്കൽ യാചിച്ചുകൊണ്ട് നിൽക്കുകയാണ്. ദൈവത്തെ നീ പറഞ്ഞുവിടല്ലേ, ദൈവത്തെ നീ ഉപേക്ഷിക്കല്ലേ, ദൈവത്തോട് നീ നിന്റെ പാപങ്ങൾ ഏറ്റുപറഞ്ഞു കരുണയ്ക്ക് വേണ്ടി യാചിപ്പിൻ.

യോഹന്നാന്റെ സുവിശേഷം ഏഴാം അദ്ധ്യായം ഒടുവി ലത്തെ വാക്യവും എട്ടാം അദ്ധ്യായത്തിന്റെ ഒന്നാം വാക്യവും വായിക്കുമ്പോൾ നാം കാണുന്നു. ഏഴാം അദ്ധ്യായത്തിന്റെ ഒടുവിലത്തെ വാക്യം.

അങ്ങനെ ഓരോരുത്തൻ താന്താന്റെ വീട്ടിലേയ്ക്കുപോയി എട്ടാം അദ്ധ്യായം ഒന്നാം വാക്യം : "യേശുവോ ഒലിവ് മല യിലേക്കു പോയി."

ഏഴാം അദ്ധ്യായം തീരുന്നത് "ഓരോരുത്തൻ താന്താന്റെ വീട്ടിലേയ്ക്ക് പോയി" എന്നാണ്. എട്ടാം അദ്ധ്യായം, ആദ്യ വാക്യം തുടങ്ങുന്നത് യേശുവോ ഒലിവ് മലയിലേയ്ക്ക് പോയി.

യേശുവിന് പോകാൻ ഇടമില്ല. എല്ലാവർക്കും പോകാൻ വീടുകളുണ്ട്. എല്ലാവരും അവരവരുടെ വീടുകളിലേയ്ക്ക് പോയി. എല്ലാവർക്കും കിടപ്പാടമുണ്ട്. എന്നാൽ യേശുവോ

നോക്കിനിൽക്കുന്നു. നെടുകേയും കുറുകേയും അനേകർ നടന്നു നീങ്ങുന്നത് കർത്താവ് കാണുന്നു. എല്ലാവരും പിരിഞ്ഞു പോകുന്നു. ആരെങ്കിലും നിന്ന് യേശുവേ നീ എന്റെ കൂടെവരണമെ എന്ന് പറയുമോ? യേശു ആശ യോടെ നോക്കി നിൽക്കുകയാണ്.

യേശുവിനെ കൈക്കൊള്ളാൻ ആരെങ്കിലും ഉണ്ടോ? യേശു ആശയോടെ നോക്കുകയാണ്. ദൈവജനമേ,

> "യേശുവിനെ കൈക്കൊണ്ട് അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കളാകുവാൻ അവൻ അധികാരം കൊടുത്തു."
>
> യോഹ 1 : 12

യേശുവിനെ കൈക്കൊള്ളുക. അവന്റെ നാമത്തെ വിശ്വ സിക്കുക. എങ്കിൽ ദൈവത്തിന്റെ മകനാകാം, ദൈവത്തിന്റെ മകളാകാം.

> "അവനെ കൈക്കൊണ്ട് അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കളാകുവാൻ അവൻ അധികാരം കൊടുത്തു." യോഹ 1 : 12

യേശുവിനെ ആരെങ്കിലും ക്ഷണിക്കുന്നുണ്ടോ എന്ന് യേശു നോക്കി. "കർത്താവിന് വഴി ഒരുക്കുവിൻ അവന്റെ പാത നിരപ്പാക്കുവിൻ." പാത നിരപ്പാക്കിക്കൊണ്ട്, വഴി ഒരുക്കി ക്കൊണ്ട് യേശുവിനെ ആരെങ്കിലും കൈകൊള്ളുമോ? നിത്യ നായ ദൈവപുത്രൻ നമ്മുടെ മുൻപാകെ വന്ന് കെഞ്ചി ക്കൊണ്ട് നിൽക്കുകയാണ്.

മകനേ, നിന്റെ ഹൃദയം എനിക്കു തരിക. ഞാൻ നിന്റെ മാറിൽ തല ചായ്ക്കട്ടെ, ഞാൻ നിന്റെ ഹൃദയത്തിൽ വിശ്ര മിക്കട്ടെ. എനിക്ക് റോമൻ സർക്കാർ തന്നത് രണ്ട് മരക്ക ഷണമാണ്. കുരിശാണ്. കുരിശിൽ ഞാൻ തലചായ്ച്ചു. മകനേ എന്നാൽ ഇന്ന് തലചായ്ക്കാൻ നിന്റെ ഹൃദയം നീ എനിക്ക് തരുമോ? ഞാൻ ഒന്നു വിശ്രമിക്കട്ടെ.

ആകാശത്തിലെ പറവജാതിയ്ക്ക് കൂടുണ്ട്. കാട്ടിലെ കുറുനരിക്ക് ഗുഹകളും കഴികളും ഉണ്ട്. എനിയ്ക്ക് തല ചായ്പ്പാൻ ഇടമില്ല. മനുഷ്യ പുത്രന് തലചായ്പ്പാൻ ഇടമില്ല എന്നു പറഞ്ഞുകൊണ്ട് ക്രിസ്തു ഓരോ മനുഷ്യ ഹൃദയത്തിന്റേയും മുൻപിൽ മുട്ടിക്കൊണ്ടു നിൽക്കുകയാണ്.

ദൈവപൈതലേ, ഇപ്പോൾ ക്രിസ്തുവിനു വേണ്ടി നിന്റെ ഹൃദയത്തെ നീ തുറക്കുമോ? എങ്കിൽ ഇടിഞ്ഞുപോയ ദാവീദിൻകൂടാരത്തെ ദൈവം വീണ്ടും പണിയും. വീണുപോയ ദാവീദിൻകൂടാരത്തെ ദൈവം വീണ്ടും നിവർത്തും. അതിന്റെ പിളർപ്പുകളെ ദൈവം അടച്ചു കളയും. അതിന്റെ ഇടിവുകളെ ദൈവം തീർത്തു തരും. അതിനെ പുരാതനകാലത്തിലെന്ന പോലെ പണിയും.

ഇന്ന് ദൈവപൈതലേ, പഴയകാല സൗഭാഗ്യം നിനക്ക് വേണമോ? നഷ്ടപ്പെട്ടു പോയ നല്ല കാലങ്ങൾ നിനക്കു വേണമോ? നിന്റെ ജീവിതത്തിൽ പഴായിപ്പോയ കാലങ്ങൾക്ക് നിനക്ക് പകരം കിട്ടണമോ?

യോവേൽ പ്രവാചകന്റെ പുസ്തകം ഒന്നാം അദ്ധ്യായം നാലാം വാക്യം :

“തുള്ളൻ ശേഷിപ്പിച്ചത് വെട്ടുക്കിളി തിന്നു; വെട്ടുക്കിളി ശേഷിപ്പിച്ചത് വിട്ടിൽ തിന്നു; വിട്ടിൽ ശേഷിപ്പിച്ചത് പച്ചപ്പുഴു തിന്നു.”

എന്താണിതിന്റെ അർത്ഥം? ഒരു വലിയ തോട്ടം; ഒരു വയല്. വയലിൽ നെല്ലോ, ഗോതമ്പോ വളർന്നു നിൽക്കുന്നു. ആദ്യം തുള്ളൻ എന്നു പറയുന്ന ഒരു പ്രാണി വന്നു. എല്ലാം നശിപ്പിച്ചു കളഞ്ഞു, എല്ലാം മെതിച്ചു കളഞ്ഞു; എല്ലാം ഒടിഞ്ഞു തൂങ്ങി വളഞ്ഞു ചാഞ്ഞുപോയി. കൃഷി എല്ലാം അപകടത്തിലായി. ഉടമസ്ഥന്റെ ചങ്ക് അലച്ചു. ദുഃഖത്തോടെ നോക്കി നിന്നു, എങ്കിലും ഓർത്തു. ഏതാനും നാളുകൾ കഴിയുമ്പോൾ ഇതെല്ലാം നേരെയാകും, എല്ലാം ചൊവ്വാകും, എല്ലാം ഭംഗിയാകും. പ്രതീക്ഷിച്ചു, പക്ഷേ, പിന്നെ വന്നപ്പോൾ കണ്ടത് സങ്കടകരമായ കാഴ്ചയാണ്.

തുള്ളൻ ശേഷിപ്പിച്ചത് വെട്ടുക്കിളി തിന്നു. വെട്ടുക്കിളി പറ്റം പറ്റമായി പറന്നു വന്നു. എല്ലാം നശിപ്പിച്ചു. എല്ലാം തകർത്തു കളഞ്ഞു. പച്ചയായതു പലതും തിന്ന് ഒടുക്കിക്കളഞ്ഞു. അപ്പോഴും ഉടമസ്ഥൻ ഓർത്തു : സാരമില്ല ഇനിയും അതിന്റെ ചുവടെയുള്ള ആ തണ്ട് ഉണ്ടല്ലോ, തണ്ടിൽ നിന്നും ഇനിയും പുതുമുളകൾ പൊട്ടുമല്ലോ. പ്രതീക്ഷിച്ചു, പക്ഷേ, അടുത്ത പ്രാവശ്യം വന്നപ്പോൾ കണ്ടു, വെട്ടുക്കിളി ശേഷിപ്പിച്ചത് വിട്ടിൽ തിന്നു.

വിട്ടിൽ വന്ന് അതിന്റെ തണ്ടെല്ലാം തുരന്നുകളഞ്ഞു. എല്ലാം നശിപ്പിച്ചുകളഞ്ഞു. വീണ്ടും വലിയ നാശം വന്നു. സാരമില്ല ചുവട്ടിൽ നിന്ന് പടുമുള മുളയ്ക്കുമോ? പടുമുള മുളച്ച് അതിൽ ചെറിയ കതിരെങ്കിലും ഉണ്ടാകുകയില്ലേ? സാരമില്ല. ആശയോടെ പോയി. അടുത്ത പ്രാവശ്യം വന്നപ്പോൾ വിട്ടിൽ ശേഷിപ്പിച്ചത് പച്ചപ്പുഴു തിന്നു.

ഒന്നും ബാക്കിയില്ല. വയലെല്ലാം തകർന്നു കിടക്കുന്നു. എല്ലാം നശിച്ചു കിടക്കുന്നു. ഇതു മനുഷ്യ ജീവിതത്തിന്റെ ചിത്രമാണ്. മനുഷ്യ ജീവിതത്തിന്റെ ഭയാനകമായ ചിത്രമാണ്, ദൈവത്തിന്റെ പരിശുദ്ധാത്മാവ് വരച്ചിരിക്കുന്നത്. ഒരു പാപം കഴിഞ്ഞ് വേറൊരു പാപം വരുന്നു. ആ പാപം കഴിഞ്ഞ് പിന്നെ ഒരു പാപം വരുന്നു.

തുള്ളൻ ശേഷിപ്പിച്ചത് വെട്ടുക്കിളി തിന്നു; വെട്ടുക്കിളി ശേഷിപ്പിച്ചത് വിട്ടിൽ തിന്നു; വിട്ടിൽ ശേഷിപ്പിച്ചത് പച്ചപ്പുഴു തിന്നു. എല്ലാം നശിച്ച് നാനാവിധമായിപ്പോയി. ജീവിതം ആകെ തകർന്നുപോയി. കടബാദ്ധ്യതകൾ വന്നുകൂടിപ്പോയി. രോഗം വന്ന് ഗ്രസിച്ചുപോയി. സകലവിധ അനർത്ഥങ്ങളും വന്നുപോയി. ശരീരം പാപത്തിന് വിട്ടുകൊടുത്തുപോയി. മദ്യത്തിന്റെയും കഞ്ചാവിന്റെയും മയക്കുമരുന്നിന്റെയും അടിമയായിപ്പോയി. ചീട്ടുകളി സംഘങ്ങളിൽ കുടുങ്ങിപ്പോയി. സിനിമാശാലകളിൽ അന്തിയുറങ്ങിപ്പോയി. ജീവിതം താറുമാറായിപ്പോയി. വേശ്യാലയങ്ങളിൽ ജീവിതം കഴിച്ചുകൂട്ടിപ്പോയി. ശരീര സൗഭാഗ്യങ്ങളെല്ലാം നശിപ്പിച്ചു കളഞ്ഞു.

എന്നാൽ തിരുവചനം കേൾക്കു പ്രിയരേ, യോവേൽ പ്രവാചകന്റെ പുസ്തകം രണ്ടാം അദ്ധ്യായം ഇരുപത്തി യഞ്ചാം വാക്യം പറയുന്നു.

"മഹാസൈന്യമായ വെട്ടുക്കിളിയും, വിട്ടിലും, തുള്ളനും, പച്ചപ്പുഴുവും, തിന്നുകളഞ്ഞ സംവത്സരങ്ങൾക്കുവേണ്ടി ഞാൻ നിങ്ങൾക്ക് പകരം നൽകും" എന്ന് സൈന്യങ്ങളുടെ ദൈവമായ യഹോവയുടെ അരുളപ്പാട്.

എല്ലാം നശിപ്പിച്ചെങ്കിലും ഇനിയും പകരം തരാമെന്ന് ദൈവം കല്പിക്കുന്നു.

ദൈവജനമേ, വിശ്വസിപ്പിൻ, ദൈവജനമേ, കരയുവിൻ, പാപ ത്തോട് യാത്രപറഞ്ഞുകൊണ്ട് നിലവിളിപ്പിൻ. ഇടിഞ്ഞുപോയ ദാവീദിന്റെ കൂടാരത്തെ വീണ്ടും ദൈവം പുതുക്കിപ്പണിയ ട്ടെ. നഷ്ടപ്പെട്ടുപോയ മുന്തിരിത്തോപ്പുകൾ വീണ്ടും പുതുക്കി അനുഗ്രഹത്തിന്റെ സമൃദ്ധിയുള്ള മുന്തിരിത്തോട്ടങ്ങളാ ക്കിത്തീർക്കട്ടെ. ഇനിയും നടട്ടെ. ഇനിയും വളരട്ടെ. ഇനിയും വിളവ് വർദ്ധിക്കട്ടെ. സ്വർഗ്ഗീയ സൗഭാഗ്യങ്ങൾ പകരട്ടെ. ജീവിതം മുഴുവൻ അനുഗൃഹീതമായിത്തീരട്ടെ.

ദൈവകരങ്ങളിലേയ്ക്ക് ഏല്പിക്കുവിൻ, പാപത്തോട് യാത്ര പറഞ്ഞ് പുതിയ ജീവിതം തുടങ്ങുവിൻ. വിശുദ്ധ ജീവിതം ആരംഭിപ്പിൻ ദൈവത്തോട് ഉള്ളുതുറന്ന് പറയുവിൻ.

നാഥാ, ഇന്നുമുതൽ ഞാൻ നിന്റെ വക. ഇന്നു മുതൽ ഞാനൊരു പുതിയ സൃഷ്ടി. ദൈവം നമ്മെ അനുഗ്രഹിക്ക ട്ടെ.